بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 17

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഏപ്രിൽ 26/ഹി:ശം:1397 ശഹാദത്ത് 26/ഹി:ഖ:1439 ശഅ്ബാൻ 9

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا
کُلُوۡا مِنۡ طَیِّبٰتِ مَا رَزَقۡنٰکُمۡ
وَاشۡکُرُوۡا لِلّٰہِ اِنۡ کُنۡتُمۡ اِیَّاہُ تَعۡبُدُوۡنَ

(سورۃ البقرۃ:173)

സത്യവിശ്വാസികളെ! നാം നിങ്ങൾക്ക് നല്കിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവിനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യു; അവനെതന്നെയാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ.

(2:173)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഈ റൊട്ടി നിനക്കുള്ളതും നിന്റെ കൂടെയുള്ള ദർവേശുമാർക്കുമുള്ളതാണെന്ന് മലക്ക് പറഞ്ഞതുപോലെ,
ഉദാരനായ അല്ലാഹു എനിക്കും എന്റെ കൂടെയുള്ള ദർവേശുമാർക്കും നിത്യവും തന്നിൽനിന്ന് ഈ സൽക്കാരം അയക്കുന്നു.
അവന്റെ നിത്യവുമുള്ള ഈ സൽക്കാരം നമുക്ക് ഒരു പുതിയ ദൃഷ്ടാന്തമാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 120:** ലാഹോറിലെ അഞ്ചുമൻ ഹിമായത്തെ ഇസ്ലാമിനെ കുറിച്ച് അല്ലാഹു എനിക്കുവേണ്ടി ഒരു അടയാളം വെളിപ്പെടുത്തി. ഈ അടയാളത്തിന്റെ ഒന്നാമത്തെ സാക്ഷി ബദ്ർ പത്രത്തിന്റെ എഡിറ്ററായ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബാണ്. അതുകൊണ്ട് അദ്ദേഹം സ്വന്തം കൈകൊണ്ടെഴുതിയ കത്ത് സാക്ഷ്യമെന്ന നിലയിൽ താഴെ രേഖപ്പെടുത്തുകയാണ്. അത് ഇതാണ്:

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ
نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ

ഹദ്റത്ത് അഖ്ദസ് മുർശിദിനാ വ മഹ്ദീനാ മസീഹ് മൗഊദ് വ മഹ്ദിയെ മഅ്ഹൂദ്

السلام علیکم ورحمۃ اللہ وبرکاتہٗ

ജനാബേ ആലി! എനിക്കെന്താണോ അറിയുന്നത് തിരുസന്നിധിയിൽ പറയുകയാണ്. അതെന്താണെന്നാൽ ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് 'ഉമ്മുഹാത്തുൽ മുഅ്മിനീൻ' എന്ന ഗ്രന്ഥം 1898 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ ലാഹോറിലെ അഞ്ചുമൻ ഹിമായത്തെ ഇസ്ലാമിന്റെ അംഗങ്ങൾ ഈ ഗ്രന്ഥം നിരോധിക്കണമെന്നും ഇത്തരം വൃത്തികെട്ട ഗ്രന്ഥം രചിച്ച ആളെ ചോദ്യം ചെയ്യണമെന്നും പറഞ്ഞ് സർക്കാറിൽ ഈ ലേഖനത്തിനെതിരെ പ്രമേയം അയച്ചിരുന്നു. ആ ദിനങ്ങളിൽ ഈ സാധു ലാഹോറിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ ഉദ്യോഗസ്ഥനായിരുന്നു. ഏതോ പരിപാടിയിൽ പങ്കെടക്കുന്നതിന് രണ്ടു നാലു ദിവസത്തേക്ക് ഞാൻ ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. ഹുദൂറിന്റെ തിരുസന്നിധിയിൽ അവരുടെ പ്രമേയത്തെകുറിച്ച് പറയപ്പെട്ടപ്പോൾ എനിക്കു നല്ലവണ്ണം ഓർമയുണ്ട് ഹുദൂർ ധാരാളമാളുകളോടൊപ്പം, അവരിൽ ഹദ്റത്ത് മൗലവി മുഹമ്മദ് അലി സാഹിബ് എം.ഏ യുമുണ്ടായിരുന്നു തോട്ടത്തിൽ നടക്കുന്നതിനായി പോകുകയായിരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അഞ്ചുമൻകാർ ചെയ്ത ഇക്കാര്യം ശരിയല്ല. ഈ പ്രമേയത്തെ നാം ശക്തമായി എതിർക്കുന്നു.'അങ്ങനെ പ്രമേയം എന്ന നിലയിൽ ഗവർമെണ്ടിന് അയച്ചിരുന്നതും വ്യക്തമായ നിലയിൽ 1898 മെയ് 4ന് പ്രസിദ്ധീകരച്ചതുമായ അങ്ങ് എതിർത്തുകൊണ്ടെഴുതിയ കത്തിനെ തുടർന്ന് അഞ്ചുമൻകാർ വളരെ ബഹളമുണ്ടാക്കുകയും പത്രങ്ങളിൽ ഹു ദൂറിന്നെതിരിൽ ലേഖനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ ദിനങ്ങളിൽ ഹുദൂർ വെളിയിൽ നടക്കുന്നതിനുവേണ്ടി പോയപ്പോൾ പറഞ്ഞു: 'നമുക്ക് ലാഹോറിലെ അഞ്ചുമൻ ഹിമായത്തെ ഇസ്ലാമിന്റെ ഈ നടപടിയെ സംബന്ധിച്ച് ഇൽഹാം ഉണ്ടായിരിക്കുന്നു: *സതദ്കുറൂന മാ അഖൂലു ലക്കും വ ഉഫവ്വിളു അംരീ ഇലല്ലാഹ്.'* അതിന്റെ തർജമയേയും പൊരുളിനേയും സംബന്ധിച്ച് "അടുത്തുതന്നെ അഞ്ചുമൻകാർ ഈ രീതി കൈക്കൊള്ളുന്നതിൽ പരാജയപ്പെടുമെന്നും എന്നാൽ, ഏതൊരു കാര്യമാണോ നാം സ്വീകരിച്ചത് അതായത് എതിരാളികളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുകയും അവർക്ക് മറുപടി കൊടുക്കുകയും ചെയ്യുക എന്ന കാര്യം അല്ലാഹുവിന് വിടുന്നുവെന്നും അതായത് അല്ലാഹു എന്റെ കാര്യത്തെ സംരക്ഷിക്കുന്നവനായിരിക്കുമെന്നും എന്നാൽ, അഞ്ചുമൻകാർ വിചാരിച്ച കാര്യം അതായത് 'ഉമ്മുഹാത്തുൽ മുഅ്മിനീൻ' എന്ന ഗ്രന്ഥ ത്തിന്റെ രചയിതാവിനെ ശിക്ഷകൊടുപ്പിക്കുക എന്നതിൽ അവർ ഒരിക്കലും വിജയിക്കുകയില്ലെന്നും മുമ്പേകൂട്ടി പറയപ്പെട്ടകാര്യം വാസ്തവത്തിൽ ശരിയായിരുന്നുവെന്ന് പിന്നീട് അവർക്ക് ഓർമവരുന്നതായിരിക്കുമെന്നും ഹുദൂർ പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. ഈ ഇൽഹാം കേട്ടതിനു ഒന്നുരണ്ടു ദിവസത്തിനുശേഷം ഞാൻ തിരിച്ച് ലാഹോറിൽപോയി.

സാധാരണപോലെ ലാഹോറിലെ ഗുംട്ടി ബാസാറിലുള്ള മസ്ജിദിൽ ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ ഈ സാധു എന്റെ ഖാദിയാൻ യാത്രയുടെ റിപ്പോർട്ട് കേൾപിക്കാറുണ്ടായിരുന്നു. അങ്ങനെ ഹുദൂറിന്റെ ഈ ഇൽഹാമും അതിന്റെ വ്യാഖ്യാനവും ഒരു വലിയ സംഘമാളുകളെ കേൾപിച്ചു. ഞാൻ അത് കേൾപ്പിച്ചതേയുള്ള ഒരാൾ, അഞ്ചുമന്റെ പ്രമേയം തള്ളപ്പെട്ടുവെന്നും ഉമ്മുഹാത്തുൽ മുഅ്മിനീന്റെ കർത്താവ് ഒരു ശിക്ഷയ്ക്കും വിധേയനല്ലെന്നും അറിയിച്ചുകൊണ്ടുള്ള വിവരം ലഫ്റ്റണന്റ് ഗവർണറിൽ നിന്ന് അഞ്ചുമന് കിട്ടിയിട്ടുണ്ടെന്നും അറിയിച്ചു. ഈ വിവരം ഹാജരായിരുന്ന എല്ലാവരുടേയും ഈമാൻ വർധിക്കുന്നതിന് നിമിത്തമായി. അല്ലാഹുവിന്റെ അത്ഭുതകരമായ പ്രവൃത്തികളിൽ എല്ലാവരും അവനെ വാഴ്ത്തി. *ഹുദൂറിന്റെ പാദുകത്തിന്റെ ദാസൻ, മുഹമ്മദ് സ്വാദിഖ് (എഴുതുന്നത്)*

**ദൃഷ്ടാന്തം 121:** 1905 ഏപ്രിൽ 4ന് ഭൂകമ്പമുണ്ടായ നേരത്ത് ഈ ഭൂകമ്പത്തിൽ ഇത് ഒതുങ്ങുകയില്ല ഇനിയും ഭൂകമ്പമുണ്ടാകുമെന്ന് അല്ലാഹുവിൽനിന്ന് എനിക്ക് വിവരം കിട്ടിയപ്പോൾ ഞാൻ നന്മ കരുതി കുടുംബത്തോടും ഭൂരിഭാഗം ജമാഅത്തിലെ ആളുകളോടുമൊപ്പം കൃഷിത്തോട്ടത്തിൽപോയി. അവിടെ ഒരു വലിയ മൈതാനത്ത് രണ്ടു വലിയ കൂടാരമടിച്ച് ഞങ്ങൾ താമസിച്ചു. ആ ദിനങ്ങളിൽ എന്റെ വീട്ടുകാരിയ്ക്ക് തീരെ സുഖമില്ലാതായി. പനിയുടെ ചൂട് കുറയുന്നുണ്ടായിരുന്നില്ല. നല്ല ചുമയുമുണ്ടായിരുന്നു. എന്റെ ആത്മാർഥ സ്നേഹിതൻ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ചികിത്സിച്ചിരുന്നു. എന്നാൽ, മാറ്റം തോന്നിയിരുന്നില്ല. വേണ്ടുംവിധം ഇരിക്കാനോ നടക്കാനോ ഒക്കാത്ത അവസ്ഥവരെയായി. കട്ടിലിൽ ഇരുത്തിക്കൊണ്ട് കൂടാരത്തിൽനിന്ന് വൈകുന്നേരം സ്ത്രീകൾ കൊണ്ടുപോകുകയും രാവിലെ കട്ടിലിൽ തോട്ടത്തിൽ കൊണ്ടുവരികയും ചെയ്തിരുന്നു. ദിനേന ശരീരം മെല്ലിച്ചുവന്നു. അവസാനം ഞാൻ വളരെ ശ്രദ്ധയോടെ ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി, *ഇന്ന മഇയ റബ്ബീ സയഹ്ദീൻ* അതായത് എന്റെ റബ്ബ് എന്നോടൊപ്പമുണ്ട്. രോഗമെന്താണെന്നും ചികിത്സയെന്താണെന്നും ഉടനെ അവൻ എന്നോടു പറയുന്നതാണ്. ഈ ഇൽഹാമുണ്ടായി കുറച്ചു മിനിറ്റുകൾക്കുശേഷംതന്നെ ഈ രോഗം കരളിനുണ്ടായ ചൂടു കാരണത്താലുണ്ടായതാണെന്നും 'കിതാബുൽ അസ്ഖാം' എന്ന ഗ്രന്ഥത്തിലെ കുറിപ്പടിയാണ് ഇതിന് ഫലപ്രദമെന്നും മനസ്സിൽ തോന്നിപ്പിച്ചു. ആ മരുന്നുണ്ടാക്കി. അത് ഗുളികയായിരുന്നു. മൂന്നോ നാലോ ഗുളിക തിന്നപ്പോൾത്തന്നെ 'അബ് ദുർറഹ്മാൻ എന്ന് പേരുള്ള ഒരാൾ ഞങ്ങളുടെ വീട്ടിൽ വരികയും അയാൾ നിന്നുകൊണ്ട് പനി മാറി എന്ന് പറയുകയും' ചെയ്യുന്നത് ഒരു ദിവസം സുബ്ഹിനേരത്ത് ഞാൻ സ്വപ്നംകണ്ടു. ഒരു ഭാഗത്ത് ആ സ്വപ്നം ഞാൻ കാണുകയും മറുഭാഗത്ത് ഞാൻ നാഡി നോക്കിയപ്പോൾ പനി അപ്പാടെ മാറിയതായി കാണുകയും ചെയ്തത് അല്ലാഹുവിന്റെ അത്ഭുതകരമായ ശക്തിപ്രഭാവമാണ്.

**ദൃഷ്ടാന്തം 122:** 30 വർഷത്തോളമായി, ഒരിക്കൽ കടപോലുള്ള ഒരു ഉയർന്ന തിണ്ണ ഞാൻ സ്വപ്നം കണ്ടു. അതിന് മച്ചും ഉണ്ടെന്നാണ് തോന്നുന്നത്. അതിൽ ഒരു സുന്ദരനായ കുട്ടി ഇരിക്കുന്നു. ഏകദേശം 7 വയസുവരും. അത് മലക്കാണെന്ന് എന്റെ മനസിൽ തോന്നിച്ചു. അവൻ എന്നെ വിളിച്ചു. അതല്ല ഞാൻ സ്വയം പോയതാണോ എന്ന് ഓർമയില്ല. പക്ഷേ, ഞാൻ അവന്റെ തിണ്ണയുടെ അടുത്തുപോയി നിന്നപ്പോൾ അവൻ എനിക്കൊരു മാർദവമേറിയതും തിളങ്ങുന്നതും വളരെ വലുതുമായ–നാലുറൊട്ടിയുടെ വലുപ്പമുള്ളതുമായ ഒരു റൊട്ടി തന്റെ കൈകൊണ്ടെടുത്ത് എനിക്കു തന്നു. എന്നിട്ടു പറഞ്ഞു, ഈ റൊട്ടി എടുത്തുകൊള്ളുക, ഇത് താങ്കൾക്കുള്ളതാണ്, താങ്കളോടൊപ്പമുള്ള ദർവേശുമാർക്കുമുള്ളതാണ്. 10 വർഷത്തിനുശേഷം ആ സ്വപ്നം പുലർന്നു. ആരെങ്കിലും ശുദ്ധഹൃദയത്തോടെ ഖാദിയാനിൽ വന്ന് താമസിച്ചാൽ മലക്കു എനിക്കുതന്ന അതേ റൊട്ടി രണ്ടുനേരം നമുക്ക് അദൃശ്യത്തിൽനിന്ന് കിട്ടുന്നുവെന്ന മനസ്സിലാകുന്നതാണ്. പല കുടുംബക്കാരും ഇവിടെ നിന്ന് രണ്ടുനേരം ഭക്ഷണം കഴിക്കുന്നു. പല അന്ധരും ഭിന്നശേഷിക്കാരും അഗതികളും ഈ ലങ്കർഖാനയിൽനിന്ന് രണ്ടു നേരം റൊട്ടി കൊണ്ടുപോകുന്നു. നാലുഭാഗത്തുനിന്നും അതിഥികൾ വരുന്നു. ശരാശരി റൊട്ടി കഴിക്കുന്നവരുടെ എണ്ണം ചില ദിനങ്ങളിൽ ഇരുന്നൂറും ചില ദിനങ്ങളിൽ മുന്നൂറും ചിലപ്പോൾ അതിൽ കൂടുതലമുണ്ടാകാറുണ്ട്. അവർ രണ്ടുനേരം ഇവിടെ നിന്ന് റൊട്ടി കഴിക്കുന്നു. ആതിഥ്യമരുളുന്നതിന്റെ മറ്റു ചെലവുകൾ വേറെയുമുണ്ട്. ശരാശരി ചെലവും വളരെ ചുരുങ്ങിയ നിലയിൽ നോക്കിയിൽ മാസം 1500 രൂപയാണ്; ഇതുകൂടാതെയും വിവിധ ചെലവുകളുണ്ട്. അല്ലാഹുവിന്റെ ഈ അത്ഭുത പ്രവൃത്തി കഴിഞ്ഞ 20 വർഷമായി ഞാൻ കണ്ടുകൊണ്ടിരിക്കുന്നു; അദൃശ്യത്തിൽനിന്ന് നമുക്ക് ഈ റൊട്ടി കിട്ടുന്നു. നാളെ എവിടെനിന്ന് കിട്ടുമെന്നറിയില്ല; പക്ഷേ, ഇന്നു കിട്ടുന്നുണ്ട്. ഞങ്ങൾക്ക് നിത്യേനയുള്ള റൊട്ടി തരേണമേ എന്നായിരുന്നു ഹദ്റത്ത് ഈസായുടെ ഹവാരീംകളുടെ ദുആ. എന്നാൽ, ഉദാരനായ അല്ലാഹു നാം ചോദിക്കാതെതന്നെ നിത്യവുമുള്ള റൊട്ടി നല്കുന്നു; ഈ റൊട്ടി താങ്കൾക്കുള്ളതാണ്, താങ്കളോടൊപ്പമുള്ള ദർവേശുമാർക്കുമുള്ളതാണ് എന്ന് മലക്ക് പറഞ്ഞതുപോലെ! ഇപ്രകാരം ഉദാരനായ അല്ലാഹു എനിക്കും എന്റെ കൂടെയുള്ള ദർ വേശുമാർക്കും നിത്യവും തന്നിൽനിന്ന് ഈ സൽക്കാരം അയക്കുന്നു. അവന്റെ നിത്യവുമുള്ള ഈ സൽക്കാരം നമുക്ക് ഒരു പുതിയ ദൃഷ്ടാന്തമാണ്.

**(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 287)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**

**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

**യൂ കെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ ഹുദൂറുമായി കൂടിക്കാഴ്ച. തുടർന്ന് വിശ്വാസം ദൃഢീകരിക്കുന്ന അവരുടെ അനുഭവ വിവരണം**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച)

സിയറ ലിയോണി(Sierra Leone)ലെ പാരാമൗണ്ട് ചീഫ് സുആഫാ മോങ്കാ ടാമൂ തന്റെ അഭിപ്രായം പ്രകടിപ്പിച്ചതിങ്ങനെയാണ്: 'മുഴുവൻ രാജ്യങ്ങളിൽനിന്നുമുള്ള വിവിധ വംശക്കാരേയും ഭാഷക്കാരേയും ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടി അഹ്മദിയ്യത്ത് സ്ഥാപിച്ചിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് എല്ലാവിധ വംശീയപക്ഷപാതിത്വത്തിൽ നിന്നും പരിശുദ്ധമാണെന്നാണ്. ഞാൻ ആദ്യതവണ ഖലീഫത്തുൽ മസീഹിനെ കണ്ടപ്പോൾ അതേസമയം, ഈ വ്യക്തി Champion of Peace ആണെന്നും സമാധാന സംസ്ഥാപനത്തിൽ നിരതനാണെന്നും തോന്നിയിരുന്നു. ഈ ജൽസയിൽ ആവർത്തിച്ച് പങ്കെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.'

- സിയറ ലിയോണി(Sierra Leone)ലെ ഒരു പാരാമൗണ്ട് ചീഫ് വാറാവർ എഗാല കസാല പറഞ്ഞു: 'ആദ്യമായാണ് എനിക്ക് ജൽസസാലാനയിൽ പങ്കെടുക്കാൻ അവസരം കിട്ടിയത്. മുമ്പേയും എനിക്ക് ജൽസസാലാനയിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയിരുന്നു. പക്ഷേ, സമയക്കുറവ് കാരണത്താൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പക്ഷേ, ഇവിടെത്തെ ജൽസസാലാനയുടെ അന്തരീക്ഷം കണ്ട്, ജൽസാസാലാനയിൽ ആദ്യം മുതലേ പങ്കെടുക്കേണ്ടതായിരുന്നുവെന്ന് എനിക്ക് ശക്തമായി തോന്നി. ജൽസയുടെ അന്തരീക്ഷത്തിൽ അച്ചടക്കവും സൽപെരുമാറ്റവുമെല്ലാം വ്യക്തമായും കാണാൻ കഴിയുന്നു. ഓരോ വ്യക്തിയും വംശീയമായ വകതിരിവൊന്നും കൂടാതെ പരസ്പരം സലാം പറയുന്നു. ഖലീഫത്തുൽ മസീഹിനെ കാണുമ്പോൾ അല്ലാഹു അദ്ദേഹത്തിന് പ്രത്യേകമായ അനുഗ്രഹങ്ങൾ നല്കിയിട്ടുണ്ടെന്ന് മനസ്സിലാകുന്നു. മണിക്കൂറുകളോളം പ്രസംഗങ്ങൾ ചെയ്തിട്ടും അദ്ദേഹത്തിന്റെ മുഖത്തെ പ്രസന്നത കണ്ട് അത്ഭുതം തോന്നുന്നു.'
- സിയറ ലിയോണി(Sierra Leone)ലെ ഒരു അതിഥി അബ്ദുൽ കഅ്ബ കാരഗോബെ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ജൽസാസാലാനയുടെ ഒരുക്കങ്ങൾ കണ്ട് ഞാൻ വല്ലാതെ ആകർഷിതനായിരിക്കുന്നു. ഞാനിവിടെ വരാതിരിക്കുകയും, ആരെങ്കിലും എന്നോട് മുപ്പത്തെഴായിരമാളുകൾ പങ്കെടുത്തുവെന്നും എന്നാൽ, അവിടെ ഒരുതരത്തിലുള്ള കുഴപ്പവും ഉണ്ടായില്ലെന്നും പറഞ്ഞാൽ ഞാൻ അത് ഒരുപക്ഷേ, വിശ്വസിക്കുകയില്ലായിരിക്കും. പക്ഷേ, ഇതെല്ലാം സ്വയം നേരിട്ട് കണ്ട് വളരെ അത്ഭുതപ്പെട്ടുപോയി; ഞാനാരേയും എന്തെങ്കിലും പരാതി പറയുന്നതായി കണ്ടില്ല. മുഴുവൻ ആളുകളും അങ്ങേയറ്റം വിനയത്തോടും എളിമയോടും കൂടി സേവനത്തിൽ നിരതരായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വ്യക്തിത്വമൊന്നു വേറെ തന്നെയാണ്. ഇത്രമാത്രം ആദരവും ബഹുമാനവുമുണ്ടായിട്ടും ഞാൻ അദ്ദേഹത്തെ വിനയം പ്രകടിപ്പിക്കുന്നതായാണ് കണ്ടത്. ഞാൻ സിയറ ലിയോണിൽ മടങ്ങിപ്പോകുന്നതിന് ടിക്കറ്റ് റിസർവ് ചെയ്തിരുന്നു. പക്ഷേ, ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്താമെന്നറിഞ്ഞപ്പോൾ ഞാൻ ടിക്കറ്റ് ക്യാൻസൽ ചെയ്തു. കാരണം ജീവിതം പ്രദാനം ചെയ്യുന്ന ഈ അവസരം നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.'

*സിയറ ലിയോണി(Sierra Leone)ൽനിന്നുള്ള ഒരു പാർലമെന്റംഗം Sallieu Osmas Sesayയും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഞാൻ ആദ്യമായാണ് ജമാഅത്തിന്റെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നത്. അഹ്മദിയ്യത്ത് കുഫ്റിന്റെ മറ്റൊരു പേരാണെന്നും ഇവർ ആളുകളെ ബ്രെയിൻവാഷ് ചെയ്യുന്നുവെന്നുമാണ് ആദ്യം ഞാൻ മനസ്സിലാക്കിയിരുന്നത്. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം അഹ്മദിയ്യത്തിനെ കുറിച്ചുള്ള എന്റെ അഭിപ്രായം തികച്ചും മാറിപ്പോയി. ഖലീഫത്തുൽ മസീഹിന്റെ വ്യക്തിത്വത്തിന്റെ ഉള്ളിൽ തുടിച്ചുകൊണ്ടിരിക്കുന്ന വിനയവും എളിമയും അതുല്യമാണ്. ആളുകൾ അദ്ദേഹത്തെ എത്രമാത്രം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഖലീഫത്തുൽ മസീഹ് ആഗ്രഹിക്കുകയാണെങ്കിൽ, ലണ്ടനിലെ ഏറ്റവും വിലപിടിപ്പുള്ള പ്രദേശത്ത് എല്ലാവിധ സൗകര്യങ്ങളോടുംകൂടി അദ്ദേഹത്തിന് താമസിക്കാൻ കഴിയും. പക്ഷേ, അദ്ദേഹം ഒരു സാധാരണ പ്രദേശത്ത് ഒരു സാധാരണ കെട്ടിടത്തിലാണ് താമസിക്കുന്നത്. ഖലീഫത്തുൽ മസീഹിനെ കണ്ട് പൂർണവിശ്വാസത്തോടുകൂടി എനിക്ക് പറയാൻ കഴിയും അദ്ദേഹത്തിന് എന്തു പ്രവൃത്തിയും ചെയ്യുവാൻ കഴിയുന്നതാണ്.'

* സിയറ ലിയോണി(Sierra Leone)ൽ നിന്നുള്ള മറ്റൊരു പാർലമെന്റംഗം Alie Kaloko സാഹിബും സിയറ ലിയോൺ സംഘത്തിൽ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. 'അഹ്മദിയ്യത്തുതന്നെയാണ് ഇസ്ലാമിന്റെ യഥാർഥ ചിത്രം. അഹ്മദി മുസ്ലിംകൾ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നത് സ്തുത്യർഹമായ കാര്യമാണ്. ഈയിടെയായി ഇസ്ലാമിന്റെ നാമം നാലുഭാഗത്തും ഭീകരവാദത്തോടൊപ്പമാണ് പ്രതിപാദിക്കപ്പെടുന്നത്. പക്ഷേ, അഹ്മദികൾ അത് തെറ്റാണെന്ന് സ്ഥാപിക്കുന്നു. ജൽസയുടെ ഏർപാടുകളെല്ലാം വളരെ ഭംഗിയായിരുന്നു. ചെറിയ ചെറിയ കുട്ടികളും ആളുകളെ സേവിക്കുന്നതിൽ വ്യാപൃതരായിരുന്നു. ഈ ദൃശ്യം ആത്മാവിന് കുളിർമ പകരുന്നതായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് സത്യമാണെന്ന് സ്ഥാപിക്കുന്നതിന് ആ ദൃശ്യംതന്നെ മതിയായതാണെന്ന് ഞാൻ കരുതുന്നു.'

സിയറ ലിയോൺ (Sierra Leone)സംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച 1.15 വരെ നീണ്ടുനിന്നു. കൂടിക്കാഴ്ചയ്ക്കുശേഷം സംഘത്തിലുള്ളവർ അവരവരുടെ ഊഴമനുസരിച്ച് ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

## മഡ്ഗാസകർ സംഘവുമായുള്ള കൂടിക്കാഴ്ച

അതിനുശേഷം ഹൂദൂർ തന്റെ ഓഫീസിലേക്കു പോയി. അവിടെ മഡ്ഗാസ്കറിൽനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

- മഡ്ഗാസ്കറിൽനിന്ന് മുൻനാഷണൽ പോലീസ് മിനിസ്റ്റർ Rakontondrazaka Arsena സാഹിബ് ജൽസയിൽ പങ്കെടുത്തു. അദ്ദേഹത്തിന് 2004 മുതൽ ജമാഅത്തുമായി അടുത്തബന്ധമുണ്ട്. ഒരുപാട് ജോലികളിൽ ഇദ്ദേഹത്തിന്റെ സഹായമുണ്ടായിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'ഞാൻ ഇവിടെ വന്നതിൽ വളരെ സന്തോഷിക്കുന്നു. മഡ്ഗാസ്കറിലും എനിക്ക് ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാൻ അവസരം കിട്ടി. ഞാൻ മിനിസ്റ്റർ നാഷണൽ പോലീസ് എന്ന നിലയിൽ ജമാഅത്തിന്റെ activities നോക്കിയിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്ത് മറ്റുള്ള മുസ്ലിംകളിൽനിന്ന് തികച്ചും വിഭിന്നമായ കക്ഷിയാണ്; സമാധാനപ്രിയരാണ്. ജമാഅത്ത് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാറില്ല. ഒരു കുഴപ്പവും ഉണ്ടാക്കാറില്ല. സ്നേഹത്തോടും പ്രീതിയോടും സാഹോദര്യത്തോടും കഴിയുന്നു. അതേ പാഠംതന്നെയാണ് നല്കുന്നതും. മറ്റുള്ളവർക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുന്നു. മഡ്ഗാസ്കറിൽ അഹ്മദിയ്യാ ജമാഅത്ത് വിവിധ രംഗങ്ങളിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ കണ്ണുകളുടെ ഓപ്പറേഷനുകളും സംഘടിപ്പിച്ചിരുന്നു.'
- അപ്പോൾ ഹുദൂർ പറഞ്ഞു: 'സഹായിക്കുകയും മനുഷ്യകുലത്തെ സേവിക്കുകയും ചെയ്യുക എന്നത് ഞങ്ങളുടെ ജോലിയാണ്. നിങ്ങൾ വിവിധ അവസരങ്ങളിൽ ജമാഅത്തിനെ സഹായിച്ചതിനും ജോലി ചെയ്യുന്നതിന് അവസരമുണ്ടാക്കിത്തന്നതിനും നന്ദി പറയുകയാണ്.' ജൽസയെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'മുഴുലോകത്തുനിന്നും മുപ്പതിനായിരത്തിലധികമാളുകൾ പങ്കെടുത്തിട്ടും ഒരുതരത്തിലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടായിട്ടില്ല എന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. മുഴുലോകത്തും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റെയും അതുല്യമായ ഉദാഹരണമാണ് ഞാൻ ഇവിടെ കണ്ടത്.

തുടരും




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ആദരണീയരായ സ്വഹാബ(റ) അജമഈൻ, നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ തെളിമയാർന്ന തെളിവാണ്. ആദരണീയരായ സ്വഹാബത്തിനെ ആദരിക്കാത്തവൻ ഒരിക്കലുമൊരിക്കലും നബി(സ) തിരുമേനിയെ ആദരിക്കുന്നവനല്ല. നബി(സ) തിരുമേനിയിൽനിന്ന് ഒരിക്കലും വേർപ്പെട്ടിട്ടില്ലാത്ത പരിശുദ്ധ ജമാഅത്തായിരുന്നു ആദരണീയരായ സ്വഹാബത്തിന്റേത്. അവിടത്തെ വഴിയിൽ ജീവൻ കൊടുക്കാൻ പോലും അവർ മടിച്ചിരുന്നില്ല; എന്നല്ല മടിച്ചിരുന്നില്ല. നബി(സ) തിരുമേനിയെ അനുസരിക്കുന്നതിന് അവർ എങ്ങനെയാണ് തങ്ങളെ നഷ്ടപ്പെടുത്തിയിരുന്നതെന്നാൽ, ആ മഹാത്മാവിനുവേണ്ടി എല്ലാ ബുദ്ധിമുട്ടുകളും വിപത്തുകളും വഹിക്കാൻ എപ്പോഴും തയ്യാറായിരുന്നു.**

**ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ വെക്കേണ്ട സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിമിന്റെ സ്ഥാനമാണിത്. നമ്മൾ സ്വഹാബത്തിന്റെ ജീവിതചരിത്രത്തെക്കുറിച്ച് വായിക്കുമ്പോഴും അവരുടെ കർമപരമായ മാതൃകയെക്കുറിച്ച് അറിവ് കരസ്ഥമാക്കുമ്പോഴുമാണ് അവരുടെ സുപ്രധാന സ്ഥാനം വ്യക്തമായി മുന്നിൽ വരുന്നത്. അവരുടെ ഈ സ്ഥാനം നമ്മെ അവരുടെ ജീവിതചര്യയും അവരുടെ ജീവിതമാതൃകയും അവരുടെ പ്രവൃത്തിയും അവരുടെ അനുസരണവും അവരുടെ ആരാധനയുടെ നിലവാരവും നമുക്ക് മാതൃകയാണെന്നതിലേക്ക് ശ്രദ്ധതിരിക്കുന്നതായിരിക്കേണ്ടതാണ്. നമ്മൾ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്.**

**നബി(സ)തിരുമേനിയുടെ സ്വഹാബത്തായ ഹദ്റത്ത് അബൂദുജാന അൻസ്വാരി, ഹദ്റത്ത് മുഹമ്മദ് ബിൻ മസ് ലമ, ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി, ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ, ഹദ്റത്ത് മുആദ്, ഹദ്റത്ത് മൗഊദ് രിള്വാനുല്ലാഹി അലയ്ഹിം അജ്മഈൻ എന്നവരുടെ സ്തുത്യർഹമായ സ്വഭാവങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ.**

**ഘാനയിലെ ബഹുമാന്യ അൽഹാജ് ഇസ്മാഈൽ ബികെ ആഡോ സാഹിബിന്റെ–അദ്ദേഹം ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ഉർദു ക്ലാസിൽ 'ബഡാ ബച്ച' എന്ന പേരിൽ പ്രശസ്തനായിരുന്നു– വേർപാടും പരേതനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 മാർച്ച്16/1397 അമാൻ 16**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ സ്വഹാബ രിള്വാനുല്ലഹി അലയ്ഹിമിന്റെ സ്ഥാനം വിവരിച്ചുകൊണ്ടു പറഞ്ഞു: "ആദരണീയരായ സ്വഹാബ(റ) അജമഈൻ, നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ തെളിമയാർന്ന തെളിവാണ്. ആരെങ്കിലും ആ തെളിവുകളെ നഷ്ടപ്പെടുത്തുകയാണെങ്കിൽ അവൻ നബി(സ)തിരുമേനിയുടെ നുബുവ്വത്തിനെ നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സ്വഹാബാക്കളെ വിലമതിക്കുന്നവനാണ് നബി(സ)തിരുമേനിയെ സത്യസന്ധമായി വിലമതിക്കുന്നവൻ." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആദരണീയരായ സ്വഹാബത്തിനെ ആദരിക്കാത്തവൻ ഒരിക്കലുമൊരിക്കലും നബി(സ) തിരുമേനിയെ ആദരിക്കുന്നവനല്ല. നബി(സ) തിരുമേനിയെ സ്നേഹിക്കുന്നുവെന്ന് അവൻ വാദിച്ചാലും അവൻ തന്റെ വാദത്തിൽ വ്യാജനാണ്. കാരണം നബി(സ) തിരുമേനിയോടു സ്നേഹവും സ്വഹാബത്തിനോടു ശത്രുതയും ഒരിക്കലുമൊരിക്കലുമുണ്ടാകുകയില്ല."(മൽഫൂദാത്ത് വാല്യം 6 പേജ് 278 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നബി(സ) തിരുമേനിയിൽനിന്ന് ഒരിക്കലും വേർപ്പെട്ടിട്ടില്ലാത്ത പരിശുദ്ധ ജമാഅത്തായിരുന്നു ആദരണീയരായ സ്വഹാബത്തിന്റേത്. അവിടത്തെ വഴിയിൽ ജീവൻ കൊടുക്കാൻപോലും അവർ മടിച്ചിരുന്നില്ല; എന്നല്ല മടിച്ചിരുന്നില്ല."

അവിടന്ന് പറയുന്നു: "നബി(സ) തിരുമേനിയെ അനുസരിക്കുന്നതിന് അവർ എങ്ങനെയാണ് തങ്ങളെ നഷ്ടപ്പെടുത്തിയിരുന്നതെന്നാൽ, ആ മഹാത്മാവിനുവേണ്ടി എല്ലാ ബുദ്ധിമുട്ടുകളും വിപത്തുകളും വഹിക്കാൻ എപ്പോഴും തയ്യാറായിരുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 277 1985 ലണ്ടൻ പതിപ്പ്)

ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ വെക്കേണ്ട സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിമിന്റെ സ്ഥാനമാണിത്. നമ്മൾ സ്വഹാബത്തിന്റെ ജീവിതചരിത്രത്തെക്കുറിച്ച് വായിക്കുമ്പോഴും അവരുടെ കർമപരമായ മാതൃകയെക്കുറിച്ച് അറിവ് കരസ്ഥമാക്കുമ്പോഴുമാണ് അവരുടെ സുപ്രധാന സ്ഥാനം വ്യക്തമായി മുന്നിൽ വരുന്നത്. അവരുടെ ഈ സ്ഥാനം നമ്മെ അവരുടെ ജീവിതചര്യയും അവരുടെ ജീവിതമാതൃകയും അവരുടെ പ്രവൃത്തിയും അവരുടെ അനുസരണവും അവരുടെ ആരാധനയുടെ നിലവാരവും നമുക്ക് മാതൃകയാണെന്നതിലേക്ക് ശ്രദ്ധതിരിക്കുന്നതായിരിക്കേണ്ടതാണ്. നമ്മൾ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. ഇപ്പോൾ ഞാൻ ചില സ്വഹാബാക്കളുടെ കുറച്ച് സംഭവങ്ങൾ വിവരിക്കുന്നതാണ്.

ഒരു സ്വഹാബിയാണ് അബൂ ദുജാന അൻസ്വാരി(റ). നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നതിനുമുമ്പേ അദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നു. മദീനാവാസിയായിരുന്നു. നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുക എന്ന ബഹുമതി അദ്ദേഹത്തിന് കരസ്ഥമാകുകയും അങ്ങേയറ്റം ധൈര്യത്തിന്റെ ശ്രേഷ്ഠത കാണിക്കുകയും ചെയ്തു. ഉഹുദ് യുദ്ധത്തിലും പങ്കെടുക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിന് കിട്ടി. യുദ്ധത്തിന്റെ ഗതിമാറിയതിനുശേഷം അതായത് മുസ്ലിംകൾ ആദ്യം ജയിച്ചുകൊണ്ടിരുന്നു. പിന്നീട് ഗതി മാറിമറിഞ്ഞു. ഒരു സ്ഥലം ഉപേക്ഷിച്ച കാരണത്താൽ അവിശ്വാസികൾ വീണ്ടും ആക്രമണം നടത്തുകയും മുസ്ലിംകൾ ഉദ്ദേശിച്ചതിന്റെ വിപരീത ഫലമുണ്ടാകുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനിയുടെ അടുത്തുണ്ടായിരുന്ന സ്വഹാബാക്കളിൽ അബൂദുജാനയുമുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ രക്ഷാകവചമായി നിന്ന കാരണത്താൽ അദ്ദേഹത്തിന് ഗുരുതരമായ പരിക്കേറ്റു. പക്ഷേ, പരിക്കേറ്റിട്ടും അദ്ദേഹം പിന്മാറിയില്ല. (സയ്റുസ്സ്വഹാബ വാല്യം 3 പേജ് 207 ഹദ്റത്ത് അബൂദുജാന അൻസ്വാരി(റ)ദാറുൽ ഇശാഅത്ത് കറാച്ചി 2004)

അദ്ദേഹത്തെക്കുറിച്ച് നിവേദനത്തിൽ ഇങ്ങനെ ഒരു സംഭവവും വന്നിരിക്കുന്നു. നബി(സ) തിരുമേനി സ്വന്തം വാളെടുത്ത് കാണിച്ചിട്ട് 'ഈ വാൾ അതിന്റെ കടമ പ്രകാരം ആർ സ്വീകരിക്കുമെന്ന് ഒരവസരത്തിൽ ചോദിച്ചു. അപ്പോൾ ഹദ്റത്ത് അബുദുജാന(റ) മുന്നോട്ടുചെന്ന് "അല്ലാഹുവിന്റെ ദൂതരേ! ഞാൻ അതിന്റെ കടമ പാലിച്ചുകൊള്ളാം, അതെനിക്ക് തന്നാലും" എന്നു പറഞ്ഞു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ വികാരാവേശംകണ്ട് അദ്ദേഹത്തിന്റെ കൈയിൽ വാൾ ഏൽപിച്ചു. പിന്നീട് അദ്ദേഹം വീണ്ടും ധൈര്യം അവലംബിച്ച് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! എന്താണ് ഈ വാളിന്റെ കടമ'? നബി(സ) തിരുമേനി പറഞ്ഞു: "ഈ വാൾ ഒരു മുസ്ലിമിന്റേയും രക്തമൊഴുക്കുകയില്ല. രണ്ടാമത്തേത് ഒരു അവിശ്വാസി ശത്രുവും ഇതിൽനിന്ന് രക്ഷപ്പെടാൻ പാടില്ല." (സ്വഹീഹ് മുസ്ലിം കിതാബു ഫളാഇലുസ്സ്വഹാബ ഹദീഥ് 6353) ഇസ്ലാമിനെതിരിൽ യുദ്ധം ചെയ്യുന്ന അവിശ്വാസിയായ ശത്രുവിന്നെതിരിൽ ഇതുപയോഗിക്കേണ്ടതാണ്. അദ്ദേഹം ഈ വാളുമായി ഞാനെന്ന ഭാവത്തിൽ ജിഹാദിന്റെ മൈതാനത്ത് വന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: സാധാരണ സ്ഥിതിയിൽ അല്ലാഹുവിന് ഇത്തരത്തിലുള്ള പ്രകടനം ഇഷ്ടമല്ല. പക്ഷേ, ഇന്ന് യുദ്ധമൈതാനിയിൽ അബൂദുജാനയുടെ ഞാൻ എന്ന ഭാവത്തിലുള്ള നടത്തം അല്ലാഹു വളരെ ഇഷ്ടപ്പെട്ടിരിക്കുന്നു." (അസദുൽഗാബ വാല്യം 6 പേജ് 93 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

യമാമ യുദ്ധത്തിൽ മുസയ്ലിമത്തുൽ കദ്ദാബിന്നെതിരിലുള്ള പോരാട്ടത്തിൽ അബൂദുജാന ശഹീദായി. ശത്രുക്കൾ കന്മതിലുകൊണ്ട് സുരക്ഷിതമായ ഒരു തോട്ടത്തിൽ കടന്നു താവളമുറപ്പിച്ച് മുസ്ലിംകളുടെമേൽ തുരുതുരെ കല്ലുകളും അമ്പുകളും വർഷിച്ചുകൊണ്ടിരുന്നു. ശത്രുസങ്കേതം എങ്ങനെ തകർക്കുമെന്നറിയാതെ എല്ലാവരും പകച്ചുനിന്നു. ഈ വിഷമഘട്ടത്തിലാണ് അബൂദജാന മരിക്കാൻ സന്നദ്ധനായി സ്വയം മുന്നോട്ടുവരുന്നത്. എന്നെ നിങ്ങൾ പൊക്കി തോട്ടത്തിലേക്ക് എറിയണം; വാതിൽ തുറക്കുന്ന കാര്യം ഞാനേറ്റു. അദ്ദേഹത്തെ അവർ അകത്തേക്കിട്ടപ്പോൾ അദ്ദേഹത്തിന്റെ കാല് ഒടിഞ്ഞു. അത് വകവെക്കാതെ വാളെടുത്ത് തലങ്ങും വിലങ്ങും വെട്ടി. ഇഴഞ്ഞുനീങ്ങി അദ്ദേഹം വാതിൽ തുറന്നു. ഇതോടെ മുസ്ലിം സൈന്യം തള്ളിക്കയറി. അത്ഭുതകരമായ തന്റേടവും പുരുഷത്വവുമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. പക്ഷേ, ആ അവസ്ഥയിൽ പോരാടി അദ്ദേഹം ശഹീദാകുകയായിരുന്നു. ഒരിക്കൽ കലശലായ രോഗം പിടിപ്പെട്ടു അബൂദുജാന കിടപ്പിലായപ്പോൾ സഹപ്രവർത്തകർ കാണാൻ ചെന്നു. അദ്ദേഹം അവരോടു പറഞ്ഞു. "എന്റെ പ്രവർത്തനങ്ങളിൽ രണ്ട് കാര്യത്തിൽ എനിക്ക് തികഞ്ഞ ആത്മസംതൃപ്തിയുണ്ട്. ഒന്ന്, എനിക്ക് ആവശ്യമില്ലാത്ത കാര്യങ്ങൾ ഞാൻ സംസാരിക്കാറില്ല. രണ്ട് മുസ്ലിംകളോടു കളങ്കമില്ലാത്ത ഒരു മനസ്സാണ് എനിക്കുള്ളത്."(അത്ത്വബ്ഖാത്തുൽ കുബ്റ ലി ഇബ്നി സഅ്ദ് വാല്യം 3 പേജ് 420 അബൂ ദുജാന ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമ(റ) ആദ്യകാല അൻസ്വാരീ മുസ്ലിംകളിൽപ്പെട്ടവരായിരുന്നു വലിയ ധീരനും നിർഭയനുമായിരുന്നു. ഉഹുദു യുദ്ധത്തിൽ മുഹമ്മദുബ്നു മസ്ലമയും ഉറച്ചപാദത്തോടുകൂടി നബി(സ)തിരുമേനിയോടൊത്ത് പോരാടിക്കൊണ്ടിരുന്നു. അദ്ദേഹത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അദ്ദേഹത്തെ കുറിച്ചുള്ള നബി(സ)തിരുമേനിയുടെ പ്രവചനം ഇപ്രകാരം പുലർന്നു. നബി(സ)തിരുമേനി ഒരു അവസരത്തിൽ അദ്ദേഹത്തിന് തന്റെ

വാൾ നല്കിക്കൊണ്ടു പറഞ്ഞു. "മുശ്‌രിക്കുകൾ യുദ്ധത്തിന് മുതിരുന്ന കാലമത്രയും അവരോടു ഇതു കൊണ്ട് പോരാടുക. മുസ്‌ലിംകൾ ചേരിതിരിഞ്ഞ് പരസ്പരം കലഹിക്കുന്നതു കണ്ടാൽ ഈ വാൾ പാറയിൽ തല്ലിപ്പൊട്ടിച്ച് ഒരു പാതകിയുടെ കൈയാൽ ജീവൻ ഒടുങ്ങുകയോ അലംഘ്യമായ മരണം പിടികൂടുകയോ ചെയ്യുന്നതുവരെ താങ്കൾ വീട്ടിൽ ഇരിക്കുക."

അദ്ദേഹം ഈ ഉപദേശമനുസരിച്ച് പ്രവർത്തിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ) വധിക്കപ്പെടുകയും കലാപം ആളിപ്പടരുകയും ചെയ്തപ്പോൾ മുഹമ്മദുബ്നു മസ്‌ലമ തന്റെ വാൾ വീട്ടുമുറ്റത്തെ ഒരു പാറയിൽ അടിച്ചു മുറിച്ചു. പകരം മരത്തിന്റെ ഒരു വാളുണ്ടാക്കി, വീട്ടിൽ അദ്ദേഹം തൂക്കിയിട്ടിരുന്നു. ഇതിനെപ്പറ്റി ചോദിച്ചപ്പോൾ ഭയപ്പെടുത്താനാണെന്നാണ് അദ്ദേഹം മറുപടി നല്കിയത്. ഇരുമ്പിന്റെ വാൾ വെക്കരുതെന്ന നബി(സ) തിരുമേനിയുടെ നിർദ്ദേശം ഞാൻ നിറവേറ്റി. വടികൊണ്ടുള്ള വാൾ ആർക്കും നഷ്ടം വരുത്തുകയില്ലല്ലോ? ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ വീരമൃത്യുവിനുശേഷം മുസ്‌ലിംകളിലുണ്ടായ കലാപം ബാധിക്കാതിരുന്ന ഒരേയൊരു വ്യക്തി മുഹമ്മദുബ്നു മസ്‌ലമ(റ) ആയിരുന്നുവെന്ന് ചില സ്വഹാബാക്കൾ പറയാറുണ്ടായിരുന്നു. അദ്ദേഹം ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതിന് ഒഴിഞ്ഞ സ്ഥലത്ത് താവളമടിക്കുകയും കലാപം അവസാനിക്കുന്നതുവരെ തന്റെ ഉദ്ദേശ്യം ഒഴിഞ്ഞ സ്ഥലത്ത് ജീവിക്കുകയാണെന്ന് പറയുകയും ചെയ്തു.(അത്ത്വബ്ഖാത്തുൽ കുബ് റ ലി ഇബ്നി സഅ്ദ് വാള്യം 3 പേജ്338–340 ഹദ്റത്ത് മുഹമ്മദുബ്നു മസ്‌ലമ(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മതത്തിനുമേൽ ആക്രമണമുണ്ടാകുമ്പോൾ യുദ്ധം ചെയ്തിരുന്നവരായിരുന്നു അവർ. കാരണം നബി(സ) തിരുമേനി പറഞ്ഞത് മുശ്‌രിക്കീങ്ങൾ മതത്തെ ഉന്മൂലനം ചെയ്യുന്നതിന് ആക്രമണം നടത്തുമ്പോൾ അവരുമായി പോരാടുക എന്നായിരുന്നു. മുസ്‌ലിംകൾ ഇതിൽ നിലകൊള്ളുവോളം അവരുടെ ശക്തിയും അങ്ങനെ നിലകൊണ്ടു; അവർ വിജയം വരിച്ചുകൊണ്ടിരുന്നു. അവർ പരസ്പരം പോരാടാൻ തുടങ്ങിയപ്പോൾ, കപടവിശ്വാസികൾ പറയുന്നതുകേട്ട് പരസ്പരം കഴുത്തു വെട്ടാൻ തുടങ്ങിയപ്പോൾ, ഭരണം നടന്നുകൊണ്ടിരുന്നുവെങ്കിലും ഐക്യം നിലനിന്നില്ല. പതുക്കെപ്പതുക്കെ ഭരണവും ക്ഷയിച്ചുതുടങ്ങി. ഇന്ന് നമ്മൾ കാണുന്നത് മുസ്‌ലിംകളുടെ പരസ്പരമുള്ള അഭിപ്രായഭിന്നതകൾ അതിന്റെ ഉച്ചിയിലെത്തിയിരിക്കുന്നതാണ്. നബി(സ) തിരുമേനിയുടെ പ്രവചനം, അന്ധകാര കാലഘട്ടത്തിനുശേഷം, വെളിച്ചത്തിന്റെ കാലം വരുമ്പോൾ, മസീഹ് മൗഊദിന്റെ കാലം വരുമ്പോൾ മസീഹ് മൗഊദിനെ വിശ്വസിക്കണം, ജമാഅത്തിനോടൊപ്പം ചേർന്നുനില്ക്കണം, അതിലാണ് ബർക്കത്ത് എന്നതും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഈ വരുന്ന ആളെ വിശ്വസിക്കാതെ മുസ്‌ലിംകൾ ഇന്ന് തങ്ങളുടെതന്നെ രാജ്യങ്ങളിൽ പരസ്പരം രക്തത്തിന് ദാഹിച്ചുകൊണ്ടിരിക്കുന്നതാണ് നമ്മൾ കാണുന്നത്. അതിന്റെ ഫലമായി, അമുസ്‌ലിം ലോകം പ്രാവർത്തികമായി മുസ്‌ലിംകളുടെമേൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുഹമ്മദുബ്നു മസ്‌ലമ അഭിപ്രായം പറയുന്നതിൽ അഗ്രഗണ്യനായിരുന്നതിനോടൊപ്പം അനുസരണശാലിയായിരുന്നതിനെ സംബന്ധിച്ചും സംഭവങ്ങൾ ലഭിക്കുന്നുണ്ട്. ഇക്കാരണത്താൽ ഖലീഫമാർ അദ്ദേഹത്തെ അത്യധികം വിശ്വസിച്ചിരുന്നു. പ്രത്യേകിച്ചും ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ തുടങ്ങിയവർ അദ്ദേഹത്തിന് ചില പ്രധാനപ്പെട്ട ചുമതലകൾ ഏല്പിച്ചിരുന്നു. ചില സുപ്രധാന സംഗതികൾ ഏല്പിച്ചിരുന്നു. ഹദ്റത്ത് ഉമർ(റ)ചില ഘട്ടങ്ങളിൽ വിവിധ ജോലികൾ ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരെ കുറിച്ച് പല നാടുകളിൽനിന്നും വരുന്ന പരാതികൾ അന്വേഷിക്കാൻ ഹദ്റത്ത് മുഹമ്മദുബ്നു മസ്‌ലമയെ നിയമിച്ച് അയക്കാറുണ്ടായിരുന്നു. (അത്ത്വബ്ഖാത്തുൽ കുബ്റ ലി ഇബ്നി സഅ്ദ് വാള്യം 3 പേജ് 47 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഒരു ആരംഭകാല സ്വഹാബിയായിരുന്നു ഹദ്റത്ത് അബൂ അയ്യൂബൽ അൻസ്വാരി(റ). നബി(സ) തിരുമേനിയുടെ കാലത്ത് മദീനയിൽ അതിഥിസൽക്കാരത്തിന് അവസരം കിട്ടിയ ഭാഗ്യവാനായിരുന്നു അദ്ദേഹം. നബി(സ) തിരുമേനി തന്റെ വീട്ടിൽ താമസിക്കണേ എന്നായിരുന്നു ഓരോരുത്തരുടേയും ആഗ്രഹം. നബി(സ) തിരുമേനിയോട് അഭിപ്രായം പ്രകടിപ്പിക്കുകയും അവിടത്തെ സന്നിധിയിൽ അവർ അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഒട്ടകത്തെ വിട്ടേക്കൂ, അതിന് കിട്ടിയ ശാസന അത് നിറവേറ്റും.' അബൂ അയ്യൂബ് അൻസ്വാരിയുടെ വീടിന്റെ മുമ്പിൽ ഒട്ടകം നിന്നുവെന്നത് അദ്ദേഹത്തിന്റെ ഭാഗ്യമായിരുന്നു. പക്ഷേ, ജനങ്ങൾക്ക് എന്നിട്ടും തൃപ്തി വന്നില്ല. തങ്ങളുടെ വീട് അടുത്താണെ ന്നും അവിടെ താമസിക്കണമെന്നും അവർ പറഞ്ഞു. അതുകേട്ടപ്പോൾ നബി(സ)തിരുമേനി കുറിയിട്ടു. കുറിയിലും ഹദ്റത്ത് അബൂ അയ്യൂബൽ അൻസ്വാരിയുടെ പേരുതന്നെയാണത് വീണത്.(അത്ത്വബ്ഖാത്തുൽ കുബ്റ ലി ഇബ്നി സഅ്ദ് വാള്യം 1 പേജ് 183 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അദ്ദേഹത്തിന്റെ വീട്ടിൽ നബി(സ)തിരുമേനി താമസിച്ചു. അത് ഇരുനില വീടായിരുന്നു. മുകളിലത്തെ നിലയിൽ അബൂ അയ്യൂബൽ അൻസ്വാരി താമസിച്ചിരുന്നു; താഴെ നബി(സ)തിരുമേനിയും. തണുപ്പുള്ള ഒരു രാത്രി ഒരു വലിയ കുടം പൊട്ടി. മണ്ണിന്റെ പാത്രമായിരുന്നു. അതിലാണ് വെള്ളം വെക്കാറുണ്ടായിരുന്നത്. ഇപ്പോഴും നമ്മൾ നമ്മുടെ മൂന്നാംനിര ലോകത്ത് ദരിദ്രരാഷ്ട്രങ്ങളിൽ പാക്കിസ്താനിൽ, ആഫ്രിക്കയിൽ അത്തരം പാത്രങ്ങളിൽ വെള്ളം വെക്കാറുണ്ട്. എന്തായാലും ആ പാത്രം പൊട്ടിപ്പോയി. അബൂ അയ്യൂബ് അൻ സ്വാരിയും അദ്ദേഹത്തിന്റെ ഭാര്യയും രാത്രി മുഴുവൻ തങ്ങളുടെ പുതപ്പുകൊണ്ട് വെള്ളം ഒപ്പിക്കൊണ്ടിരുന്നു. അടുത്തദിവസം നബി(സ)തിരുമേനിയുടെ സന്നിധിയിൽ അദ്ദേഹം രാത്രി നടന്ന സംഭവം പറഞ്ഞു; അങ്ങ് മുകളിൽ താമസിക്കാൻ അദ്ദേഹം അപേക്ഷിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ചു. ഏകദേശം ആറ്, ഏഴ് മാസം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചു. അതിഥിസൽക്കാരത്തിന്റെ കടമ ഭംഗിയായി നിറവേറ്റാൻ അദ്ദേഹം ശ്രമിച്ചു. നബി(സ) തിരുമേനി തിന്നതിനുശേഷം ബാക്കിയാകുന്ന ഭക്ഷണമായിരുന്നു ഇദ്ദേഹം കഴിച്ചിരുന്നത്. നിവേദനത്തിൽ എഴുതിയിരിക്കുന്നു. ബാക്കിയാകുന്ന ഭക്ഷണത്തിൽ നബി(സ) തിരുമേനിയുടെ വിരൽ പതിഞ്ഞ ഭാഗത്തുനിന്നായിരുന്നു ഇദ്ദേഹം തിന്നിരുന്നത്. ഒരു ദിവസം ബാക്കിവന്ന ഭക്ഷണത്തിൽ നബി(സ)തിരുമേനിയുടെ വിരൽപതിഞ്ഞ അടയാളം കണ്ടില്ല. ഭക്ഷണം കഴിച്ചുവെന്ന് തോന്നിയിരുന്നില്ല. നബി(സ)തിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു, 'അങ്ങ് ഇന്ന് ഭക്ഷണം കഴിച്ചിട്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ ഭക്ഷണം കഴിക്കാൻ തുടങ്ങിയപ്പോൾ അതിൽ ഉള്ളിയും വെളുത്തുള്ളിയും കൂടുതൽ ഇട്ടിരിക്കുന്നതു കണ്ടു. എനിക്കത് ഇഷ്ടമല്ല. അതുകൊണ്ട് കഴിച്ചില്ല.' ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരീ പറഞ്ഞു: 'ഹുദൂർ ഇഷ്ടപ്പെടാത്തത് ഞാനും ഇഷ്ടപ്പെടുന്നില്ല. ഇനി ഈ രണ്ടു വസ്തുക്കളും ഞാനും തിന്നുകയില്ല.' പ്രേമവായ്പിന്റേയും സ്നേഹത്തിന്റേയും അത്ഭുതകരമായ കഥകളാണിത്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 781 ഹദീഥ് 23966)

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു.(അത്ത്വബ്ഖാത്തുൽ കുബ്റ ലി ഇബ്നി സഅ്ദ് വാള്യം 3 പേജ് 369, ബാബ് അബൂ അയ്യൂബ് അൻസ്വാരി ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഖയ്ബർ യുദ്ധത്തിൽ വധിക്കപ്പെട്ട യഹൂദീ നേതാവിന്റെ മകൾ സ്വഫിയ, നബി(സ)തിരുമേനിയുടെ ഭാര്യാപദവിയിൽ വന്നു. വീടുകൂടിയതിന്റെ പിറ്റേദിവസം രാവിലെ നബി(സ)തിരുമേനി നമസ്കരിപ്പിക്കുന്നതിന് വെളിയിൽ വന്നപ്പോൾ അബൂഅയ്യൂബ് അൻസ്വാരി കാവൽ നില്ക്കുന്നതാണ് കണ്ടത്. കാവൽ നില്ക്കുന്നതിന്റെ കാരണമെന്താണെന്ന് അവിടന്ന് തിരക്കി. അദ്ദേഹം പറഞ്ഞു: "സ്വഫിയായുടെ ബന്ധുക്കൾക്ക് നമ്മുടെ കൈയാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കുറച്ചുപേർ വധിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് ആരെങ്കിലും ആക്രമിക്കുമോ എന്ന് ഞാൻ ചിന്തിച്ചു. ആരെങ്കിലും വന്ന് പകരംവീട്ടുമോ എന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ട് ഞാൻ കാവൽനി ല്ക്കാൻ വന്നതാണ്.' അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു: 'അല്ലാഹുവേ രാത്രിമുഴുവൻ എന്റെ സംരക്ഷണത്തിന് അദ്ദേഹം സന്നദ്ധനായിരുന്നതുപോലെ അബൂ അയ്യൂബിനെ എന്നെന്നും നിന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കേണമേ.'

ഹദ്റത്ത് അബൂ അയ്യൂബ് വൃദ്ധനായിരുന്നിട്ടും റോമക്കാരുമായുള്ള യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഖുസ്ത്വൻത്വുനിയ(Qustuntunia) അതായത് കോൺസ്റ്റാന്റിനോപ്പിളിനെ (Constantinople) സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പ്രവചനത്തിന്റെ പുലർച്ച കാണുന്നതിനുവേണ്ടിയാണ് അദ്ദേഹം പങ്കെടുത്തത്. അതിന്നിടയിൽ അദ്ദേഹം രോഗിയുമായി. അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'എല്ലാ മുസ്‌ലീംകൾക്കും എന്റെ സലാം പറയണം. ശത്രുക്കളുടെ പ്രദേശത്ത് എവിടെവരെ എന്നെ കൊണ്ടുപോകാൻ കഴിയുമോ അവിടെ എന്റെ ഖബ്ർ കുഴിക്കണം.' അങ്ങനെ രാത്രിയിൽ അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ജനാസ ശത്രുവിന്റെ ഭൂമിയിൽ കൊണ്ടുപോകാവുന്നത്ര കൊണ്ടുപോയി അവിടെ ഖബ്റടക്കി. അദ്ദേഹത്തിന്റെ ഖബ്ർ ഇന്നും തുർക്കിയിലുണ്ട്. കാണുന്നവർ പറയുന്നുമുണ്ട്. ആളുകൾ അദ്ദേഹത്തോടു ചോദിക്കുന്നുവെന്നുള്ള ചില ബിദ്അത്തുപരമായ നിവേദനങ്ങളുമുണ്ടാക്കിയിട്ടുണ്ട്. എന്തായാലും അദ്ദേഹത്തോടു ചോദിക്കാറില്ല. പക്ഷേ, അദ്ദേഹത്തിന്റെ ഖബ്റിൽ ചെയ്യപ്പെടുന്ന ദുആ സ്വീകരിക്കപ്പെടുന്നുണ്ട്.(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3 പേജ് 65, ഗസ്‌വ ഖയ്ബർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

പിന്നീട് ഇത് പല കഥകളായി രൂപാന്തരം പ്രാപിക്കാറുണ്ട്. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ സംരക്ഷണത്തിനും സമാധാനത്തിനും വേണ്ടി ദുആ ചെയ്തതിന്റെ ഫലമായി അദ്ദേഹം ധാരാളം യുദ്ധങ്ങളിൽ പങ്കെടുക്കുകയും എല്ലായിടത്തും വിജയിയായി വരികയും ദീർഘായുസ് പ്രാപിക്കുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)യെ നമുക്ക് നോക്കാം. അദ്ദേഹം അറേബ്യയിലെ പ്രതിഭാധനനായ പ്രശസ്ത കവിയായിരുന്നു. 'റസൂലിന്റെ കവി' എന്ന പദവിപ്പേരിലും അറിയപ്പെടുന്നു.(സീറത്തുസ്സ്വഹാബ വാള്യം 3 പേജ് 409 ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ബദ്ർ യുദ്ധം അവസാനിച്ചതിനുശേഷം വിജയവാർത്ത മദീനയിലെത്തിച്ചതും അദ്ദേഹമായിരുന്നു. (അത്ത്വബ്ഖാത്തുൽ കുബ്റ ലി ഇബ്നി സഅ്ദ് വാള്യം 3 പേജ് 368, ബാബ് അബ്ദുല്ലാഹിബ്നു റവാഹ(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)യുടെ നബി(സ)തിരുമേനിയോടുള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ധാർമികരോഷത്തിന്റേയും പ്രകടനത്തിന്റെ സംഭവങ്ങളുമുണ്ട്. ഒരു സ്ഥലത്ത് അതിങ്ങനെ ലഭിക്കുന്നു. ഹദ്റത്ത് ഉർവ(റ) നിവേദനം: ഹദ്റത്ത് ഉസാമത്തുബ്നു സയ്ദ് അദ്ദേഹത്തോടു പറഞ്ഞു. നബി(സ)തിരുമേനി ഒരു കഴുതപ്പുറത്ത് യാത്രപോയി. അതിന്റെമേൽ ജീനിയുണ്ടായിരുന്നു. അതിന്നടിയിൽ ഫദക് പ്രദേശത്തിന്റെ ചാദുർ ഉണ്ടായിരുന്നു. അവിടന്ന് തന്റെ പിന്നിൽ ഉസാമയെ ഇരുത്തിയിരുന്നു. അവിടന്ന് സയ്ദുബ്നു ഉബാദയുടെ രോഗവിവരം അറിയാൻ ബനൂഹാരിഥുബ്നു ഖസ്ര

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ജ് ഗോത്രത്തിൽപോയി. (ഇത് ബദ്ർ സംഭവത്തിനു മുമ്പേ ഉണ്ടായതാണ്). നബി(സ)തിരുമേനി മുസ്‌ലീംകളും മുശ്‌രിക്കുകളും യഹൂദികളും ഇടകലർന്നിരുന്ന ഒരു മസ്ജിദിന്റെ അടുത്തുടെ പോയി. അവരിൽ അബ്ദുല്ലാഹിബ്നു ഉബയ്യുമുണ്ടായിരുന്നു. ആ മജ്‌ലിസിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹയുമുണ്ടായിരുന്നു. മജ്‌ലിസിന് അടുത്തെത്തിയപ്പോൾ ഒട്ടകം കാരണത്താൽ അല്പം പൊടിപാറി. അബ്ദുല്ലാഹിബ്നു ഉബയ്യ് തന്റെ മൂക്കു തട്ടംകൊണ്ട് പൊത്തിക്കൊണ്ടു പറഞ്ഞു: 'ഞങ്ങളിൽ പൊടിപാറ്റരുത്.' നബി(സ) തിരുമേനി അദ്ദേഹത്തോടു അസ്സലാമു അലയ്ക്കും പറഞ്ഞു. അദ്ദേഹത്തെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തെ ഖുർആൻ കേൾപ്പിച്ചു. അബ്ദുല്ലാഹിബ്നു ഉബയ്യ് നബി(സ)തിരുമേനിയോടു പറഞ്ഞു, 'ഹേ മനുഷ്യാ! ഇതു നല്ല കാര്യമല്ല. താങ്കൾ പറയുന്നത് സത്യമാണെങ്കിലും ഞങ്ങളുടെ മജ്‌ലിസിൽ ഞങ്ങളെ ബുദ്ധിമുട്ടിക്കരുത്. താങ്കളുടെ സങ്കേതത്തിലേക്ക് മടങ്ങിപ്പോകുക. താങ്കൾക്കു കിട്ടിയിട്ടുള്ളത് അവർക്ക് വിവരിച്ചുകൊടക്കുക.' അപ്പോൾ അവിടെ ഉണ്ടായിരുന്ന ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഞങ്ങളുടെ മജ്‌ലിസിൽ വരിക. ഞങ്ങൾ അത് ഇഷ്ടപ്പെടുന്നു.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജിഹാദ് ഹദീഥ് 4659)

അയാൾ യുവനേതാവാണെന്നോ എന്താണ് പറയുന്നതെന്നോ അദ്ദേഹം നോക്കിയില്ല. ഇത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)യുടെ ധാർമികരോഷത്തിന്റേയും സ്നേഹത്തിന്റേയും അനിയന്ത്രിതമായ പ്രകടനമായിരുന്നു. അദ്ദേഹം ആ നേതാക്കന്മാരേയും സർദാർമാരേയും ഒട്ടുംതന്നെ വകവെച്ചില്ല.

ഹദ്റത്ത് ഇബ്നുഅബ്ബാസ്(റ)ന്റെ ഒരു നിവേദനമുണ്ട്. നബി(സ)തിരുമേനി ഒരു പ്രധാനസംഗതിക്കായി സ്വഹാബാക്കളെ അയച്ചു. അവരിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)യുമുണ്ടായിരുന്നു. അന്ന് ജുമുഅ ദിവസമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ)യെ കൂടാതെ മറ്റുള്ളവരെല്ലാം അതിരാവിലെ പുറപ്പെട്ടു. ജുമുഅ ഖുത്ബ കേട്ട് നബി(സ)തിരുമേനിയോടൊപ്പം നമസ്കരിച്ച് അവരുമായി താൻ ചേർന്നു കൊള്ളാമെന്ന് അദ്ദേഹം അവരോടു പറഞ്ഞു. അദ്ദേഹത്തെ നബി(സ)തിരുമേനി മസ്ജിദിൽ കണ്ടപ്പോൾ ജുമുഅ നമസ്കാരത്തിനുശേഷം ചോദിച്ചു: 'താങ്കളുടെ കൂട്ടുകാരോടൊപ്പം പോകുന്നതിൽനിന്ന് താങ്കളെ എന്തുകാര്യമാണ് തടഞ്ഞത്?' അദ്ദേഹം പറഞ്ഞു, 'അല്ലഹുവിന്റെ റസൂലേ! അങ്ങയോടൊപ്പം ജുമുഅ നമസ്കാരത്തിൽ പങ്കെടുത്ത് ഖുത്ബ കേൾക്കുകയും പിന്നാലെ ചെന്ന് അവരോടൊപ്പം ചേരുകയും ചെയ്യാമെന്നുള്ളത് എന്റെ അതിരറ്റ ആശയും ആഗ്രഹവുമായിരുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'ഭൂമിയിലെന്തൊക്കെയുണ്ടോ അതെല്ലാം തന്നെയും താങ്കൾ ചെലവഴിച്ചാലും നിർദേശമനുസരിച്ച് ഇവിടെ നിർബന്ധമായിട്ടുള്ളത് അനുസരണമാണ്; അത് നിർബന്ധകടമയാണ്.ആരാണോനിർദേശമനുസരിച്ച്അതിരാവിലെ പുറപ്പെട്ടത് അവർ നേടിയ പ്രതിഫലവും പുണ്യവും താങ്കൾ ഒരിക്കലും പ്രാപിക്കുകയില്ല.'(സുനനുത്തുർമുദി അബ്‌വാബുൽ ജുമുഅ ഹദീഥ് 527)

ഇവിടെ അനുസരണമാണ്. അനുസരണം നിർബന്ധകടമയാണ്. അതിനുശേഷം നിവേദനത്തിൽ വരുന്നു, ഏതെങ്കിലും യുദ്ധത്തിനോ പ്രത്യേകസംഗതിക്കോ പോകേണ്ടിവന്നാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) ഏറ്റവുമാദ്യം ആ സംഘത്തിൽ പോകുകയും ഏറ്റവും അവസാനം മദീനയിൽ തിരിച്ചെത്തുകയും ചെയ്യുമായിരുന്നു.(അസദുൽഗാബ വാല്യം 3 പേജ് 236 അബ്ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉർവത്തുബ്നു സുബയ്ർ(റ) നിവേദനം. നബി(സ) തിരുമേനി മുഅ്ത്ത യുദ്ധത്തിൽ ഹദ്റത്ത് സയ്ദുബ്നു ഹാരിഥയെ(റ) സൈന്യത്തിന്റെ സർദാറാക്കി. എന്നിട്ടു പറഞ്ഞു: 'ഇദ്ദേഹം ശഹീദായാൽ ജഅ്ഫറുബ്നു അബീത്വാലിബ് സൈന്യത്തിന്റെ അമീറായിരിക്കും. അദ്ദേഹവും ശഹീദായാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) നേതൃത്വം കൈയേൽക്കുന്നതാണ്. ഹദ്റത്ത് അബ്ദുല്ലായും ശഹീദായാൽ മുസ്‌ലീംകൾ ആരെയാണോ ആഗ്രഹിക്കുന്നത് അയാളെ തങ്ങളുടെ സർദാറാക്കിക്കൊള്ളുക. അങ്ങനെ ആ സൈന്യം പുറപ്പെടാനുള്ള സമയം വന്നെത്തി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) കരയാൻ തുടങ്ങി. എന്തിനാണ് കരയുന്നതെന്ന് ആളുകൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! എനിക്കു ദുൻയാവിനോടു ഒരു സ്നേഹവുമില്ല. അതിനോടു ഒരു താൽപര്യവുമില്ല. പക്ഷേ, ഞാൻ *വ ഇൻ മിൻകും ഇല്ലാ വാരിദുഹാ കാന അലാ റബ്ബിക്ക ഹത്മൻ മഖ്ളിയ്യാ*(നിങ്ങളിൽ ആരുംതന്നെ അതിന്റെ അരികിൽ വരുന്നവരായിട്ടല്ലാതെ ഇല്ല. ഇത് നിന്റെ നാഥന്റെ നിർബന്ധമായി വിധിക്കപ്പെട്ട ഒരു ബാധ്യതയാണ്)(19:72)എന്ന ആയത്തിനെ കുറിച്ച്, എല്ലാ ഓരോ വ്യക്തിക്കും ഒരിക്കൽ തീർച്ചയായും അഗ്നി കാണേണ്ടിവരുമെന്ന് നബി(സ) തിരുമേനി പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. സിറാത്തുപാലത്തിൽ കയറിയതിനുശേഷം അത് മറി കടക്കുമ്പോൾ എന്റെ അവസ്ഥ എന്തായിരിക്കുമെന്ന് എനിക്കറിയില്ല.(അസദുൽഗാബ വാല്യം 3 പേജ് 237 അബ്ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

പക്ഷേ, അല്ലാഹുവിനെ ഭയപ്പെടുന്നവരെ സം ബന്ധിച്ച് നബി(സ)തിരുമേനി ഉത്തമമായ പര്യവസാനമായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെ കുറിച്ചും വിവരം ലഭിക്കുന്നുണ്ട്. മുഅ്ത്ത യുദ്ധത്തിലെ സൈന്യത്തിന്റെ അമീറുമാരെ കുറിച്ച് അവർ സ്വർഗത്തിൽ സ്വർണപീഠത്തിലിരിക്കുന്നത് താൻ കണ്ടുവെന്ന് നബി(സ)തിരുമേനി പറഞ്ഞു.(അസദുൽഗാബ വാല്യം 3 പേജ് 238 അബ്ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

അതിനാൽ ഇക്കൂട്ടർ തങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നവരായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്ത് വരിക്കാനുള്ള അത്യധികമായ വികാരം അദ്ദേഹത്തിന്റെ ഒരു കവിതയിൽനിന്ന് ഇങ്ങനെ പ്രകടമാകുന്നുണ്ട്: അതിന്റെ അർഥമിതാണ്, 'എന്റെ കുടലുകളിലൂടെ കടന്ന് കരൾ ഭേദിച്ചുപോകുംവിധമുള്ള അമ്പോ കുന്തമോ എന്നിൽ കൊള്ളട്ടെ! അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്റെ ശഹാദത്ത് സ്വീകരിക്കപ്പെട്ടു മാറാകട്ടെ. ആളുകൾ എന്റെ ഖബ്റിലൂടെ കടന്നുപോകുമ്പോൾ, അല്ലാഹു ഇയാൾക്ക് നന്മ വരുത്തട്ടെ എന്നും എത്ര മഹാനായ യോദ്ധാവായിരുന്നുവെന്നും പറയണം.' മുഅ്ത്ത യുദ്ധത്തിൽ ഇദ്ദേഹം ശഹീദായി. അതിന്റെ കുറച്ചു വിശദീകരണം ഇങ്ങനെയാണ്. മുഅ്ത്ത എന്ന സ്ഥലത്തെത്തിയപ്പോഴാണ് എതിരാളികൾ മുസ്‌ലിംകൾക്കെതിരിൽ റോം രാജാവായ ഹിർക്കലിനോടു സഹായം തേടിയിരിക്കുന്നുവെന്നറിഞ്ഞത്. അയാൾ 2 ലക്ഷം പേരടങ്ങുന്ന സൈന്യം മുസ്‌ലിംകളെ നേരിടാൻ അയച്ചുകൊടുത്തിരുന്നു. അപ്പോൾ മുസ്‌ലിം സൈന്യങ്ങളുടെ അമീറുമാർ കൂടിയാലോചിച്ചു; ശത്രുക്കളുടെ എണ്ണം വളരെക്കൂടുതലാണെന്നും അതുകൊണ്ട് സഹായം അയക്കണമെന്നും അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ അഭിപ്രായമെന്താണോ അതനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കുമെന്നുള്ള വിവരം നബി(സ) തിരുമേനിയെ അറിയിക്കാൻ തീരുമാനിച്ചു. ആ അവസരത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ മുസ്‌ലിംകളുടെ ആവേശം വർധിപ്പിച്ചു. അദ്ദേഹത്തിന്റെ യുദ്ധത്തെ സംബന്ധിച്ചുള്ള കവിതകളും ഏറെ പ്രയോജനപ്പെട്ടു. മുസ്‌ലിംകളുടെ മൂവായിരം പേരടങ്ങുന്ന സൈന്യം, രണ്ടു ലക്ഷം പേരടങ്ങുന്ന സൈന്യത്തിനെതിരെ തനിച്ചു മുന്നോട്ടു നീങ്ങി. ഹദ്റത്ത് അബ്ദുല്ലാഹിബുനു റവാഹയുടെ ശഹാദത്ത് വരിക്കണമെന്നുള്ള ആഗ്രഹത്തെക്കുറിച്ചു ഹദ്റത്ത് സയ്ദുബ്നു അർഖം(റ) ഇങ്ങനെ വിവരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ എന്നെ തന്റെ ഒട്ടകത്തിനെ പിന്നിലിരുത്തി മുഅ്ത്ത യുദ്ധത്തിൽ കൂടെക്കൊണ്ടു പോയി. സയ്ദുബ്നു അർഖമിനെ, അബ്ദുല്ലാഹിബ്നു റവാഹ ഒരു യത്തീം കുട്ടി എന്ന നിലയിൽ എടുത്തു വളർത്തുകയും ശിക്ഷണം നൽകുകയും ചെയ്തിരുന്നു. സയ്ദുബ്നു അർഖം പറയുന്നു: ഒരു രാത്രി ഞാൻ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ ഈ കവിത ചൊല്ലുന്നതായി കേട്ടു. അതിൽ തന്റെ കുടുംബത്തെ ഓർത്തുകൊണ്ട് ഇനി ഞാൻ ഒരിക്കലും മടങ്ങി വീട്ടിൽ പോകുകയില്ല എന്നും പറഞ്ഞിരുന്നു. വളരെ ആനന്ദ ലഹരിയിൽ ആ കവിത മൂളിപ്പാടുകയായിരുന്നു. അതിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ തന്റെ ഭാര്യയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ജിഹാദിനു പോകാനായി നീ എന്റെ ഒട്ടകത്തിന്റെ ജീനി വ്യാഴാഴ്ച വൈകുന്നേരം ശരിയാക്കുകയായിരുന്നപ്പോൾ, അവസാനം നീ എന്റെ ചാരത്തു വന്നപ്പോൾ, നിന്റെ ആ അവസ്ഥ എത്ര മാത്രം ഉൽകൃഷ്ടവും അനുഗൃഹീതവുമായിരുന്നു. നിന്നിൽ ഒരു ന്യൂനതയോ ദോഷമോ ഒന്നുമില്ല. എന്നാൽ, ഇപ്പോൾ ഞാൻ ഈ യുദ്ധമൈതാനത്ത് വന്നു കഴിഞ്ഞിരിക്കുന്നു. ഇതിൽനിന്ന് ഞാൻ നിന്നിലേക്ക് ഒരിക്കലും മടങ്ങിവരികയില്ല.' കുടുംബക്കാരോടു അദൃശ്യത്തിലുള്ള അദ്ദേഹത്തിന്റെ വിട പറയലായിരുന്നു അത്. പ്രായം കുറഞ്ഞ സയ്ദ് ഇതു കേട്ട് ദു:ഖിതനായി കരയാൻ തുടങ്ങി. ഹദ്റത്ത് അബ്ദുല്ലാഹ് അവനെ വഴക്കു പറഞ്ഞു: 'അറിവില്ലാത്തവനേ! അല്ലാഹു എനിക്ക് ശഹാദത്ത് പ്രദാനം ചെയ്യുകയാണെങ്കിൽ നിനക്ക് അതുകൊണ്ട് എന്തു നഷ്ടമാണുള്ളത്, എന്നല്ല നീ എന്റെ ഒട്ടകത്തെ എടുത്തുകൊണ്ട് ഒറ്റയ്ക്ക് സുഖമായി അതിലിരുന്നു മടങ്ങിപ്പോകുന്നതായിരിക്കും.' (അസദുൽഗാബ വാല്യം 3 പേജ് 236–237 അബ്ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

യുദ്ധമൈതാനത്ത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) തന്റെ ധീരതയുടെ കഴിവ് നല്ലവണ്ണം കാണിച്ചു. ഹദ്റത്ത് നുഅ്മാനുബ്നു ബശീർ പറയുന്നു: ഹദ്റത്ത് ജഅ്ഫർ വീരമൃത്യു വരിച്ചപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) സൈന്യത്തിന്റെ ഒരു വശത്തായിരുന്നു. ആളുകൾ അദ്ദേഹത്തെ വിളിച്ചപ്പോൾ അദ്ദേഹം സ്വയം തന്നെ സംബോധന ചെയ്തു പ്രാസബദ്ധമായ യുദ്ധഗാനം പാടിക്കൊണ്ട് മുന്നോട്ട് കുതിച്ചു. അതിന്റെ അർഥം ഇപ്രകാരമാണ്: 'എന്റെ ആത്മാവേ! ജീവൻ അർപ്പണം ചെയ്യുമാറ് നീ യുദ്ധം ചെയ്യുകയില്ലേ! മരണത്തിന്റെ സരോവരത്തിൽ നീ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. ശഹാദത്തു വരിക്കണമെന്നുള്ള നിന്റെ ആഗ്രഹപൂർത്തികരണത്തിന്റെ സമയം വന്നെത്തികഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ജീവൻ കാണിക്ക വെക്കുകയാണെങ്കിൽ ഒരുപക്ഷേ, നല്ല പര്യവസാനമായിരിക്കും.' മുസ്അബുബ്നു ശീബ പറയുന്നു: 'ഹദ്റത്ത് സയ്ദും ഹദ്റത്ത് ജഅ്ഫറും വീരമൃത്യു വരിച്ചപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ യുദ്ധമൈതാനത്ത് മുന്നിൽ വന്നു. അദ്ദേഹത്തിനു കുന്തത്തിന്റെ കുത്തേറ്റപ്പോൾ രക്തത്തിന്റെ ഒരു പ്രവാഹം ശരീരത്തിൽ നിന്നു പുറപ്പെട്ടു. അദ്ദേഹം തന്റെ കൈ മുന്നോട്ടു നീട്ടുകയും രക്തം കൈയിലെടുത്തു മുഖത്ത് തേക്കുകയും ചെയ്തു. അദ്ദേഹം ശത്രുവിന്റേയും മുസ്‌ലിംകളുടേയും അണികൾക്കിടയിൽ വീണു. എന്നാൽ, അവസാന ശ്വാസംവരെ സൈന്യത്തലവൻ എന്ന നിലയിൽ മുസ്‌ലിംകൾക്ക് ആവേശം പകർന്നു കൊണ്ടിരുന്നു. അങ്ങേയറ്റം ആകർഷണീയമായ വികാരത്താൽ 'മുസ്‌ലിംകളെ നോക്കുക! നിങ്ങളുടെ സഹോദരന്റെ മൃതശരീരം ശത്രുക്കളുടെ മുമ്പിൽ കിടക്കുന്നു. മുന്നോട്ടു കുതിക്കുക. നിങ്ങളുടെ ഈ സഹോദരന്റെ വഴിയിൽ നിന്നു ശത്രുക്കളെ അകറ്റുക; ഉടനെ ഒഴിപ്പിക്കുക.' അങ്ങനെ മുസ്‌ലിംകൾ ആ അവസരത്തിൽ വളരെ ശക്തിയോടുകൂടി അവിശ്വാസികളുടെ മേൽ ആക്രമണം നടത്തി. അവർ തുടരെത്തുടരെ

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിആ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ആക്രമിച്ചുകൊണ്ടിരുന്നു. അതിന്നിടയിൽ ഹദ്റത്ത് അബ്ദുല്ലാഹ്(റ) വീരമൃത്യു വരിക്കുകയും ചെയ്തു. (അസദുൽഗാബ വാല്യം 3 പേജ് 237–238 അബ്ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയെക്കുറിച്ച് ഭാര്യ പറഞ്ഞു: അദ്ദേഹത്തിന്റെ ശഹാദത്തിനു ശേഷം അദ്ദേഹത്തിന്റെ വിധവയുടെ വിവാഹം നടന്നു. അപ്പോൾ ആ ഭർത്താവ് പറഞ്ഞു: അബ്ദുല്ലാഹിബ്നു റവാഹയുടെ പരിശുദ്ധജീവിതത്തെക്കുറിച്ച് എനിക്കെന്തെങ്കിലും പറഞ്ഞു തരിക; ആ സ്ത്രീ എത്ര മനോഹരമായ സാക്ഷ്യമാണ് നല്കിയത്. അവർ പറഞ്ഞു: ഹദ്റത്ത് അബ്ദുല്ലാഹിബുനു റവാഹ രണ്ട് റക്അത്ത് നഫൽ നമസ്കരിക്കാതെ ഒരിക്കലും വീടിനു വെളിയിൽ പോകാറുണ്ടായിരുന്നില്ല. ഇപ്രകാരം തന്നെ വീട്ടിൽ പ്രവേശിച്ചാലുടൻ ആദ്യത്തെ ജോലി വുളു ചെയ്തു രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കുക എന്നതായിരുന്നു. അവർ അല്ലാഹുവിനെ എല്ലാ അവസ്ഥയിലും എല്ലാ നേരത്തും സ്മരിക്കുന്നവരായിരുന്നു. അദ്ദേഹത്തിന്റെ അനുസരണ നിലവാരത്തെ കുറിച്ച് ഒരു സംഭവം ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബൂലയ്ലാ(റ) വിവരിക്കുന്നു: ഒരിക്കൽ നബി(സ)തിരുമേനി ഖുത്ബ നല്കിക്കൊണ്ടിരിക്കുകയായിരുന്നു. ഖുത്ബയ്ക്കിടയിൽ 'ഇരിക്കുക' എന്ന് അവിടന്ന് പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ(റ) മസ്ജിദിനു വെളിയിൽനിന്ന് ഖുത്ബ കേൾക്കാൻ വരികയായിരുന്നു. കേട്ടപാടെ അദ്ദേഹം അവിടെ ഇരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: '*സാദക്കല്ലാഹു ഹിർസ്വൻ അലാ ത്വവാഇയത്തില്ലാഹി വ ത്വവാഇയത്തി റസൂലിഹീ അബ്ദുല്ലാഹിബ്നു റവാഹാ*! അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുക എന്ന നിന്റെ വികാരം അല്ലാഹു ഇനിയും വർധിപ്പിച്ചു തരുമാറാകട്ടെ.'

ദീനീപരമായ കാര്യങ്ങൾ സംസാരിക്കുക, ദീനീപരമായ സഭകൾ ചേരുക, ഉത്തമലക്ഷ്യത്തോടുകൂടി സംഭാഷണം നടത്തുക, പരസ്പരം കടമകൾ നിറവേറ്റുക തുടങ്ങിയ കാര്യങ്ങളിൽ അവരുടെ നിലവാരമെന്തായിരുന്നു? ഹദ്റത്ത് അബൂദ്ദർദാഅ്(റ) വിവരിക്കുന്നു: "ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹയെ വിസ്മരിക്കുന്ന ഒരു ദിവസംപോലും വരുന്നതിൽനിന്ന് ഞാൻ അല്ലാഹുവിനോടു അഭയം തേടുന്നു. എല്ലാ ദിവസവും ഞാൻ അദ്ദേഹത്തെ ഓർക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹയെ ഞാൻ കണ്ടുമുട്ടുമ്പോഴെല്ലാം അദ്ദേഹം പിന്നിൽനിന്നാണ് വരുന്നതെങ്കിൽ തന്റെ കൈ എന്റെ തോളിൽവെക്കുമായിരുന്നു, മുന്നിലൂടെയാണ് വരുന്നതെങ്കിൽ എന്റെ നെഞ്ചിൽ കൈവെക്കുമായിരുന്നു, എന്നിട്ട് പറയും: 'അബൂദ്ദർദാ! വരൂ, അല്പം കൂടിച്ചേർന്നിരിക്കുകയും ഈമാൻ പുതുക്കുകയും ചെയ്യാം. ഈമാനിന്റെ എന്തെങ്കിലും കാര്യങ്ങൾ പറയുക.' പിന്നീട് എന്നോടൊപ്പമിരിക്കുകയും അവസരം കിട്ടുവോളം അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യും. എന്നിട്ട് പറയും: 'അബൂദ്ദർദാ! ഇത് ഈമാനിന്റെ സഭകളാണ്.'(അസദുൽഗാബ വാല്യം 3 പേജ് 236 അബ് ദുല്ലാഹിബ്നു റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഈ ഈമാനിന്റെ സഭകൾ സംഘടിപ്പിച്ചിരുന്നവർ എങ്ങനെയുള്ള മാതൃകകളാണ് സ്ഥാപിച്ചിരുന്നതെന്നാൽ അത് നമുക്ക് മാതൃകയാണ്.

നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കാര്യങ്ങൾക്കും മജ്ലിസുകൾക്കും എന്തംഗീകാരമാണ് നല്കിയിരുന്നത്? ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: "ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ എപ്പോൾ ഏതു സ്വഹാബിയെ കണ്ടാലും തആൽ നുഅ്മിനു ബിറബ്ബിനാ സാഅത്തൻ വരിക! അല്പസമയം നമുക്ക് നമ്മുടെ റബ്ബിൽ വിശ്വസിക്കാം എന്ന് പറയും. ഇത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഒരു ദിവസം അദ്ദേഹം ഇതേ കാര്യം ഒരാളോടു പറഞ്ഞു. അപ്പോൾ അയാൾ ദ്വേഷപ്പെട്ടു. നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇബ്നു റവാഹായെ നോക്കുക, അയാൾ അങ്ങയിൽ വിശ്വസിക്കുന്നതിൽനിന്ന് ജനങ്ങളെ തിരിച്ച് അല്പ സമയത്തിന് ഈമാനിലേക്ക് വിളിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: യർഹമുല്ലാഹുബ്ന റവാഹത്ത അല്ലാഹു, അബ്ദുല്ലാഹിബ്നു റവാഹയിൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം ഈ മജ്ലിസുകളെ ഇഷ്ടപ്പെടുന്നു. നബി(സ) പറഞ്ഞു: മലക്കുകൾപോലും അഭിമാനംകൊള്ളുന്ന മജ്ലിസുകളെ അദ്ദേഹം ഇഷ്ടപ്പെടുന്നു." (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 4 പേജ് 676 ഹദീഥ് 13832)

ഇദ്ദേഹം പ്രതിഭാധനനായൊരു കവിയായിരുന്നു. നബി(സ)തിരുമേനിയുടെ ദർബാറിലെ കവികളിൽ ഹദ്റത്ത് കഅ്ബുബ്നുമാലിക്, ഹദ്റത്ത് ഹസ്സാനുബ്നു ഥാബിത് എന്നിവർക്കുപുറമെ മൂന്നാം സ്ഥാനത്തു വിരാജിച്ച കവിയായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിന്റെ കവിതകൾ യുദ്ധസംബന്ധമായിട്ടുള്ളതായിരുന്നു. മുഅ്ജമുശ്ശുഅ്റായുടെ കർത്താവ് എഴുതുന്നു: "ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ ജാഹിലിയ്യാ കാലഘട്ടത്തിലെ കവികളിലും വളരെ സ്ഥാനവും പദവിയുമുള്ള ആളായിരുന്നു. ഇസ്ലാമിന്റെ കാലഘട്ടത്തിലും ഉന്നതമായ സ്ഥാനവും പദവിയും അദ്ദേഹത്തിന് കരസ്ഥമായിരുന്നു. നബി(സ)തിരുമേനിയുടെ തേജോവിലാസത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹ ഒരു കവിത ചൊല്ലി. അത് അദ്ദേഹത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ കവിതയാണെന്ന് പറയാവുന്നതാണ്. ആ കവിത അദ്ദേഹത്തിന്റെ മാനസികമായ അവസ്ഥയെ നല്ലവണ്ണം വിവരിക്കുന്നുണ്ട്. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ്, നബി (സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:

ലൗ ലം തകുൻ ഫീഹി ആയാത്തുൻ മുബയ്യിനത്തുൻ
കാനത് ബദീഹത്തുഹൂ തുൻബ്ബീക്ക ബിൽഖബ്രി

(അൽഅസ്വാബത്തിഹീ ഫീ തമീസിസ്സ്വഹാബ വാല്യം 4 പേജ് 75 അബ്ദുല്ലാഹിബ്നു റവാഹ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

"മുഹമ്മദു മുസ്തഫാ(സ)യുടെ അടുക്കൽ സത്യവും സത്യസാക്ഷ്യവും പ്രകടിപ്പിക്കുന്നതിന് വ്യക്തമായ തെളിവുകളും തെളിമയാർന്ന അടയാളങ്ങളും ഇല്ലെങ്കിൽത്തന്നെയും അദ്ദേഹത്തിന്റെ അടുക്കൽ ഉണ്ടായിരുന്നതുതന്നെ, അദ്ദേഹത്തിന്റെ മുഖകമലം മാത്രം അവിടന്ന് സത്യവാനാണെന്നുള്ളതിന് മതിയായിരുന്നു. അത് സ്വയം അവിടന്ന് സത്യവാനാണെന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു." ഇവരായിരുന്നു നബി(സ)തിരുമേനിയുടെ സത്യസന്ധരായ പ്രേമികൾ. അവർ നബി(സ)തിരുമേനിയുടെ മുഖകമലം കണ്ട് സത്യം തിരിച്ചറിഞ്ഞു.

ചരിത്രത്തിൽനമുക്ക് ചെറുപ്രായത്തിലുള്ള രണ്ടു സഹോദരങ്ങളുടെ സംഭവവും ലഭിക്കുന്നുണ്ട്. അവരുടെ ധൈര്യം അപാരമായിരുന്നു;മുആദ് ബിൻ ഹാരിഥ് ബിൻ റഫാഅയും ഹദ്റത്ത് മഊദ് ബിൻ ഹാരിഥ് ബിൻ റഫാഅയും. ഇരുവരും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അബൂജഹ്ലിനെ വധിക്കുന്നതിലും അവർ ഭാഗഭാക്കായി. ബദ്ർ രണാങ്കണത്തിൽ കടുത്ത പോരാട്ടം നടക്കുകയായിരുന്നു. മുസ്ലീം കളുടെ മുന്നിൽ അവരെക്കാൾ മൂന്നിരട്ടി വലിയ സംഘമായിരുന്നു ഉണ്ടായിരുന്നത്. അവരുടെ കൈയിൽ എല്ലാവിധ യുദ്ധസാമഗ്രികളും ഉണ്ടായിരുന്നു. ഇസ്ലാമിന്റെ പേരും അടയാളംപോലും ഉന്മൂലനം ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെയായിരുന്നു അവർ വന്നത്. പാവം മുസ്ലീംകൾ എണ്ണത്തിൽ നന്നേ കുറവായിരുന്നു. ഈ എല്ലാ സംഭവങ്ങളും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും തന്റെ ഗ്രന്ഥമായ സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതിയിട്ടുണ്ട്. ദാരിദ്ര്യത്തിന്റേയും ഭവനരാഹിത്യത്തിന്റേയും അവസ്ഥയായിരുന്നു മുസ്ലീം കളുടേത്. ബാഹ്യമായ യുദ്ധോപകരണങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ മക്കക്കാരുടെ മുന്നിൽ ഇക്കൂട്ടർ കുറച്ചു മിനിറ്റുകളുടെ ഇരയായിരുന്നു. എന്നാൽ, തൗഹീദിനോടും രിസാലത്തിനോടുമുള്ള സ്നേഹം അവരെ എങ്ങനെയാക്കിത്തീർത്തുവെന്നാൽ അപ്പോൾ ലോകത്ത് അവരെക്കാൾവലിയ ശക്തിയുള്ളവരായി ആരുംതന്നെയില്ല എന്ന അവസ്ഥയിലാക്കിത്തീർത്തു. ഈ ജീവസുറ്റ ഈമാനായിരുന്നു അവരുടേത്. അത് അവരുടെ ഉള്ളിൽ അസാധാരണമായൊരു ശക്തി നിറച്ചു. ആ നേരത്ത് യുദ്ധമൈതാനത്ത് ദീനീസേവനത്തിന്റെ അതുല്യമായൊരു മാതൃക കാണിക്കുകയായിരുന്നു അവർ. ഓരോ വ്യക്തിയും മറ്റുള്ളവരെക്കാൾമുമ്പേ ദൈവവഴിയിൽ തങ്ങളുടെ ജീവൻ അർപിക്കുന്നതി ന് വെമ്പൽ കൊള്ളുകയായിരുന്നു. അൻസ്വാറിന്റെ ആവേശത്തിന്റേയും ആത്മാർഥതയുടേയും അവസ്ഥ എന്തായിരുന്നുവെന്നാൽ അബ്ദുർറഹ്മാനിബ്നു ഔഫ്(റ) നിവേദനം: സാധാരണനിലയിൽ യുദ്ധം ആരംഭിച്ചപ്പോൾ ഞാൻ എന്റെ ഇടവും വലവും ദൃഷ്ടി പായിച്ചു. അൻസ്വാറിലെ രണ്ടു യുവകുട്ടികൾ എന്റെ വശങ്ങളിൽ നില്ക്കുന്നതാണ് കണ്ടത്. അവരെ കണ്ട് എന്റെ മനസ്സ് കുറച്ച് ചഞ്ചലപ്പെട്ടു. കാരണം ഇത്തരം യുദ്ധങ്ങളിൽ ഇടവും വലവുമുള്ള കൂട്ടുകാരിലാണ് വിശ്വാസമർപിക്കാറുള്ളത്. ഇരുവശവും സുരക്ഷിതമായിട്ടുള്ള ആൾക്കാണ് നല്ലവണ്ണം പോരാടാൻ കഴിയുക. എന്നാൽ, അബ്ദുർറഹ്മാനിബ്നു ഔഫ്(റ) പറയുന്നു: ഈ കുട്ടികൾ, തന്നെ എന്തു സംരക്ഷിക്കാനാണെന്ന ചിന്തയിലായിരുന്നു ഞാൻ. അപ്പോൾ ആ കുട്ടികളിൽ ഒരാൾ മറ്റാരും കേൾക്കാത്ത നിലയിൽ മക്കയിൽ നബി(സ)തിരുമേനിയെ നിരന്തരം ദ്രോഹിച്ചുകൊണ്ടിരുന്ന ആ അബൂജഹ്ൽ എവിടെ എന്ന് ചോദിച്ചു. ആ കുട്ടി പറഞ്ഞു: ഞാൻ അയാളെ കൊല്ലുമെന്നും അല്ലെങ്കിൽ കൊല്ലാനുള്ള ശ്രമത്തിൽ വധിക്കപ്പെടുമെന്നും പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. അബ്ദുർറഹ്മാനിബ്നു ഔഫ്(റ) പറയുന്നു: ഞാൻ അവന് മറുപടി നല്കുന്നതിനു മുമ്പേ മറുവശത്തുനിന്ന് മറ്റേ കുട്ടി അതേപോലെ ഇതേ ചോദ്യം പതുക്കെ എന്നോടു ചോദിച്ചു. അവരുടെ ധൈര്യംകണ്ട് ഞാൻ അമ്പരന്നുപോയി. കാരണം അബൂജഹ്ൽ സൈന്യാധിപനായിരുന്നു. അയാളുടെ നാലുപാടും ആയുധധാരികളും പരിചയസമ്പന്നരുമായ പട്ടാളക്കാർ കാവലുണ്ടായിരുന്നു. അതാണ് അബൂജഹ്ൽ എന്ന് ഞാൻ കൈകൊണ്ടു ചൂണ്ടിക്കാണിച്ചു. അബ്ദുർ റഹ്മാനിബ്നു ഔഫ്(റ) പറയുന്നു: ഞാൻ കൈ ചൂണ്ടിയതേയുള്ളു രണ്ടുകുട്ടികളും പരുന്തിനെപ്പോലെ ചാടിവീഴുകയും ശത്രുവിന്റെ അണികൾ ഭേദിച്ച് നിമിഷങ്ങൾകൊണ്ട് അവിടെ എത്തുകയും വേഗത്തിൽ ആക്രമിക്കുകയും ചെയ്തു. അബൂജഹ്ലും കൂട്ടരും അന്ധാളിച്ചുപോയി. അബൂജഹ്ലിനെ അവർ താഴെ വീഴ്ത്തി. അബൂ ജഹ്ലിന്റെ മകൻ ഇക്രിമയും തന്റെ പിതാവിനോടൊപ്പം ഉണ്ടായിരുന്നു. അയാൾക്ക് തന്റെ പിതാവിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. എന്നാൽ, ഇക്രിമ പിന്നിൽനിന്ന് വെട്ടിയ കാരണത്താൽ മുആദിന്റെ വലതുകൈ മുറിഞ്ഞു തൂങ്ങാൻ തുടങ്ങി. മുആദ് ഇക്രിമയെ പിന്തുടർന്നുവെങ്കിലും അയാൾ രക്ഷപ്പെട്ടു. തൂങ്ങികിടക്കുന്ന കൈ യുദ്ധത്തിന് തടസമായി. മുആദ് അത് ബലമായി പിടിച്ച് വലിച്ച് ശരീരത്തിൽനിന്ന് വേർപെടുത്തി. പിന്നീട് യുദ്ധം ചെയ്യാൻ തുടങ്ങി. (സീറത്തുഖാതമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 362)

ആ കുട്ടികളിൽ ധാർമികരോഷമുണ്ടായിരുന്നു. നബി(സ)തിരുമേനിയോടു സ്നേഹമുണ്ടായിരുന്നു. അത് അവരെ ധൈര്യവാന്മാരാക്കി. ഇസ്ലാമിനെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുകയും വർഷങ്ങളായി നബി(സ)തിരുമേനിയെ ദ്രോഹിക്കുകയും ചെയ്തിരുന്ന ആളുടെ പര്യവസാനം തങ്ങളുടെ കൈയാലായിരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. അവർ ഇക്കാലത്തെ നാമമാത്ര ജിഹാദികളെപ്പോലെയായിരുന്നില്ല. ഇവർ വരൂ, ഇസ്ലാമിനുവേണ്ടി യുദ്ധം ചെയ്യൂ എന്ന് പറഞ്ഞ് യുവാക്കളേയും കുട്ടികളേയും radicalize ചെയ്തെടുക്കുന്നു. എന്നാൽ, തങ്ങൾ മക്ക

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

വിട്ടു പോയിട്ടും ശത്രുക്കൾ തങ്ങൾക്ക് സമാധാനം തരുന്നില്ലെങ്കിൽ ഫിത്ന ഉണ്ടാക്കുന്നതിനല്ല മറിച്ച് സമാധാനം സ്ഥാപിക്കുന്നതിന് എല്ലാ വിധ ത്യാഗവും വരിക്കണമെന്ന ഒറ്റ ഉദ്ദേശ്യമായിരുന്നു അവരുടേത്. ഇക്കാലത്ത് ഭരണാധികാരം പിടിച്ചെടുക്കുന്നതിനു വേണ്ടി ചെറുപ്പക്കാരെ ബലാൽക്കാരമായി തട്ടിക്കൊണ്ടുപോയി radicalize(റാഡിക്കലൈസ്) ചെയ്യുന്നു. കഴിഞ്ഞ ദിവസം ഒരു വാർത്തയുണ്ടായിരുന്നു. സിറിയയിൽ 14 വയസ്സുള്ള ഒരു ആൺകുട്ടി ഇവരുടെ കൈയിൽനിന്ന് രക്ഷപ്പെട്ട് വന്നു. ആ കുട്ടി പറയുന്നു, ഞാൻ സ്കൂളിൽനിന്ന് വരികയായിരുന്നു. എന്നെ തട്ടിക്കൊണ്ടുപോയി. ബലാൽക്കാരമായി എനിക്ക് പരിശീലനം തന്നു. ആദ്യം ഞാൻ ചെയ്യാതിരുന്നപ്പോൾ എന്നെ മർദിച്ചു. അവസാനം എന്നെക്കൊണ്ട് യുദ്ധം ചെയ്യിച്ചു. വളരെ പ്രയാസപ്പെട്ട് ഞാൻ അവിടെനിന്ന് രക്ഷപ്പെട്ടു വന്നതാണ്. ഇസ്‌ലാമിന്റെ പേരിൽ ഇത്തരം പ്രവർത്തനങ്ങളാണ് മുസ്‌ലീംകൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതായത് തികച്ചും ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. മുസ്‌ലീംകൾ യുദ്ധം ചെയ്തതും മുസ്‌ലീംകളിൽ ജീവൻ കൊടുക്കുന്നതിനും ത്യാ ഗം ചെയ്യുന്നതിനും വികാരമുണ്ടായിരുന്നതും ദീനിനെ രക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായിരുന്നു. ഇന്നുള്ള ജിഹാദികളും അന്ന് ജിഹാദു ചെയ് തവരും തമ്മിൽ വളരെ അന്തരമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ സ്വഹാബാക്കളുടെ ഇതേ മാതൃകയാണ് എന്റെ ജമാഅത്തിൽ കാണാൻ ആഗ്രഹിക്കുന്നത്. അവർ അല്ലാഹുവിനെ മുന്തിക്കണം, ഒരു കാര്യവും അവരുടെ വഴിയിൽ തടസമാകരുത്. അവർ തങ്ങളുടെ ധനവും ജീവനും ഒന്നുമല്ലെന്ന് മനസ്സിലാക്കണം! ചിലയാളുകളുടെ കത്ത് വരാറുണ്ട്. ഏതെങ്കിലും കച്ചവടത്തിൽ അല്ലെങ്കിൽ ജോലിയിൽ നഷ്ടമുണ്ടായാൽ അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള പരീക്ഷണം വന്നാൽ ക്ഷണത്തിൽ, തങ്ങൾ മസീഹ് മൗഊദിനെ വിശ്വസിച്ചുകൊണ്ട് തെറ്റാണോ ചെയ്തതെന്ന സംശയത്തിൽ അകപ്പെടുന്നതായി ഞാൻ കാണുന്നു. ദീനിനെ കുറിച്ചും അല്ലാഹുവിന്റെ സത്തയെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദിനെക്കുറിച്ചും ഇത്തരം സംശയങ്ങൾ വെച്ചു പുലർത്തുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇത്തരം അവസ്ഥയിൽ അവർ യഥാർഥ ഉദ്ദേശ്യത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും എത്ര മാത്രം ദൂരെയാണെന്ന് ഓരോ വ്യക്തിക്കും മനസ്സിലാക്കാവുന്നതാണ്. ഇവരിലും സ്വഹാബാക്കളിലുമുള്ള അന്തരത്തിൽ ചിന്തിക്കുക. എന്തൊക്കെ മർദനങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവന്നാലും അല്ലാഹുവിനെ തൃപ്തിപ്പെടുത്താനാണ് സ്വഹാബാക്കൾ ആഗ്രഹിച്ചിരുന്നത്. വിപത്തുകളിലും ബുദ്ധിമുട്ടുകളിലും അകപ്പെട്ടില്ലെങ്കിൽ, അതിനുതാമസം വന്നാൽ അവർ കരയുകയും നിലവിളിക്കുകയും ചെയ്യുമായിരുന്നു." (ബുദ്ധിമുട്ടുകളുണ്ടാകുക എന്നത് തങ്ങളെ അല്ലാഹുവിന്റെ സമീപസ്ഥരാക്കുമെന്ന് അവർ മനസ്സിലാക്കിയിരുന്നു). ആ പരീക്ഷണങ്ങൾക്കു കീഴെ അല്ലാഹുവിന്റെ തൃപ്തിയുടെ കല്പനയും ഖജനാവുമുണ്ടെന്ന് അവർ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു പാർസി കവിതാശകലം ഇവിടെ വിവരിച്ചു:

'ഹർ ബലാ കീ ഖൗം റാ ഹഖ് ദാദയെ അസ്ത്
സേറെ ആൻ ഗുൻച് ക്രം ബിൻ ഹാദയെ അസ്ത്

ആ ജനതയുടെമേൽ അല്ലാഹുവിൽനിന്ന് ഏ തൊരു പരീക്ഷണം വന്നാലും അതിനു കീഴെ അല്ലാഹുവിന്റെ ഉദാരതയുടെ ഒരു ഖജനാവ് ഒളിഞ്ഞിരിപ്പുണ്ടാകും."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ അവരുടെ സ്തുതിയാൽ നി റഞ്ഞു കിടക്കുന്നു. അതു തുറന്നു നോക്കുക. സ്വഹാബാക്കളുടെ ജീവിതം നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിനുള്ള കർമപരമായ തെളിവാണ്. സ്വഹാബാക്കൾ ഏതൊരു പദവിയിലെത്തിയിരുന്നുവോ അത് വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു. *മിൻഹും മൻഖളാ നഹ്ബഹൂ വ മിൻഹും മൻ യ്യൻതളിർ* (33:24)ചിലർ അവരിൽ വീരമൃത്യുവരിച്ചു കഴിഞ്ഞിരിക്കുന്നു. അവർ യഥാർഥ ലക്ഷ്യം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ചിലർ ശഹാദത്തിന്റെ ഭാഗ്യംകിട്ടാൻ കാത്തിരിക്കുകയാണ്. തങ്ങൾക്ക് ആയുസുകിട്ടണമെന്നും ധനവും സമ്പത്തുംകിട്ടി സുഖമായി ജീവിക്കണമെന്നുമുള്ള നിലയിൽ സ്വഹാബാക്കൾ ഭൗതികതയുടെ മുമ്പിൽ കുനിഞ്ഞില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ സ്വഹാബാക്കളുടെ ഈ മാതൃക നോക്കിക്കാണുമ്പോൾ നബി(സ)തിരുമേനിയുടെ പവിത്രമായ ശക്തിപ്രഭാവത്തിന്റെ ഉൽകൃഷ്ടമായ കൃപാവരം അനിയന്ത്രിതമായി അംഗീകരിക്കേണ്ടി വരുന്നു; എങ്ങനെയാണ് അവിടന്ന് അവരുടെ മുഖച്ഛായമാറ്റുകയും അവരെ അല്ലാഹുവിന്റെ നേരെ ആക്കുകയും ചെയ്തത്! *അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം.*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പറഞ്ഞതിന്റെ ചുരുക്കം നമ്മുടെ നിർബന്ധ കടമ എന്തായിരിക്കണമെന്നാൽ നമ്മൾ അല്ലാഹുവിന്റെ സന്തോഷം അന്വേഷിക്കുന്നവരും തേടുന്നവരും അതിനെ നമ്മുടെ യഥാർഥ ലക്ഷ്യമായി നിശ്ചയിക്കുന്നവരുമാകണം. നമ്മുടെ എല്ലാ പരിശ്രമങ്ങളും കഠിനപ്രയത്നങ്ങളും അല്ലഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിൽ ഉണ്ടാവേണ്ടതാണ്; അത് മർദനങ്ങൾകൊണ്ടും വിപത്തുകൾകൊണ്ടും ആണെങ്കിലും വേണ്ടില്ല. ഈ ദൈവികസന്തോഷം ലോകവും അതിലുള്ള എല്ലാ സന്തോഷത്തെക്കാളും ഉൽകൃഷ്ടവും ഉദാത്തവുമാണ്. അല്ലാഹു ഈ നിർബന്ധ കടമകൾ നിറവേറ്റാൻ നമുക്ക് തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഘാനയിലെ അഹ് മദി അൽഹാജ് ഇസ്മായീൽ ബി.കെ. ആഡോ സാഹിബിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. 84 വയസ്സായിരുന്നു. 2018 മാർച്ച് 8ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഇസ്മായീൽ ഗംമയലിമ ആഡോ എന്നും മാതാവിന്റെ പേര് ജന്നത്ത് ആഡോ എന്നുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ക്രിസ്ത്യാനിയായിരുന്നു. 1928ൽ അദ്ദേഹം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. ഇസ്മായീൽ ആഡോ സാഹിബിന്റെ മാതാവ് ചെറുപ്രായത്തിൽ വഫാത്തായി.

ഇസ്മായീൽ ആഡോ സാഹിബ് സെക്കന്ററി സ്കൂൾ വിദ്യാഭ്യാസം കരസ്ഥമാക്കിയത് കമാസിയിലെ ടി.ഐ. അഹ്മദിയ്യാ സ്കൂളിൽനിന്നാണ്. 1964–ൽ ഇംഗ്ലീഷിൽ ബി.എ. ചെയ്തു. ശേഷം ഘാനയിലെ ടീച്ചർ ട്രെയിനിംഗ് സ്കൂളിൽനിന്ന് തന്റെ തൊഴിൽപരമായ വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് വിവിധ സ്ഥലങ്ങളിൽ ടീച്ചറായി നിയമിതനായി. 1980 വരെ അസിസ്റ്റന്റ് ഹെഡ്ടീച്ചറായിരുന്നു. പിന്നീട് സാൾട്ട് പൗണ്ട് സെൻട്രൽ റീജ്യണിലെ ഒരു സ്കൂളിലേക്ക് മാറി. അവിടെ ഇംഗ്ലീഷ് സ്കൂൾ ടീച്ചറായിരുന്നു. ഏതു സ്കൂളിൽ ജോലി ചെയ്താലും അവിടെ മുസ്‌ലിം വിദ്യാർഥികൾക്കു അവരുടെ സൗകര്യത്തിനായി ഏർപ്പാടുകൾ ചെയ്തിരുന്നു. അദ്ദേഹം അവിടെ മുസ്‌ലിം വിദ്യാർഥികൾക്ക് മസ്ജിദും നിർമിക്കുകയുണ്ടായി. Nkrumah യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ ഇംഗ്ലീഷ് അധ്യാപകനായി. പിന്നീട് വിവിധ കോളേജുകളിൽ അദ്ദേഹത്തിന് പഠിപ്പിക്കാൻ അവസരം കിട്ടി. അദ്ദേഹം ഒരു ഗ്രന്ഥവുമെഴുതി; ഇംഗ്ലീഷിനെ കുറിച്ചും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനെ കുറിച്ചും. അത് ഘാനയിലും നൈജീരിയയിലും വലിയ പ്രശസ്തമായി; അത് പഠിപ്പിച്ചുവരുന്നുമുണ്ട്. ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇതിന് അദ്ദേഹത്തിന് സ്കോളർഷിപ്പും ലഭി ച്ചിരുന്നു; യു.കെ.യിലെ യൂണിവേഴ്സിറ്റി ഓഫ് ബേങ്കോർ(Bangor) വെൽസിൽ അദ്ദേഹത്തെ അയക്കുകയുണ്ടായി. ഇവിടെ യുകെയിൽവന്ന് ഇംഗ്ലീഷുഭാഷയിൽ അദ്ദേഹം ഡിപ്ലോമ എടുത്തു. അദ്ദേഹത്തിന്റെ ജമാഅത്തി സേവനം ഇപ്രകാരമാണ്. ഘാനയിൽ വിവിധ ജമാഅത്തുപരമായ സ്ഥാനങ്ങൾ വഹിച്ചു. 1980–ൽ ഘാനസർക്കാർ അദ്ദേഹത്തെ Addis Ababa എത്യോപ്യയിലെ അംബാസിഡറായി തിരഞ്ഞെടുത്തു. ആ സ്ഥാനം വഹിച്ചുകൊണ്ടിരിക്കുമ്പോൾ UN അദ്ദേഹത്തെ ഒ.എ.യു(OAU) ലിബറേഷൻ കമ്മിറ്റിയുടെ ചെയർമാനായി നിയമിച്ചു. ഇക്കാരണത്താൽ അദ്ദേഹം മൊസാമ്പിക്കിന്റേയും(Mozambique)അംഗോളയുടേയും(Angola) സ്വാതന്ത്ര്യത്തിനുവേണ്ടി വ്യക്തമായ പങ്കു വഹിച്ചു. കുറച്ചുകാലം അദ്ദേഹം ലിബിയായിലും അംബാസിഡറായിരുന്നു. അദ്ദേഹം എവിടെ പോയാലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചിരുന്നുവെന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു; തന്റെ തനിമ എപ്പോഴും നിലനിറുത്തിയിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹിജ്റത്ത് ചെയ്ത് യുകെയിൽ വന്നതിനുശേഷം അദ്ദേഹം തന്റെ രാഷ്ട്രീയപരമായ കരിയറിനോടു വിട ചൊല്ലി. തന്റെ കുട്ടികളുമായി ഖിലാഫത്തിന്റെ അടുത്തിരിക്കുന്നതിനുവേണ്ടി ഇവിടെവന്നു. ഇവിടെ വന്നതിനുശേഷം വീണ്ടും സ്കൂളിൽ ടീച്ചറായി ജോലി ചെയ്തുകൊണ്ടിരുന്നു. ഖിലാഫത്തിനോട് അദ്ദേഹത്തിന് ഒരു പ്രത്യേക സ്നേഹമായിരുന്നു. എല്ലാ ഖിലാഫത്തിനോടും അദ്ദേഹം വലിയ സ്നേഹത്തോടും പ്രീതിയോടുംകൂടി പെരുമാറുകയും അനുസരണത്തിന്റെ മാതൃക കാണിക്കുകയും ചെയ്തു. സൽമാൻ റുശ്ദിക്കെതിരെ ഗ്രന്ഥമെഴുതാൻ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ആ കമ്മിറ്റിയിൽ അദ്ദേഹത്തെയും അംഗമാക്കി. തബ്‌ലീഗ് രംഗത്തും വളരെ നല്ല നിലയിലാണ് പ്രവർത്തിച്ചത്. വിവിധ സ്ഥലങ്ങളിൽ തബ്‌ലീഗ് സ്റ്റാളുകൾ സംഘടിപ്പിച്ചു. റേഡിയോവിലും തബ് ലീഗ് പരിപാടി ചെയ്തിരുന്നു. ജമാഅത്തിന്റെ വിവിധ മീറ്റിംഗുകളിൽ ചോദ്യോത്തരസദസും സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം 1986–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പാൻ അമേരിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ രൂപീകരിച്ചപ്പോൾ ഇദ്ദേഹത്തെയാണ് ആദ്യ പ്രസിഡന്റാക്കിയത്. ഇവിടെ പേക്കം (Peckham)ജമാഅത്തിന്റെ പ്രഥമ പ്രസിഡന്റുമായിരുന്നു. 1994–ൽ എം.ടി.എ. ആരംഭിച്ചതിനുശേഷം ഉർദു ക്ലാസിൽ ഇദ്ദേഹം പ്രത്യേക ശിഷ്യന്മാരിൽപ്പെട്ടിരുന്നു. കഠിനധാനിയായിരുന്നു. ഉർദു പഠിക്കുന്നതിന് ചെയ്യാവുന്നത്ര ശ്രദ്ധ ചെലുത്തിയിരുന്നു. അക്കാലത്ത് ഉർദു ക്ലാസിൽ ഇദ്ദേഹം 'ബഡേ ബച്ചേ' എന്ന പേരിൽ പ്രസിദ്ധനായിരുന്നു. ഘാനക്കാരനായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ അറിയുമായിരുന്നു. അദ്ദേഹത്തിന് രണ്ട് ഭാര്യമാരുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് വഫാത്തായ അവസരത്തിൽ 'മജ്‌ലിസെ ഇൻതിഖാബെ ഖിലാഫത്തി'ലെ അംഗവുമായിരുന്നു. ജാമിഅ ആരംഭിച്ചപ്പോൾ കുറച്ചുകാലം യു.കെ. ജാമിഅയിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ അദ്ദേഹത്തെ നിയമിച്ചിരുന്നു. തഖ്‌വയിലൂടെ നടക്കുന്നയാളും ആരാധനകൾ കൃത്യമായി അനുഷ്ഠിക്കുന്ന ആളും ക്ഷമാശീലനും നന്ദി കാണിക്കുന്ന വ്യക്തിയും മൃദുലഹൃദയനും അങ്ങേയറ്റം ദയാലുവുമായിരുന്നു. ആരാധനയോടു ഒരു പ്രത്യേക ആവേശമായിരുന്നു. തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വീട്ടുകാർ പറയുന്നത്, എപ്പോഴും കൃത്യമായി നിർവഹിച്ചിരുന്നുവെന്നാണ്. രോഗം പിടിപെട്ടാലും അതിൽ മടി കാണിച്ചിരുന്നില്ല. വിശുദ്ധഖുർആൻ അങ്ങേയറ്റം ഈണത്തിലും വേദനയോടുംകൂടി പാരായണം ചെയ്തിരുന്നു. വിശുദ്ധഖുർആനിലെ ധാരാളം ആയത്തുകൾ അദ്ദേഹത്തിന് മനഃപാഠമായിരുന്നു. തബ്‌ലീഗിനും തർബിയ്യത്തിനും പ്രയോജനപ്പെടുന്നതിനുവേണ്ടി അതിന്റെ അർഥവും, വ്യാഖ്യാനവും ഹൃദിസ്തമാക്കുമായിരുന്നു. എന്നല്ല അദ്ദേഹം തന്റെ കൈ കൊണ്ട് നോട്ടെഴുതിയ വിശുദ്ധഖുർആന്റെ ചില പ്രതികളും അദ്ദേഹത്തിന്റെ വീട്ടിലുണ്ടെന്ന് ചില ഘാനക്കാർ പറയുന്നു. 2005–ൽ തന്റെ രണ്ടു ഭാര്യമാരോടുമൊത്ത് ഹജ്ജ് ചെയ്യാനുള്ള ഭാഗ്യവും അദ്ദേഹത്തിന് കിട്ടി. മന്ദസ്മിതവദനനും സാദാ മനുഷ്യനുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന് ആണും പെണ്ണുമുൾപ്പെടെ 10 മക്കളുണ്ട്. പൗത്രന്മാരും പൗത്രിമാരും 23 പേരുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ തലമുറയേയും നന്മയിലും ഭക്തിയിലും നിലനിറുത്തുമാറാകട്ടെ. ജമാഅത്തുമായി ബന്ധിപ്പിച്ചു നിറുത്തുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം ഇപ്പോൾ ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

## അടിയന്തര സർക്കുലർ

കടലാസിന്റെ വിലയും അച്ചടിയും പോസ്റ്റിംഗും മറ്റു ചെലവുകളും വർധിച്ച കാരണത്താൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുയുടെ അനുവാദത്തോടെ ബദ്ർ വീക്കിലിയുടെ വാർഷിക വരിസംഖ്യയിൽ വർധന വരുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പുതുക്കിയ വരിസംഖ്യ 500 രൂപയായിരിക്കുമെന്ന് അറിയിക്കുന്നു. 2018 ഏപ്രിൽ മാസം മുതൽ പുതുക്കിയ നിരക്കനുസരിച്ച് വരിസംഖ്യ കൊടുക്കാൻ വായനക്കാരോട് അപേക്ഷിക്കുകയാണ്. ഇതനുസരിച്ച് തുടർന്ന് വരിസംഖ്യ പിരിക്കാൻ ബദ്ർ പ്രതിനിധികളോടും അപേക്ഷിക്കുന്നു.

**(മാനേജർ ബദ്ർ വീക്കിലി, ഖാദിയാൻ)**

# ഖുത്ബ ജുമുഅ

**ഇന്ന് മാർച്ച് 23 ആണ്. അഹ്മദിയ്യാ ജമാഅത്തിൽ ഈ ദിവസം 'മസീഹ് മൗഊദ് ദിനം' എന്ന പേരിൽ അറിയപ്പെടുന്നു. ഈ ദിവസം മസീഹ് മൗഊദ് ദിന യോഗവും സംഘടിപ്പിക്കുന്നു. വരുന്ന രണ്ടു ദിവസങ്ങൾ ശനി, ഞായർ ംലലസലിറ ആണ്. ധാരാളം ജമാഅത്തുകൾ ഈ ദിനങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതായിരിക്കും. അതിൽ അതിന്റെ ചരിത്രവും പശ്ചാത്തലവും മുഴുവൻ കാര്യങ്ങളും വിവരിക്കപ്പെടുന്നതാണ്.**

**ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്; അതിൽ അദ്ദേഹം വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദിന്റെ നിയോഗോദ്ദേശ്യവും ആവശ്യകതയും സ്ഥാനവും വിവരിച്ചിരിക്കുന്നു.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ വാഗ്ദത്ത മസീഹിന്റെ നിയോഗോദ്ദേശ്യത്തിന്റേയും ആവശ്യകതയുടേയും സ്ഥാനത്തിന്റേയും ചർച്ചയും അതുദ്ധരിച്ചുകൊണ്ട് ജമാഅത്തംഗങ്ങൾക്കുള്ള ഉപദേശങ്ങളും**

**ഇന്നും അല്ലാഹുവിന്റെ കൃപയാൽ ഒരു ചെറിയ സ്ഥലത്തുനിന്നുയർന്ന ആ ശബ്ദം ലോകത്തിലെ 210 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവുമാണ്. അഹ്മദിയ്യത്ത് എത്തിപ്പെടുമെന്ന് 30,40 വർഷംമുമ്പേ സങ്കല്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സന്ദേശമെത്തിയെന്നു മാത്രമല്ല, അത്ഭുതപ്പെട്ടുപോകുമാറുള്ള ദൃഢവിശ്വാസികളെ അല്ലാഹു അവിടെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.**

**ബെനിനിലെ ഒരു ഗ്രാമത്തിലെ നവഅഹ്മദിയുടെ ഈമാനിന്റേയും ആത്മാർഥതയുടേയും സ്ഥൈര്യത്തിന്റേയും അല്ലാഹുവിന്റെ സഹായത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന സംഭവം**

**നമ്മളിലെ ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളവരാണെങ്കിൽ ആ വിശ്വാസത്തോടും ബയ്അത്തിനോടുമുള്ള കടമ നിറവേറ്റുന്നവരുമാണോ? എന്റെ പരിശോധനയിൽ നമ്മളിൽ ധാരാളമാളുകൾ നമസ്കാരങ്ങളും മുഴുവനും അനുഷ്ഠിക്കാത്തവരാണെന്ന കാര്യം മുന്നിൽ വന്നിട്ടുണ്ട്. നമസ്കാരത്തിലേക്ക് ശ്രദ്ധതന്നെയില്ല. ഇസ്തിഗ്ഫാറിലേക്ക് ചിലർക്ക് ഒട്ടുംതന്നെ ശ്രദ്ധയില്ല. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയില്ല. ഇതാണ് അവസ്ഥയെങ്കിൽ നമ്മൾ സൽകർമകാരികളാണെന്ന് നമുക്കെങ്ങനെയാണ് പറയാൻ കഴിയുക?**

**വളരെ ആശങ്കയോടെ നമ്മളിൽ ഓരോരുത്തരും ആത്മപരിശോധനനടത്തേണ്ട ആവശ്യമാണുള്ളത്. നമ്മൾ കേവലം ആചാരപരമായ നിലയിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടുന്നവർ ആകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പ്രത്യുത മസീഹുമൗഊദിനെ വിശ്വസിച്ചതിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. ഉള്ളിൽനിന്നും പുറമെനിന്നുമുള്ളതായ എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നമ്മെ അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. എല്ലാ വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുത്തുമാറാകട്ടെ.**

**2018 മാർച്ച് 13 മുതൽ ഇംഗ്ലീഷിൽ അൽഹക്കം വീക്കിലി തുടങ്ങുന്ന സുവാർത്ത, ഈ പത്രം ഇന്റർനെറ്റിൽ ലഭ്യമായിരിക്കും. മൊബൈൽ ഫോണിലും ടാബ്‌ലെറ്റ്സ്(Tablets) തുടങ്ങിയവയിലും അതിന്റെ ആപ്പും(അപ്പ്)ലഭിക്കുന്നതായിരിക്കും. ഇംഗ്ലീഷ് അറിയുന്ന വിഭാഗം ഇതിനെ കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ2018 മാർച്ച് 23/1397 അമാൻ 23**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് മാർച്ച് 23 ആണ്. അഹ്മദിയ്യാ ജമാഅത്തിൽ ഈ ദിവസം 'മസീഹ് മൗഊദ് ദിനം' എന്ന പേരിൽ അറിയപ്പെടുന്നു. ഈ ദിവസം മസീഹ് മൗഊദ് ദിന യോഗവും സംഘടിപ്പിക്കുന്നു. വരുന്ന രണ്ടു ദിവസങ്ങൾ ശനി, ഞായർ weekend ആണ്. ധാരാളം ജമാഅത്തുകൾ ഈ ദിനങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതായിരിക്കും. അതിൽ അതിന്റെ ചരിത്രവും പശ്ചാത്തലവും മുഴുവൻ കാര്യങ്ങളും വിവരിക്കപ്പെടുന്നതാണ്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്; അതിൽ അദ്ദേഹം വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദിന്റെ നിയോഗോദ്ദേശ്യവും ആവശ്യകതയും സ്ഥാനവും വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാദത്തിനുശേഷം നാമമാത്ര മുസ്‌ലിം ഉലമാ സാധാരണ മുസ്‌ലിംകളെ അദ്ദേഹത്തിന്നെതിരെ ഇളക്കിവിടുന്നതിനുവേണ്ടി കഠിനമായി ശ്രമിച്ചു. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ സഹായത്താൽ അദ്ദേഹത്തിന്റെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. സത്പ്രകൃതക്കാരായവർ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക വാഗ്ദാനങ്ങളനുസരിച്ചുള്ള തന്റെ വരവിനെ കുറിച്ചും താൻ തന്നെയാണ് മസീഹ് മൗഊദ് എന്ന് വിളംബരം ചെയ്തുകൊണ്ടും പറയുന്നു:

"യഥാർഥമായ തൗഹീദും നബി(സ) തിരുമേനിയുടെ വിശുദ്ധിയും ബഹുമാനവും ആദ്ധ്യാത്മകതയും ദൈവഗ്രന്ഥവും അല്ലാഹുവിൽനിന്നായ കാരണത്താൽ, അക്രമത്തിന്റേയും അധികാരത്തിന്റേയും വഴിയിലൂടെ ആക്രമണം ചെയ്യപ്പെട്ടപ്പോൾ അല്ലാഹുവിന്റെ ആത്മീയരോഷത്തിന്റെ തേട്ടമായിരുന്നില്ലേ അതിനെ തകർക്കാനുള്ളയാളെ ഇറക്കുക എന്നത്?" (കാരണം നബി(സ)തിരുമേനിക്കെതിരുൽ അകക്കാലത്ത് ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു). "താൻ ചെയ്ത ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വഇന്നാ ലഹൂ ല ഹാഫിളൂൻ(15:10) എന്ന വാഗ്ദാനം അല്ലാഹു മറന്നുപോയോ? തീർച്ചയായും ഓർത്തുകൊള്ളുക! അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. അവൻ തന്റെ വാഗ്ദാനമനുസരിച്ച് ലോകത്ത് ഒരു താക്കീതുകാരനെ അയച്ചു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ പ്രതികാരനടപടികളാൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുകയും ചെയ്യും." അദ്ദേഹം പറയുന്നു: "ഞാൻ നിങ്ങളോടു സത്യമായും സത്യമായും പറയുന്നു, 'ഞാൻ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മസീഹു മൗഊദായി വന്നിരിക്കുന്നു; ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കുക. ഇഷ്ടമില്ലെങ്കിൽ നിഷേധിക്കുക. എന്നാൽ, നിങ്ങൾ നിഷേധിക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. അല്ലാഹു ഉദ്ദേശിച്ചത് നടക്കുകതന്നെ ചെയ്യും. കാരണം അല്ലാഹു ആദ്യമേതന്നെ ബറാഹീനെ അഹ്മദിയായിൽ സ്വദഖല്ലാഹു വ റസൂലുഹൂ വ കാന വഅ്ദൻ മ്മഫ്ഊലാ എന്ന് പറഞ്ഞിരിക്കുന്നു." (മൽഫൂദാത്ത് വാള്യം 1 പേജ് 206, 1985 ലണ്ടൻ പതിപ്പ്) അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യം സത്യമായി പുലരുകയും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുകയും ചെയ്തു." പിന്നീട് ഒരവസരത്തിൽ പറഞ്ഞു:

"പ്രവാചകത്വത്തിന്റെ സരണിയിൽ (മിൻഹാജുന്നുബുവ്വ) ഈ ജമാഅത്തിനെ അളക്കുകയും ആരോടൊപ്പമാണ് സത്യമെന്ന് നോക്കുകയും ചെയ്യുക. സാങ്കല്പികമായ തത്ത്വങ്ങളും പദ്ധതികളുംകൊണ്ട് ഒരു പ്രയോജനവുമില്ല. സാങ്കല്പികമായ കാര്യങ്ങൾകൊണ്ട് ഞാനെന്നെ സാക്ഷ്യപ്പെടുത്തുന്നില്ല. ഞാനെന്റെ വാദത്തെ നുബുവ്വത്തിന്റെ സരണിയുടെ നിലവാരത്തിലാണ് സമർപിക്കുന്നത്. അപ്പോൾ പിന്നെ ഈ അടിസ്ഥാനപരമായ തത്ത്വമനുസരിച്ച് അതിന്റെ സത്യത അളക്കാതിരിക്കാൻ എന്തു കാരണമാണുള്ളത്?" ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ പറയുന്ന കാര്യങ്ങൾ ഹൃദയം തുറന്ന് കേൾക്കുന്നവർ ഫലമെടുക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു; വിശ്വസിക്കുകയും ചെയ്യും. പക്ഷേ, മനസ്സിൽ ലുബ്ധും പകയും വെച്ചുപുലർത്തുന്നവർക്ക് ഞാൻ പറയുന്ന കാര്യങ്ങൾ ഒരു ഫലവും ചെയ്യുകയില്ല. അവരുടെ ഉദാഹരണം കോങ്കണ്ണന്റേതാണ്." (എറിയുന്ന ഒന്നിനെ അവൻ രണ്ടായി കാണുന്നു)."അവൻ ഒന്നിനുപകരം രണ്ട് കാണുന്നു. അവനെത്ര ഉദാഹരണങ്ങൾ നല്കിയാലും ഒന്നല്ല; രണ്ടുതന്നെയാണ്. അവൻ അംഗീകരിക്കുകയേ ഇല്ല." (അവിടന്ന് ഉദാഹരണം നല്കുന്നു:) പറയുന്നു:"കോങ്കണ്ണനായ ഒരു സേവകനുണ്ടായിരുന്നു."(കോങ്കണ്ണൻ ആരുടേയോ സേവകനായിട്ടുണ്ടായിരുന്നു). "മുതലാളി അയാളോടു ഉള്ളിൽനിന്ന് കണ്ണാടി എടുത്തുകൊണ്ടുവരാൻ പറഞ്ഞു. അയാൾ പോയി, തിരിച്ചുവന്ന് ഉള്ളിൽ രണ്ടു കണ്ണാടിയുണ്ട്, ഏതാണ് കൊണ്ടുവരേണ്ടതെന്ന് ചോദിച്ചു. ഒന്നേയുള്ളു, രണ്ടില്ലെന്ന് മുതലാളി പറഞ്ഞു. താൻ കളവാണോ പറയുന്നതെന്ന് കോങ്കണ്ണൻ ചോദിച്ചു. അയാളുടെ മുതലാളി ഒന്നു പൊട്ടിച്ചു കളയാൻ പറഞ്ഞു. പൊട്ടിച്ചപ്പോൾ അയാൾക്കു തോന്നി യഥാർഥത്തിൽ തന്റെ തെറ്റായിരുന്നുവെന്ന്."അവിടന്ന് പറയുന്നു: "എന്നാൽ, എനിക്കെതിരിലുള്ള കോങ്കണ്ണന്മാർക്ക് ഞാൻ എന്തുമറുപടിയാണ് ഞാൻ കൊടുക്കേണ്ടത്?" അദ്ദേഹം പറയുന്നു: "ഇവർ വീണ്ടും വീണ്ടും എന്തെങ്കിലും അവതരിപ്പിക്കുന്നുണ്ടെങ്കിൽ അത് ഹദീഥുകളുടെ കൂമ്പാരമാണ്. അതിലാണെങ്കിൽ അവർക്കു

തന്നെയുമുള്ളത് അനുമാനത്തിന്റെ സ്ഥാനമാണ്. അവയുടെ ഗുണദോഷങ്ങളുടെ കാര്യങ്ങളിൽ ജനങ്ങൾ പരിഹസിക്കുന്ന ഒരു കാലംവരുമെന്ന് അവർക്കറിയുകയില്ല."(ഇവർ പറയുന്ന അടിസ്ഥാനരഹിതമായ കാര്യങ്ങൾകേട്ട് ആളുകൾ ചിരിക്കുന്നതാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "എന്നോടു എന്റെ വാദത്തിനുള്ള തെളിവ് ചോദിക്കുക എന്നത് എല്ലാ ഓരോ സത്യാന്വേഷിയുടേയും അവകാശമാണ്."(ശരിയായ കാര്യമാണ്, തെളിവു ചോദിക്കോണ്. അതിന് എല്ലാവർക്കും അവകാശമുണ്ട്.)"നബിമാർ സമർപ്പിച്ചിട്ടുള്ളതുതന്നെയാണ് അതിൽ നാമും സമർപിക്കുന്നത്." അവിടന്ന് പറയുന്നു:"ഖുർആനിലെ ആയത്തുകൾ, തിരുഹദീഥുകൾ ബുദ്ധിപരമായ തെളിവുകൾ. അതായത് പരിഷ്കർത്താവിനെ അന്വേഷിക്കുന്നവനാഗ്രഹിക്കുന്ന വർത്തമാനകാല ആവശ്യങ്ങൾ! പിന്നീടുള്ളത് എന്റെ കൈയാൽ അല്ലാഹു വെളിപ്പെടുത്തിയ അടയാളങ്ങളാണ്. ഞാൻ ഒരു രേഖാചിത്രം ക്രമീകരിച്ചിട്ടുണ്ട്." അവിടന്ന് പറയുന്നു: "ഞാൻ ഒരു രേഖാചിത്രം ക്രമീകരിച്ചിട്ടുണ്ട്. അതിൽ 150 നടുത്ത് അടയാളങ്ങൾ നല്കിയിരിക്കുന്നു. അതിന് കോടിക്കണക്കിനാളുകൾ സാക്ഷികളാണ്. വ്യർഥമായ കാര്യങ്ങൾ സമർപ്പിക്കുക എന്നത് നന്മയല്ല."അവിടന്ന് പറയുന്നു:"വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായിവരുമെന്ന് നബി(സ) തിരുമേനി പറഞ്ഞത് അതുകൊണ്ടാണ്."(അതായത് വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായിട്ടായിരിക്കും വരുന്നത്)."അദ്ദേഹത്തിന്റെ വിധി സ്വീകരിക്കുക."(അദ്ദേഹം വിധി പറയുന്ന ആളായിരിക്കും. അദ്ദേഹത്തിന്റെ വിധി സ്വീകരിക്കേണ്ടതാണ്).

ഹൃദയത്തിൽ ദുഷ്ടത കുടികൊള്ളുന്നവർ വിശ്വസിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് വ്യർഥമായ തെളിവുകളും ആക്ഷേപങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, അവർ ഓർത്തുകൊള്ളട്ടെ, അവസാനം അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ശക്തിമത്തായ പ്രതികാര നടപടികളാൽ എന്റെ സത്യത വെളിപ്പെടുത്തുന്നതായിരിക്കും. ഞാൻ കറ്റുകെട്ടിപ്പറയുകയാണെങ്കിൽ അവൻ ക്ഷണത്തിൽ എന്നെ നശിപ്പിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, എന്റെ എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ സ്വന്തം പ്രവർത്തനമാണ്. ഞാൻ അവനിൽനിന്നു വന്നിരിക്കുന്നു. എന്നെ നിഷേധിക്കൽ അവനെ നിഷേധിക്കലാണ്. അതുകൊണ്ട് അവൻ സ്വയം എന്റെ സത്യം വെളിപ്പെടുത്തുന്നതായിരിക്കും." (മൽഫൂദാത്ത് വാല്യം 4 പേജ് 34–35, 1985 ലണ്ടൻ പതിപ്പ്)

മസീഹ് മൗഊദിനെ നിഷേധിക്കുമ്പോൾ നബി (സ) തിരുമേനിയേയും നിർബന്ധമായും നിഷേധിക്കേണ്ടിവരുമെന്ന കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നെ നിഷേധിക്കൽ, എന്നെ നിഷേധിക്കലല്ല പ്രത്യുത അത് അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കലാണ്. കാരണം ആരാണോ എന്നെ നിഷേധിക്കുന്നത് അവൻ എന്നെ നിഷേധിക്കുന്നതിനുമുമ്പേ മആദല്ലാഹ് അല്ലാഹുവിനെ കള്ളനാക്കുകയാണ് ചെയ്യുന്നത്. ബാഹ്യവും ആഭ്യന്തരവുമായ കുഴപ്പങ്ങൾ അതിരുകടന്നത് അവൻ കണ്ടിട്ട് *ഇന്നാ നഹ്നു നസ്സൽനദ്ദിക്ര് വ ഇന്നാ ലഹൂ ല ഹാഫിളൂൻ* (62:4) എന്ന് വാഗ്ദാനം ചെയ്തിട്ടും പരിഷ്കരണത്തിനുള്ള ഒരു കാര്യവും അവൻ ചെയ്തില്ല. അല്ലാഹു ഖിലാഫത്ത് വാഗാദാനം ചെയ്തിട്ടുള്ള വചനത്തിൽ മൂസവി പരമ്പരപോലെ മുഹമ്മദീ പരമ്പരയിലും ഖലീഫമാരുടെ പരമ്പര സ്ഥാപിക്കുന്നതാണെന്ന കാര്യത്തിൽ ബാഹ്യമായി അവർ വിശ്വസിക്കുമ്പോഴാണിത്. എന്നാൽ, മആദല്ലാഹ് അവൻ വാഗ്ദാനം പൂർത്തിയാക്കിയില്ല. ഈ ഉമ്മത്തിൽ ഇക്കാലത്താണെങ്കിൽ ഒരു ഖലീഫയുമില്ലതാനും. ഇതു മാത്രമല്ല മറിച്ച് വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയെ മൂസായ്ക്ക് സദൃശനായി പറഞ്ഞിരിക്കുന്നു. ഇതും ശരിയായില്ലെന്ന് പറഞ്ഞ് അക്കാര്യവും നിഷേധിക്കേണ്ടതായി വരും. മആദല്ലാഹ്! കാരണം ഈ പരമ്പരയുടെ സാദൃശ്യവും സാമ്യവും പൂർത്തിയാകുന്നതിന് മൂസവി പരമ്പരയിൽ പതിനാലാം നൂറ്റാണ്ടിൽ ഒരു മസീഹ് വന്നതുപോലെ ഈ പതിനാലാം നൂറ്റാണ്ടിൽ ഈ ഉമ്മത്തിൽനിന്ന് ഒരു മസീഹ് ഉണ്ടാകേണ്ടത് നിർബന്ധമായിരുന്നു. ഇപ്രകാരം വിശുദ്ധ ഖുർആന്റെ *ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*(62:4) എന്ന ആയത്തും നിഷേധിക്കേണ്ടതായി വരും. ഇതിൽ അഹ്മദിന്റെ ആഗതരാകുന്ന പ്രതിച്ഛായയെ കുറിച്ചുള്ള വിവരമാണുള്ളത്. ഇപ്രകാരം വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളുണ്ട്. അവയെല്ലാം നിർബന്ധമായും നിഷേധിക്കേണ്ടിവരും. എന്നല്ല അൽഹംദു മുതൽ വന്നാസ് വരെയുള്ള വിശുദ്ധ ഖുർആൻ മുഴുവൻ കൈയൊഴിയേണ്ടിവരുമെന്ന് ഞാൻ ഖണ്ഡിതമായും പറയുന്നു. എന്നെ നിഷേധിക്കുന്നത് നിസാര കാര്യമാണോ എന്ന് ഇനി ചിന്തിക്കുക. ഇത് ഞാൻ സ്വയമേവ അല്ല പറയുന്നത്. സത്യമിതാണെന്ന് അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തുകൊണ്ടാണ് പറയുന്നത്. അതായത് ആരാണോ എന്നെ ഉപേക്ഷിക്കുകയും എന്നെ നിഷേധിക്കുകയും ചെയ്യുന്നത് അവൻ നാവുകൊണ്ട് നിഷേധിക്കുന്നില്ലെങ്കിലും കർമംകൊണ്ട് അവൻ മുഴുവൻ ഖുർആനേയും നിഷേധിക്കുകയും അല്ലാഹുവിനെ ഉപേക്ഷിക്കുകയും ചെയ്തു. അതിലേക്ക് എനിക്കുണ്ടായ ഒരു ഇൽഹാമിലും സൂചനയുണ്ട്."(അല്ലാഹു അദ്ദേഹത്തോടു പറഞ്ഞു:)"അൻത മിന്നീ വ അന മിൻക." അവിടന്ന് പറയുന്നു: എന്നെ നിഷേധിക്കുന്നതുകൊണ്ട് അല്ലാഹുവിനെ നിഷേധിക്കൽ അനിവാര്യമായി വരുന്നു എന്നതിൽ സംശയമില്ല. എന്നെ വിശ്വസിക്കുന്നതുകൊണ്ട് അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും അല്ലാഹുവിന്റെ അസ്തിത്വത്തിൽ ശക്തമായ ഈമാൻ ഉണ്ടാകുകയുമാണ് ചെയ്യുന്നത്. പിന്നെ എന്നെ നിഷേധിക്കൽ യഥാർഥത്തിൽ എന്നെ നിഷേധിക്കലല്ല. ഇത് നബി(സ)തിരുമേനിയെ നിഷേധിക്കലാണ്. അതുകൊണ്ട് ഇപ്പോൾ ആരും മനസ്സിൽ അല്പം ചിന്തിക്കുന്നതിനും അവർ ആരെയാണ് നിഷേധിക്കുന്നതെന്ന് അതിനോടു മതവിധി ചോദിക്കുന്നതിനും മുമ്പേ എന്നെ കളവാക്കുന്നതിനും നിഷേധിക്കുന്നതിനും തന്റേടം കാണിക്കരുത്."

മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹിനെ നിഷേധിക്കുന്നതുകൊണ്ട് നബി(സ) തിരുമേനിയെ നിർബന്ധമായും നിഷേധിക്കേണ്ടി വരുന്നതെങ്ങനെയെന്നും അതിന്റെ കാരണമെന്താണെന്നും കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"എങ്ങനെയാണ് നബി(സ)തിരുമേനിയെ നിഷേധിക്കലാകുന്നത്?" (അതായത് മസീഹ് മൗഊദിനെ നിഷേധിക്കുന്നതുകൊണ്ട് നബി(സ)തിരുമേനിയെ നിഷേധിക്കലെങ്ങനെയാണ് ആകുന്നത്?) അവിടന്ന് പറയുന്നു: "കാരണം ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ മുജദ്ദിദ് അഥവാ പരിഷ്കർത്താവ് വരുമെന്ന് നബി(സ)തിരുമേനി വാഗ്ദാനം ചെയ്തിരുന്നു. അത് (അല്ലാഹുവിൽ അഭയം) കളവായി പുലർന്നു. പിന്നീട് നബി(സ) തിരുമേനി ഇമാമുക്കും മിൻകും എന്നു പറഞ്ഞിരുന്നു. അതും (അല്ലാഹുവിൽ അഭയം) കളവായിത്തീർന്നു. കുരിശിന്റെ കുഴപ്പങ്ങളുടെ കാലത്ത് ഒരു മസീഹും മഹ്ദിയും വരുമെന്ന് സുവാർത്ത അറിയിച്ചിരുന്നു. അതും (അല്ലാഹുവിൽ അഭയം) തെറ്റായിപ്പോയി. കാരണം കുഴപ്പങ്ങൾ നിലവിലുണ്ടായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, വരേണ്ട ഇമാം വന്നില്ല. ഇക്കാര്യങ്ങൾ ഒരുവൻ സമ്മതിക്കുമ്പോൾ പ്രാവർത്തികമായ നിലയിൽ അവൻ നബി(സ)തിരുമേനിയെ നിഷേധിക്കുന്നവനാകുകയല്ലേ? ചെയ്യുന്നത്." അവിടന്ന് പറയുന്നു: "എന്നെ നിഷേധിക്കൽ നിസാരകാര്യമല്ലെന്ന് ഞാൻ തുറന്നുപറഞ്ഞുകൊള്ളുന്നു. എന്നെ കാഫിറെന്ന് പറയുന്നതിനുമുമ്പേ സ്വയം കാഫിറാകേണ്ടിവരും. എന്നെ നിർമതനെന്നും വഴിപിഴച്ചവനെന്നും പറയുന്നതിന് മുമ്പേ സ്വന്തം വഴികേടും ഭാഗ്യഹീനതയും ആദ്യം അംഗീകരിക്കേണ്ടതായിവരും. ഞാൻ ഖുർആനും ഹദീഥും ഉപേക്ഷിക്കുന്നവനാണെന്ന് പറയുന്നതിനുമുമ്പേ സ്വയം ഖുർആനും ഹദീഥും ഉപേക്ഷിച്ചുകളയേണ്ടിവരും. അവർതന്നെ അതുപേക്ഷിക്കും (അതായത് ഞാൻ ഉപേക്ഷിക്കുകയില്ല. ഞാൻ തള്ളിക്കളയുന്നവനാണെന്ന് പറയുന്നവൻതന്നെ അത് ഉപേക്ഷിക്കുന്നതാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥിന്റേയും സാക്ഷിയും സാക്ഷാത്കാരവുമാകുന്നു. ഞാൻ വഴിപിഴച്ചവനല്ല. മറിച്ച് മഹ്ദിയാകുന്നു. ഞാൻ കാഫിറല്ല. മറിച്ച് അന അവ്വലുൽ മുഅ്മിനീന്റെ ശരിയായ സാക്ഷാത്കാരമാകുന്നു. ഞാൻ എന്തൊന്നു പറയുന്നുവോ, അല്ലാഹു എന്നിൽ എന്തൊന്ന് വെളിപ്പെടുത്തിയോ അത് സത്യമാകുന്നു. വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും സത്യമായി വിശ്വസിക്കുന്ന അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളവർക്ക് ഈ തെളിവ് മതിയായതാണ്. അതായത് എന്റെ നാവിൽനിന്ന് കേട്ട് മൗനമവലംബിക്കുക. പക്ഷേ, തന്റേടിയ്ക്കും കടിഞ്ഞാണില്ലാത്തവനും എന്തു ചികിത്സയാണുള്ളത്? അല്ലാഹു സ്വയം അവന് മനസ്സിലാക്കിക്കൊടുത്തുകൊള്ളും."(അവിടന്ന് ഈ എല്ലാ കാര്യങ്ങളും അവിടെ വന്ന ഒരു അതിഥിയ്ക്ക് മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു) അവിടന്ന് പറഞ്ഞു: "എന്റെ കാര്യത്തിൽ ധിറുതിയോടെ പ്രവർത്തിക്കരുത്. മറിച്ച് സദുദ്ദേശ്യത്തോടും നിഷ്കളങ്ക മനസ്സോടും കൂടി ചിന്തിക്കുക."(മൽഫൂദാത്ത് വാല്യം 4 പേജ് 14–16 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു: "അതിനാൽ, അവരുടെ മനസ്സിൽ പിശുക്കും പിടിവാശിയുമില്ലെങ്കിൽ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുകയും എന്റെ പിന്നാലെ വരികയും ചെയ്യട്ടെ. എന്നിട്ട് നോക്കട്ടെ അല്ലാഹു അവരെ അന്ധകാരത്തിൽ വിടുകയാണോ അതല്ല പ്രകാശത്തിലേക്ക് കൊണ്ടുവരുകയാണോ? എന്ന്. സഹനത്തോടും സത്യമനസ്സോടും എന്റെ പിന്നാലെ വരുന്നവർ നശിപ്പിക്കപ്പെടുകയില്ലെന്നും പ്രത്യുത അവർ അനശ്വരമായ ജീവിതത്തിൽ ഭാഗഭാക്കാകുമെന്നും ഞാൻ ദൃഢമായും വിശ്വസിക്കുന്നു."(അതായത് ഈ ലോകത്തും ബഹുമാനമുള്ളവരാകും പരലോകത്തും അല്ലാഹു അവരിൽ അനുഗ്രഹം ചൊരിയും).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഹൃദയം ശുദ്ധിയുള്ളവരുടേയും ദൈവഭയമുള്ളവരുടേയും മുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെടുമെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ഈസായുടെ തീരുമാനം സമർപ്പിക്കുകയാണ്. അവർ എനിക്കു മനസ്സിലാക്കിതരട്ടെ, യഹൂദികളുടെ ചോദ്യത്തിന് കൊടുത്ത മറുപടിയിൽ അതായത് മസീഹിനെക്കാൾ മുമ്പേ ഏലിയാവുവരേണ്ടതു നിർബന്ധമല്ലേ? മസീഹ് എന്തൊന്ന് പറഞ്ഞുവോ അത് സത്യമല്ലേ? മലാക്കിനബിയുടെ ഏടിൽ ഏലിയാവ് വരുമെന്ന് എഴുതിയിട്ടുണ്ടെന്ന് പറഞ്ഞ് യഹൂദികൾ തങ്ങളുടെ ഗ്രന്ഥം സമർപ്പിച്ചിരുന്നു; ഏലിയാവിന്റെ സദൃശ്യൻ വരുമെന്നല്ല." (ഏലിയാവ്തന്നെ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്, സദൃശൻ വരുമെന്നല്ല. അദ്ദേഹത്തെപോലെ ആരെങ്കിലും വരുമെന്ന് എങ്ങും എഴുതിയിട്ടില്ല)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വരേണ്ടുന്നയാൾ യോഹന്നാൻ അഥവാ യഹ്‌യാ നബിയാണെന്നും ഇഷ്ടമെങ്കിൽ വിശ്വസിക്കുക എന്നും യേശുമിശിഹ പറയുന്നു. ഇനി ഏതെങ്കിലും നീതിമാന്റെ മുന്നിൽ വിധിക്കായി സമർപ്പിക്കുക. എന്നിട്ട് നോക്കുക ആർക്ക് അനുകൂലമായാണ് വിധിക്കുന്നതെന്ന്. (ബാഹ്യമായ കാര്യത്തിൽ വിധി പറയി

## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

ക്കണമെങ്കിൽ, ഏതെങ്കിലും ജഡ്ജിയുടെ മുമ്പിൽ സമർപ്പിക്കുക. എന്നിട്ട് നോക്കുക, അദ്ദേഹം ആർക്കനുകൂലമായാണ് വിധിക്കുന്നതെന്ന്) അദ്ദേഹം തീർച്ചയായും യഹൂദികൾക്കനുകൂലമായി വിധിക്കുന്നതായിരിക്കും (കാരണം ബാഹ്യമായി എഴുതിയിട്ടുള്ളതനുസരിച്ചായിരിക്കും വിധി പുറപ്പെടുവിക്കുന്നത്. എന്നാൽ, അവിടന്ന് പറയുന്നു. ഈ വിധി ശരിയല്ല. എന്തുകൊണ്ടെന്നാൽ)

അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു മുഅ്മിൻ, അല്ലാഹുവിന്റെ ദൂതന്മാർ എങ്ങനെയാണ് വരുന്നതെന്ന് അറിയുന്നു. യേശുമിശിഹ എന്തൊന്ന് പറയുകയും ചെയ്യുകയും ചെയ്തുവോ അത് ശരിയാണെന്നും സത്യമാണെന്നും അവൻ ദൃഢമായും വിശ്വസിക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇപ്പോൾ അതേ കാര്യം തന്നെയാണുള്ളത്. മറിച്ചാണെങ്കിൽ പറഞ്ഞുതരിക? ദൈവഭയമുണ്ടെങ്കിൽ തന്റേടത്തോടെ ഈ വാദം കളവാണെന്ന് പറയുമ്പോൾ ശരീരം വിറകൊള്ളേണ്ടതാണ്. അഹോ കഷ്ടം! ഫിർഔനിന്റെ ജനതയിലുണ്ടായിരുന്ന വ്യക്തിയുടെ ഈമാൻ പോലും ഇക്കൂട്ടരിൽ ഇല്ല; ഇയാൾ വ്യാജവാദിയാണെങ്കിൽ സ്വയം നശിച്ചുകൊള്ളുമെന്ന് അയാൾ പറഞ്ഞു. എന്നെ സംബന്ധിച്ച് ദൈവഭക്തിയോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ കുറഞ്ഞത് അങ്ങനെയെങ്കിലും പറയുകയും അല്ലാഹു എന്നെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണോ അതല്ല ഈ ജമാഅത്തിനെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയാണോ എന്ന് നോക്കുകയും ചെയ്യുമായിരുന്നു."(മൽഫൂദാത്ത് വാല്യം 4 പേജ് 30–31, 1985 ലണ്ടൻ പതിപ്പ്)

ഇന്നും അല്ലാഹുവിന്റെ കൃപയാൽ ഒരു ചെറിയ സ്ഥലത്തുനിന്നുയർന്ന ആ ശബ്ദം ലോകത്തിലെ 210 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവുമാണ്. അഹ്മദിയ്യത്ത് എത്തിപ്പെടുമെന്ന് 30,40 വർഷംമുമ്പേ സങ്കല്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സന്ദേശമെത്തിയെന്നു മാത്രമല്ല, അത്ഭുതപ്പെട്ടുപോകുമാറുള്ള ദൃഢവിശ്വാസികളെ അല്ലാഹു അവിടെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു സംഭവം പറയാം.

ബെനിൻ ആഫ്രിക്കയിലെ ഒരു ചെറിയ രാജ്യമാണ്. അവിടെ 2012–ൽ ഒരു ജമാഅത്ത് നിലവിൽവന്നു. അവിടെ ഇബ്റാഹിം സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. അതിനുമുമ്പേ അദ്ദേഹം മുസ്‌ലിമായിരുന്നു. നല്ല അറിവുമുണ്ടായിരുന്നു. അഹ്മദിയ്യത്തു സ്വീകരിച്ചതിനുശേഷം ആത്മാർഥതയിലും കൂറുപുലർത്തുന്നതിലും വളരെ അഭിവൃദ്ധിപ്പെടാൻ തുടങ്ങി. അദ്ദേഹം തന്റെ ബന്ധുക്കൾക്ക്, സഹോദരൻ തുടങ്ങിയവർക്ക് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. തബ്‌ലീഗുകൊണ്ട് പൊറുതിമുട്ടി, അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹവുമായി വഴക്കിടാൻ തുടങ്ങി. പക്ഷേ, അദ്ദേഹം തബ്‌ലീഗ് ചെയ്തുകൊണ്ടേ ഇരുന്നു. അദ്ദേഹത്തിന്റെ ശ്രമത്താൽ ചുറ്റുവട്ടത്തുള്ള മൂന്നുഗ്രാമം അഹ്മദിയ്യത്തിൽ ചേർന്നു. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ തന്റെ ഒരു കൂട്ടുകാരനുമൊത്ത് അദ്ദേഹത്തെ കൊല്ലാൻ പദ്ധതിയിട്ടു. ഇബ്റാഹിം സാഹിബ് പറയുന്നു: 'അദ്ദേഹം സ്വപ്നം കണ്ടു. തന്റെ മൂത്ത സഹോദരനും അദ്ദേഹത്തിന്റെ സുഹൃത്തും വലിയ കുഴിയെടുത്ത് അതിലെന്തോ ഇട്ടുകൊണ്ടിരിക്കുന്നു.' സ്വപ്നം കണ്ട് മൂന്നു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ കൂട്ടുകാരൻ പെട്ടെന്ന് രോഗിയാവുകയും മരിക്കുകയും ചെയ്തു. അപ്പോൾ തന്റെ സഹോദരൻ(ഇബ്റാഹീം സാഹിബ്) കൂട്ടുകാരനെതിരിൽ കൂടോത്രം ചെയ്തതാണെന്ന് അയാൾ പറയാൻ തുടങ്ങി. കുറച്ചു കാലത്തിനുശേഷം ഇബ്റാഹിം സാഹിബ് പറയുന്നു: 'തന്റെ സഹോദരൻ ഒരു മരത്തിനോടു ചേർന്നുനിന്ന് സ്വയം അളക്കുന്നതായിട്ട് ഞാൻ വീണ്ടും ഒരു സ്വപ്നം കണ്ടു.' അവിടെ ഒരു സമ്പ്രദായമുണ്ട്. ആരെങ്കിലും മരണപ്പെട്ടാൽ മരത്തിന്റെ ചെറിയ കമ്പ് ഒടിച്ച് മയ്യിത്ത് അളന്നാണ് അയാളുടെ ഖബ്ർ കുഴിക്കുന്നത്. ഇബ്റാഹിം സാഹിബ് പറയുന്നു; കുറച്ചു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ ഗർഭിണിയായ ഭാര്യ സുഖമില്ലാതായി. രണ്ടു ദിവസത്തിനുള്ളിൽ മരിക്കുകയും ചെയ്തു. അയാളുടെ മക്കൾക്കെല്ലാം രോഗം പിടിപെടാൻ തുടങ്ങി. അയാൾക്കാണെങ്കിൽ ഒരു മാറ്റവും വരുന്നുണ്ടായിരുന്നില്ല. ഇയാൾ കൂടോത്രം ചെയ്യുന്നയാളാണെന്ന് സഹോദരൻ പറഞ്ഞുപരത്താൻ തുടങ്ങി. അവിടത്തെ പ്രാദേശിക ചീഫിന് പരാതി കൊടുക്കുകയും തന്നെ സഹായിക്കണമെന്ന് പറയുകയും ചെയ്തു. അദ്ദേഹം കുറച്ചു പണം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. താൻ ചികിത്സിക്കാമെന്നും പറഞ്ഞു. സഹോദരൻ അദ്ദേഹത്തിന് പണം കൊണ്ടുകൊടുത്തു. ഇബ്റാഹിം സാഹിബിനെ ചീഫ് വിളിപ്പിച്ചു. താങ്കൾ ഇത് എന്തു തമാശയാണ് കാണിക്കുന്നതെന്ന് പറഞ്ഞ് ദ്വേഷപ്പെട്ടു. 'താങ്കൾ പുതിയ മതം സ്വീകരിച്ചിരിക്കുകയാണെന്നും അത് ഉപേക്ഷിക്കണമെന്നും തൗബ ചെയ്യണമെന്നും ഇല്ലെങ്കിൽ നാളെ താങ്കൾ സൂര്യനെ കാണുകയില്ലെന്നും' ചീഫ് പറഞ്ഞു. ഇബ്റാഹിം സാഹിബ് പറഞ്ഞു: 'മതം എന്തായാലും ഉപേക്ഷിക്കാൻ പറ്റുകയില്ല. പിന്നെ മരിക്കുന്ന കാര്യമാണ്. ജീവിതവും മരണവുമെല്ലാം അല്ലാഹുവിന്റെ കൈയിലാണ്.' അപ്പോൾ ചീഫ് പറഞ്ഞു: "ഈ പ്രദേശത്തെ ദൈവം ഞാനാണ്. ഞാനാഗ്രഹിക്കുന്നത് ഞാൻ ചെയ്തിരിക്കും. മരിക്കുമെന്ന് ഞാൻ ആരോടെങ്കിലും പറഞ്ഞാൽ അവൻ മരിച്ചിരിക്കും. തീർച്ചയായും അവൻ മരിക്കും." ഇബ്റാഹിം സാഹിബ് പറഞ്ഞു: 'ശരി, താങ്കൾ താങ്കളുടെ പാരമ്പര്യപരമായ ആളുകളോടു പറഞ്ഞിട്ടുണ്ടാകും. പക്ഷേ, ഞാൻ ഇതിനെക്കുറിച്ച് താങ്കളോടൊന്നും പറയുന്നില്ല. പക്ഷേ, ദീൻ ഉപേക്ഷിക്കുന്ന പ്രശ്നമില്ല. കാരണം യാഥാർഥ്യമിതാണ്. സത്യഇസ്‌ലാം ഇതാണ്." അപ്പോൾ അയാൾക്ക് കൂടുതൽ ദ്വേഷമായി. ഇവനെ മുറിയിലടയ്ക്കാൻ അയാൾ കല്പിച്ചു. ഇബ്റാഹിം സാഹിബ് അവരോടു പറഞ്ഞു: 'നിങ്ങൾ എന്റെയിടയിൽ വന്നു വീഴരുത്. ഇക്കാര്യം വിട്ടുകളയുക. അവർ അത്യാഗ്രഹികളായിരുന്നു. കുറച്ചു പൈസ വാങ്ങി അവർ അദ്ദേഹത്തെവിട്ടു. അടുത്ത ദിവസം ആ ചീഫിന് തളർവാദം പിടിപെട്ടതായി അറിയാൻ കഴിഞ്ഞു. അനങ്ങാനും അടങ്ങാനും കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് മരിക്കുകയും ചെയ്തു. ഇതു കണ്ട് അദ്ദേഹത്തിന്റെ ശത്രുവായ മൂത്ത സഹോദരൻ ഞങ്ങളെ തമ്മിൽ രഞ്ജിപ്പിലാക്കുക എന്ന് കുടുംബക്കാരോടു പറഞ്ഞു. ഇബ്റാഹീം സാഹിബ് പറഞ്ഞു: 'എനിക്കാരോടും വഴക്കില്ലതന്നെ. ഞങ്ങൾ എങ്ങനെയുള്ള രഞ്ജിപ്പിലാണെന്നാൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനംതന്നെ ഇതാണ്.' ഈ ദൃഷ്ടാന്തത്തിന് ആ പ്രദേശങ്ങളിൽ വളരെ സ്വാധീനമുണ്ടായി. വലിയ ചർച്ചയായി. അഹ്മദിയ്യത്തിന്റെ സത്യത സ്ഥാപിതമായി. ഇക്കാര്യങ്ങളാണ് ഇന്നും ദൈവകൃപയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നോക്കൂ! ഞാൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തു പറയുന്നു. ആയിരക്കണക്കിന് അടയാളങ്ങൾ എന്റെ സത്യസാക്ഷ്യത്തിന് വെളിപ്പെട്ടു. വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഇത് നിലച്ചുപോകുകയില്ല."(നിലച്ചുപോയിട്ടില്ല. അവിടന്ന് പറയുന്നു ഇനിയുമുണ്ടാകുന്നതാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇത് മനുഷ്യന്റെ പദ്ധതിയായിരുന്നെങ്കിൽ ഇത്രമാത്രം സഹായവും പിന്തുണയും ഇതിനുണ്ടാകുമായിരുന്നില്ല."(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22 പേജ് 48)ഇത് അല്ലാഹുവിന്റെ പദ്ധതിയായതുകൊണ്ടാണ് സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഒരു അവസരത്തിൽ പരിഷ്ക്കർത്താവിന്റെ ആവശ്യകതയേയും മസീഹ് മൗഊദ്(അ)ന്റെ ആവശ്യകതയേയും കുറിച്ച് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: എല്ലാ ഓരോ ധാന്യവിളയും കൊയ്തെടുക്കുന്നതിന് ഒരു കാലം വരാറുണ്ട്. അപ്രകാരംതന്നെ ഇപ്പോൾ കുഴപ്പങ്ങൾ ഇല്ലാതാക്കേണ്ടതിനുള്ള കാലം വന്നെത്തിയിരിക്കുന്നു. (ലോകത്തുണ്ടായിട്ടുള്ള കുഴപ്പങ്ങൾ, വ്യാപിച്ചിട്ടുള്ള ദോഷങ്ങൾ, അകറ്റുന്നതിനുള്ള സമയം വന്നെത്തിയിരിക്കുന്നു). അവിടന്ന് പറയുന്നു: സത്യവാനെ അങ്ങേയറ്റം നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തിരിക്കുന്നു. അവിടന്ന് പറയുന്നു: നഊദുബില്ലാഹ് ഈച്ചയ്ക്കും കടന്നലിനും കൊടുക്കുന്ന വിലപോലും നബി(സ)തിരുമേനിക്ക് നല്കുന്നില്ല. കടന്നലിനേയും മനുഷ്യൻ ഭയപ്പെടാറുണ്ട്. ഉറുമ്പിനേയും ഭയക്കുന്നു. പക്ഷേ, നബി(സ) തിരുമേനിയെ ചീത്തപറയുന്നതിന് ഒരു അറപ്പുമില്ല. കദ്ദബൂ ബിആയാത്തിനാ എന്നതിന്റെ സാക്ഷാത്കാരമായിക്കൊണ്ടിരിക്കുന്നു. വായ തുറക്കാവുന്നത്ര അവർ തുറന്നു. വായ പൊളിച്ചുകൊണ്ട് ചീത്തവിളിച്ചു. ഇപ്പോൾ അല്ലാഹു അത് അകറ്റുന്നതിനുള്ള സമയം കൊണ്ടുവന്നിരിക്കുന്നു. അത്തരം നേരത്ത് ഒരാളെ അവൻ എപ്പോഴും സൃഷ്ടിക്കാറുണ്ട്. അയാൾ അവന്റെ മഹത്ത്വവും പ്രതാപവും സംരക്ഷിക്കാൻ ആവേശം ഉൾക്കൊള്ളുന്ന ആളായിരിക്കും. അത്തരം വ്യക്തിക്ക് ആഭ്യന്തരമായ സഹായം ലഭിക്കുന്നു. യഥാർഥത്തിൽ അല്ലാഹുതന്നെയാണ് എല്ലാം ചെയ്യുന്നത്. എന്നാൽ, അത് സൃഷ്ടിക്കുക എന്നത് ഒരു നടപടിക്രമത്തിന്റെ പൂർത്തിയാക്കലായിരിക്കും. വലൻതജിദ ലിസുന്നത്തില്ലാഹി തബ്ദീലാ. ഇപ്പോൾ ആ നേരം വന്നിരിക്കുന്നു. അല്ലാഹു തന്റെ നടപടി ക്രമമനുസരിച്ച് എന്നെ അയച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ ശക്തിപ്രഭാവമായ ഗ്രന്ഥങ്ങളിൽ ദൃഷ്ടിപായിക്കുമ്പോൾ മനസ്സിലാകുന്നത് കാര്യം അതിരുകടക്കുമ്പോൾ ആകാശത്തിൽ തയ്യാറെടുപ്പുണ്ടാകുന്നുവെന്നാണ്. തയ്യാറെടുപ്പിന്റെ സമയം വന്നിരിക്കുന്നു എന്നതാണ് അതിന്റെ ലക്ഷണം. സത്യവാനായ നബിയുടേയും റസൂലിന്റേയും മുജദ്ദിദിന്റേയും വലിയ അടയാളമെന്നത് അദ്ദേഹം യഥാർഥ നേരത്ത് വരിക എന്നതാണ്; ആവശ്യമുള്ള നേരത്ത് വരിക. ആകാശത്ത് എന്തെങ്കിലും തയ്യാറെടുപ്പ് നടക്കേണ്ട സമയമല്ലേ എന്ന് ആളുകൾ സത്യം ചെയ്ത് ചോദിക്കണം! (അവിടന്ന് ചോദിക്കുന്നു. ഇത് സമയമല്ലേ എന്ന് സത്യം ചെയ്ത് പറയുക. അക്കാലത്തും ചോദിച്ചിരുന്നു. ഇന്നും തങ്ങൾക്ക് പരിഷ്കർത്താവിനെ ആവശ്യമുണ്ടെന്ന് ജനങ്ങൾ പറയുന്നു. പാക്കിസ്താനിലാണെങ്കിൽ മൗലവിമാർ സ്വയം ഇതു പറയുന്നുണ്ട്. പക്ഷേ, മസീഹ് മൗഊദിനെ നിഷേധിക്കുന്നു). അവിടന്ന് പറയുന്നു: എന്നാൽ, ഓർക്കുക, അല്ലാഹു താൻതന്നെയാണ് സകലവും ചെയ്യുന്നത്. നാമും നമ്മുടെ ജമാഅത്തും എല്ലാവരും മുറിയ്ക്കുള്ളിൽ കയറിയിരുന്നാലും ജോലി നടക്കുന്നതായിരിക്കും. ദജ്ജാലിന് അധഃപതനമുണ്ടാകും. തിൽക്കൽ അയ്യാമു നുദാവിലുഹാ ബയ്നന്നാസി. (ഇങ്ങനെ ദിവസങ്ങൾ പരസ്പരം മാറ്റി മറിക്കുന്നു) ഇതിന്റെ പൂർണത വിളിച്ചോതുന്നത് ദജ്ജാലിന്റെ അധഃപതന സമയം അടുത്തിരിക്കുന്നുവെന്നാണ്. (ഏതെങ്കിലും കാര്യത്തിന് ഉന്നതി കരസ്ഥമായാൽ, പാരമ്യതയിലെത്തിയാൽ, താൻ ശക്തവാനായിരിക്കുന്നുവെന്നും എല്ലാ പുരോഗതിയും തന്റെ കൈയിൽ വന്നിരിക്കുന്നുവെന്നും മനസ്സിലാക്കാൻ തുടങ്ങുമ്പോൾ അവിടെനിന്ന് അധഃപതനമുണ്ടാകാൻ തുടങ്ങുന്നു. ഇപ്രകാരം ഇപ്പോൾ ആ ശക്തികളുടെ അധഃപതനവും ആരംഭിച്ചിരിക്കുന്നു. (അവർ ഇസ്‌ലാം വിരുദ്ധ

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ശക്തികളാണെങ്കിലും വേണ്ടില്ല, ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിൽ, അഹ്മദിയ്യത്തിനെതിരിൽ ഉള്ളവരാണെങ്കിലും വേണ്ടില്ല) അവിടന്ന് പറയുന്നു: അവരുടെ ഉയർച്ച പ്രകടിപ്പിക്കുന്നത്, ഇനി അധഃപതനം കാണുമെന്നാണ്." (അങ്ങേയറ്റം ഉച്ചിയിലെത്തിയിരിക്കുന്നു; ഇനി അത് താഴേക്കുവരാൻ തുടങ്ങുമെന്ന് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു). അവരുടെ ജനസാന്ദ്രത അവരുടെ നാശത്തിന്റെ അടയാളമാണ്. (അവരുടെ ശക്തിയും ജനസാന്ദ്രതയും വളരെ കൂടുതലാണെന്ന് അവർ മനസ്സിലാക്കുന്നു; അപ്പോൾ ഇവർ നാശത്തിന്റെ അടയാളമായിത്തീരുന്നതാണ്). അതേ, തണുത്ത കാറ്റ് വീശാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തി പതുക്കെയാണ് നടക്കുന്നത്. (ശരിതന്നെയാണ്. അടയാളം ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തി മെല്ലെയാണുണ്ടാകുന്നത്. അത് ഇൻശാഅല്ലാഹ് നടക്കുന്നതായിരിക്കും). അവിടന്ന് പറയുന്നു: നമ്മുടെ പക്കൽ ഒരു തെളിവും ഇല്ലായിരുന്നെങ്കിൽതന്നെയും കാലത്തിന്റെ അവസ്ഥകളിൽ ദൃഷ്ടി പായിച്ച് മസീഹ് ഇപ്പോഴും എന്തുകൊണ്ട് കുരിശ് ഉടയ്ക്കാൻ വന്നില്ല എന്ന് അന്വേഷിച്ചു നടക്കേണ്ടത് മുസ്‌ലിംകൾക്ക് അനിവാര്യമായിരുന്നു. അദ്ദേഹത്തെ തങ്ങളുടെ വഴക്കുകൾക്കു വേണ്ടി വിളിക്കരുതായിരുന്നു. (ഇസ്‌ലാമിന്റെ ആത്മീയരോഷമായിരുന്നു, ഇസ്‌ലാമിന്റെ പ്രതിരോധത്തിന് വിളിക്കുക എന്നത്. മസീഹിനെ അന്വേഷിക്കുക എന്നത്. അല്ലാതെ തങ്ങളുടെ വഴക്കുകൾ പരിഹരിക്കുന്നതിന് വിളിക്കരുതായിരുന്നു). കാരണം അദ്ദേഹത്തിന്റെ ജോലി കുരിശ് ഉടയ്ക്കുക എന്നതാണ്. കാലത്തിന്റെ ആവശ്യവും അതുതന്നെയാണ്. (മൽഫൂദാത്ത്, വാല്യം 1, പേജ് 396–398, 1985 ലണ്ടൻ പതിപ്പ്)

ഇപ്രകാരംതന്നെ ഒരിടത്ത് പറയുന്നു: നിരീശ്വരത്വവും കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അതിനെ ഖണ്ഡിക്കുന്നതിനുമാണ് വന്നിട്ടുള്ളത്. (മൽഫൂദാത്ത്, വാല്യം 7, പേജ് 28, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന പറയുന്നു: അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേര് മസീഹ് മൗഊദ് എന്നുള്ളത്. മുല്ലാമാർക്ക് മനുഷ്യകുലത്തിന്റെ ക്ഷേമവും നന്മയുമാണ് ഉദ്ദേശ്യമെങ്കിൽ അവർ ഒരിക്കലും ഇങ്ങനെ ചെയ്യുമായിരുന്നില്ല; നമ്മളോടു ചെയ്തുകൊണ്ടിരിക്കുന്നതുപോലെ. നമുക്കെതിരെ ഫത്‌വ എഴുതി അവരെന്താണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് അവർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഏതൊന്നിനോടു അല്ലാഹു ഉണ്ടാകാൻ പറഞ്ഞുവോ അതിനോടു ഉണ്ടാകരുത് എന്നു പറയാൻ ആർക്കാണ് കഴിയുക? (ഫത്‌വ എഴുതിയിട്ട് എന്തു ഫലമുണ്ടായി. ജമാഅത്ത് മുമ്പേപോലെ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കുന്നു. കാരണം അല്ലാഹു ഉണ്ടാകാൻ തീരുമാനിച്ചാൽ അതുണ്ടാകുന്നു. പിന്നീട് ആർക്കും അതിനെ തടയാൻ കഴിയില്ല).

അവിടന്ന് പറയുന്നു: നമ്മുടെ എതിരാളികളും നമ്മുടെ ജോലിക്കാരാണ്. ഏതെങ്കിലും രീതിയിൽ അവർ പൂർവദിക്കിലും പശ്ചിമദിക്കിലും നമ്മുടെ സന്ദേശമെത്തിക്കുന്നു. (മൽഫൂദാത്ത്, വാല്യം 1, പേജ് 398, 1985 ലണ്ടൻ പതിപ്പ്)

എതിർത്തുകൊണ്ടിരിക്കുന്നവർ, അവരുടെ എതിർപ്പു മുഖേന അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയാണ്. കാരണം ആ രീതിയിലും ജനങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നു. ധാരാളമാളുകൾ കത്തെഴുതാറുണ്ട്. ബന്ധപ്പെടാറുണ്ട്; ഇന്ന മൗലവിയുടെ എതിർപ്പുകാരണത്താൽ അല്ലെങ്കിൽ ഇന്ന സ്ഥലത്ത് താങ്കൾക്കെതിരിൽ സംസാരം നടന്ന കാരണത്താൽ ഞങ്ങൾക്ക് അന്വേഷിക്കണമെന്ന് തോന്നി. അന്വേഷിക്കാൻ നടക്കുകയും ചെയ്തു. ഇപ്പോഴാണെങ്കിൽ ഇന്റർനെറ്റ് മുഖേന എല്ലായിടത്തും ജമാഅത്തിന്റെ സാഹിത്യങ്ങൾ ലഭ്യമാണ്. ഒരുപാട് കാര്യങ്ങൾ ലഭിക്കുന്നതാണ്. താരതമ്യപഠനവും നടത്താവുന്നതാണ്. അന്വേഷിച്ച് തങ്ങൾ ജമാഅത്തിൽ ചേരാനാഗ്രഹിക്കുന്നുവെന്ന് അവർ പറയുന്നു. മൗലവിമാരുടെ, എതിരാളികളുടെ ഈ മാർഗവും തബ്‌ലീഗിനുള്ള ഒരു മാർഗമായിത്തീർന്നുകൊണ്ടിരിക്കുന്നു. തങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണെന്നും മുമ്പേ തന്നെ ഇത്രയധികം കക്ഷികൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു, ഇനി ഇപ്പോൾ പുതിയൊരു കക്ഷിയുടെ ആവശ്യമെന്താണെന്നും താങ്കളുടെ ജമാഅത്തിൽ ചേരേണ്ട ആവശ്യമെന്താണെന്നുമുള്ള ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ചിലപ്പോൾ നമ്മുടെ അഹ്മദിയും ആക്ഷേപകരുടെ ഈ ആക്ഷേപംകേട്ട് മൗനം പാലിക്കാറുണ്ട്. അക്കാലഘത്തിലും, ഇപ്പോഴും എന്തു മറുപടി പറയാനാണെന്നോർത്ത് മിണ്ടാതിരിക്കാറുണ്ട്. അവിടന്ന് പറയുന്നു: ഈ ജമാഅത്തിന്റെ ആവശ്യമെന്താണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്ന ധാരാളമാളുകളുണ്ട്. തങ്ങൾ നമസ്കരിക്കുകയും നോമ്പുപിടിക്കുകയും ചെയ്യുന്നില്ലേ എന്ന് അവർ ചോദിക്കുന്നു. ഈ രീതിയിലാണ് അവർ വഞ്ചിക്കുന്നത്. അജ്ഞരായ ചിലയാളുകൾ അത്തരം കാര്യങ്ങൾകേട്ട് വഞ്ചിതരാകുന്നതിൽ അത്ഭുതപ്പെടാനില്ല. അവരോട് ചേർന്നുകൊണ്ട് ഞങ്ങൾ നമസ്കരിക്കുന്നു, നോമ്പു പിടിക്കുന്നു. സ്തോത്രങ്ങൾ ചൊല്ലുന്നു. പിന്നെന്തിന് കുഴപ്പമിട്ടുവെന്ന് ചോദിക്കാം. (പുതിയ ഒരു കക്ഷി ഉണ്ടാക്കി എന്തിനാണ് ഭിന്നിപ്പുണ്ടാക്കിയത്. ഞങ്ങൾ നമസ്കരിക്കുകയും നോമ്പു പിടിക്കുകയും ചെയ്യുന്നു. അപ്പോൾ നിങ്ങളിൽ ചേരേണ്ട ആവശ്യമെന്താണ്. പുതിയ കുഴപ്പമുണ്ടാക്കേണ്ട ആവശ്യമെന്താണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർക്കുക! ഇത്തരം കാര്യങ്ങൾ വിവരക്കുറവും ദൈവജ്ഞാനം ഇല്ലാത്തതിന്റേയും ഫലമാണ്. ഇതെന്റെ ജോലിയല്ല. ഈ ഭിന്നിപ്പ് ഇട്ടിട്ടുണ്ടെങ്കിൽ അത് ഈ ജമാഅത്ത് രൂപീകരിച്ച അല്ലാഹുവാണ് ഇട്ടിട്ടുള്ളത്.' (ഈ ജമാഅത്ത് ഞാൻ രൂപീകരിച്ചിട്ടില്ല. ഇത് അല്ലാഹുവാണ് രൂപീകരിച്ചിട്ടുള്ളത്)'കാരണം വിശ്വാസപരമായ അവസ്ഥ ബലഹീനമായി ക്ഷീണിച്ച് ഏതുവരെയെത്തിയെന്നാൽ, ഈമാനിക ശക്തി തികച്ചും ഇല്ലാതായിപോയിരിക്കുന്നു. യഥാർഥമായ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഈ ജമാഅത്തു മുഖേനയാണ് അവൻ അത് ആഗ്രഹിച്ചിട്ടുള്ളത്. ഈ പരിതഃസ്ഥിതിയിൽ അവരുടെ ആക്ഷേപം നിരർഥവും പാഴ്‌വേലയുമാണ്. അതുകൊണ്ട് ഓർക്കുക. അത്തരം ദുർബോധനം ഒരിക്കലുമൊരിക്കലും ആരുടെ മനസ്സിലും വരാൻ പാടില്ല. ചിന്തയോടും ആലോചനയോടുംകൂടി പ്രവർത്തിക്കുകയാണെങ്കിൽ ഈ ദുർബോധനം ഉണ്ടാകുകയേയില്ല. ആലോചിച്ചു പ്രവർത്തിക്കാത്ത കാരണത്താലാണ് ദുർബോധനമുണ്ടാകുന്നത്. അവർ ബാഹ്യമായ അവസ്ഥ കണ്ട് വേറേയും മുസ്‌ലിംകളുമുണ്ടെന്ന് പറയുന്നു. ഇത്തരം ദുർബോധനംകൊണ്ട് മനുഷ്യൻ പെട്ടെന്ന് നാശമടയുന്നു. പറഞ്ഞു: ബാഹ്യമായി നമ്മുടെ ജമാഅത്തിൽപെട്ടവരെന്ന് തോന്നുന്ന ചിലയാളുകളുടെ കത്തുകൾ ഞാൻ കാണുകയുണ്ടായി. (അവർ ബയ്അത്ത് ചെയ്തിട്ടുണ്ട്). മറ്റു മുസ്‌ലിംകളും ബാഹ്യമായി നമസ്കരിക്കുന്നു, കലിമ ചൊല്ലുന്നു, നോമ്പു പിടിക്കുന്നു, സൽകർമം ചെയ്യുന്നു, സൽപ്രകൃതക്കാരാണെന്ന് തോന്നുന്നു, പിന്നെ ഈ പുതിയ ജമാഅത്തിന്റെ ആവശ്യമെന്താണെന്ന് ചോദിക്കുന്നുവെന്ന് അവർ പറയുന്നു. അവിടന്ന് പറയുന്നു: അവർ നമ്മുടെ ജമാഅത്തിലായിരുന്നിട്ടും അത്തരം ദുർബോധനങ്ങളും ആക്ഷേപങ്ങളും കേട്ട് തങ്ങൾക്ക് അതിന് മറുപടി കൊടുക്കാൻ കഴിഞ്ഞില്ലെന്ന് എഴുതുന്നു. അത്തരം കത്തുകൾ വായിച്ച്, അങ്ങനെയുള്ള ആളുകളെ ഓർത്ത് എനിക്ക് വിഷമവും സഹതാപവും തോന്നുന്നു. അവർ നമ്മുടെ യഥാർഥ ഉദ്ദേശ്യവും ഇച്ഛയും മനസ്സിലാക്കിയില്ല. അവർ നോക്കുന്നത് ആചാരപരമായ നിലയിൽ ഈയാളുകൾ തങ്ങളെപോലെ ഇസ്‌ലാമിക ചിഹ്നങ്ങൾ അനുഷ്ഠിക്കുന്നുവെന്നും, ദൈവകടമകൾ നിറവേറ്റുന്നുവെന്നുമാണ്. വാസ്തവത്തിൽ യാഥാർഥ്യത്തിന്റെ ചൈതന്യം അവരിൽ ഉണ്ടാകുന്നില്ല." (വെറും ബാഹ്യമായ നിലയിൽ ചെയ്യരുത്. മറിച്ച്, യഥാർഥമായനിലയിൽ ആരാധനാകർമങ്ങൾ നിർവഹിക്കേണ്ടതാണ്. മറ്റു നിർബന്ധകടമകളും നിർവഹിക്കപ്പെടേണ്ടതാണ്). അതുകൊണ്ട് ഇക്കാര്യങ്ങളും ദുർബോധനങ്ങളും ഇന്ദ്രജാലംപോലെ പ്രവർത്തിക്കുന്നു." (ദുർബോധനങ്ങൾ ഉണ്ടാകുന്നു. അവർ ചെയ്യുന്ന കാര്യങ്ങളുടെ സ്വാധീനം പിന്നീട് അവരുടെമേൽ ഇന്ദ്രജാലംപോലെ ഫലിക്കുന്നു). മനുഷ്യനെ പാപത്തിന്റെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തുന്ന യഥാർഥ വിശ്വാസം തങ്ങൾ ഉണ്ടാക്കാനാഗ്രഹിക്കുന്നുവെന്ന് അവർ ആ നേരത്ത് ചിന്തിക്കുകയില്ല; അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും പിൻപറ്റുന്നവരിൽ അക്കാര്യമുണ്ടാകുകയില്ല. അവരുടെ ദൃഷ്ടി ബാഹ്യത്തിലാണ്. യാഥാർഥ്യത്തിൽ അവരുടെ ദൃഷ്ടിപതിയുന്നില്ല. അവരുടെ കൈയിലുള്ളത് പുറന്തോടാണ്. അതിൽ കാമ്പില്ല." (മൽഫൂദാത്ത്, വാല്യം 6, പേജ് 237–239, 1985 ലണ്ടൻപതിപ്പ്) ബാഹ്യമായ കർമം മുസ്‌ലിംകൾ ചെയ്യുന്നുണ്ടെന്നതിൽ സംശയമില്ല, പക്ഷേ, അവരിൽ റൂഹില്ല, തഖ്‌വ ഇല്ല)

മുസ്‌ലിംകൾ എന്നു പറയുന്നവരുടെ കർമങ്ങൾ, സൽകർമങ്ങളാണെങ്കിൽ എന്തുകൊണ്ട് അതിന് പരിശുദ്ധഫലമുണ്ടാകുന്നില്ല എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഇക്കൂട്ടർ (അതായത് ചില മുസ്‌ലിംകൾ) തങ്ങളിൽ എന്തുകാര്യമാണ് ഇസ്‌ലാമിനെതിരായിട്ടുള്ളതെന്ന് മനസ്സിലാക്കുന്നില്ല. ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുകയും നമസ്കരിക്കുകയും നോമ്പുപിടിക്കുകയും സക്കാത്ത് നല്കുകയും ചെയ്യുന്നു." (അതായത് തങ്ങൾ എല്ലാ കാര്യങ്ങളും ഇസ്‌ലാമനുസരിച്ചാണ് ചെയ്യുന്നതെന്ന് അനഹ്മദികളായ മുസ്‌ലിംകൾ പറയുന്നു. നിങ്ങളുമായി ചേർന്നുകൊണ്ട് കൂടുതൽ ഇസ്‌ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കേണ്ടതായ ഒരു കാര്യവുമില്ല. കാരണം ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുന്നു. നമസ്കരിക്കുന്നു. നോമ്പുപിടിക്കുന്നു. സക്കാത്ത് കൊടുക്കുന്നു. അവിടന്ന് പറയുന്നു, ഇതൊന്നുമല്ല) പറഞ്ഞു: എന്നാൽ, അവരുടെ എല്ലാ കർമങ്ങളും, സൽക്കർമങ്ങളുടെ നിറമുള്ളതല്ലെന്നാണ് ഞാൻ പറയുന്നത്. മറിച്ച്, ഒരു പുറന്തോടുപോലെയാണ്. അതിൽ കാമ്പില്ല. അഥവാ ഇത് സൽക്കർമമാണെങ്കിൽ എന്തുകൊണ്ട് അവയ്ക്ക് പരിശുദ്ധഫലമുണ്ടാകുന്നില്ല? സൽകർമമുണ്ടാകുന്നത് അത് എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും കലർപ്പുകളിൽനിന്നും പരിശുദ്ധമായിരിക്കുമ്പോഴാണ്. പക്ഷേ, അവരിൽ ഇക്കാര്യമെവിടെയാണുള്ളത്? മുഅ്മിനും മുത്തഖിയുമായ ഒരു മനുഷ്യൻ, സൽകർമങ്ങൾ ചെയ്യുന്നവൻ, സത്യവാന്മാരുടെ ശത്രുവായിരിക്കുമെന്ന് ഒരിക്കലും എനിക്ക് വിശ്വസിക്കാൻ കഴിയുകയില്ല. വാസ്തവത്തിൽ ഇക്കൂട്ടർ അല്ലാഹുവിനെ ഭയപ്പെടാതെ നമ്മെ നിരീശ്വരവാദിയെന്ന് പറയുന്നു. അല്ലാഹു എന്നെ നിയോഗിച്ചയച്ചിരിക്കുന്നുവെന്ന് ഞാൻ സത്യം ചെയ്ത് പറഞ്ഞിട്ടുള്ളതാണ്. അല്ലാഹുവിനെ കുറിച്ച് എന്തെങ്കിലും മഹത്ത്വം അവരുടെ മനസ്സിലുണ്ടായിരുന്നെങ്കിൽ അവർ നിഷേധിക്കുമായിരുന്നില്ല. താൻ അല്ലാഹുവിന്റെ പേരിന് ദോഷമുണ്ടാക്കുന്നവനാകുമോ എന്ന് ഭയപ്പെടുമായിരുന്നു. പക്ഷേ, ഇതുണ്ടാകുന്നത് അവരിൽ യഥാർഥമായ ഈമാൻ അല്ലാഹുവിലുണ്ടാകുമ്പോഴാണ്. രക്ഷാശിക്ഷയുടെ നാളിനെ ഭയപ്പെടുമ്പോഴാണ്. ലാ തഖ്ഫു മാ ലയ്സലക്ക ബിഹീ ഇൽമുൻ (നിനക്ക് അറിവില്ലാത്തതിനെ നീ പിന്തുടരരുത്) എന്നതനുസരിച്ച് അവരുടെ കർമങ്ങൾ ഉണ്ടാകുമ്പോഴാണ്." (മൽഫൂദാത്ത്, 17:37, വാല്യം 1, പേജ് 343, 1985 ലണ്ടൻ പതിപ്പ്)

മസീഹ് മൗഊദിന്റെ ആഗമനോദ്ദേശ്യം ആന്തരികവും ബാഹ്യവുമായ ഫിത്നകളിൽനിന്നും ആക്രമണങ്ങളിൽ നിന്നും ഇസ്‌ലാമിനെ സുരക്ഷിതമാക്കുകയാണ്. നബി(സ) തിരുമേനിയും ഇക്കാര്യത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനി അവസാനകാലത്തെ കുറിച്ച് പറഞ്ഞു. 'അക്കാലത്ത് രണ്ടുതരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകും. ഒന്ന് ആഭ്യന്തരമായിട്ടുള്ളത്. ഒന്ന് ബാഹ്യമായിട്ടുള്ളത്. ആന്തരികമായിട്ടുള്ള കുഴപ്പം മുസ്‌ലീംകൾ സത്യമാർഗത്തിൽ നിലകൊള്ളുകയില്ലെന്നുള്ളതാണ്. അവർ സാത്താനിക കർമത്തിനും കൈകടത്തലിനും വിധേയരായിരിക്കും.(സൽക്കർമങ്ങൾ അവരിലുണ്ടാകുകയില്ല.) ചൂതുകളി, വ്യഭിചാരം, മദ്യപാനം തുടങ്ങി എല്ലാത്തരം കുഴപ്പങ്ങളിലും കലഹങ്ങളിലും അകപ്പെട്ട് അല്ലാഹുവിന്റെ പരിധിയിൽനിന്ന് പുറത്തുപോകുന്നതാണ്. അല്ലാഹുവിന്റെ വിലക്കുകൾ വകവെക്കുന്നില്ല. നോമ്പും നമസ്കാരവും ഉപേക്ഷിക്കുന്നു. വിധിവിലക്കുകളെ അപമാനിക്കുന്നു. ദൈവകല്പനകളെ പരിഹസിക്കുന്നു. (ഇത് ആഭ്യന്തരമായ കുഴപ്പമാണ്, അതായത് മുസ്‌ലിംകളുടെ കർമപരമായ അവസ്ഥ മോശമായിരിക്കുന്നു. ഭൂരിപക്ഷമുസ്‌ലിംകളുടേയും അവസ്ഥ ഇതാണ്. നിങ്ങൾ നോക്കുക, ലോകത്ത് മുസ്‌ലിംകൾ പരസ്പരം എങ്ങനെയാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്). പുറത്തുനിന്നുള്ള കുഴപ്പം നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ കള്ളാരോപണം ഉന്നയിക്കുമെന്നതാണ്. (ഇതും ഇക്കാലത്ത് ധാരാളമായി ഉണ്ടായി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 26 April 2018 Issue-17

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ക്കൊണ്ടിരിക്കുന്നു). എല്ലാ തരത്തിലുള്ള ഹൃദയഭേദകമായ ആക്രമണങ്ങൾകൊണ്ടും ഇസ്‌ലാമിനെ നിന്ദിക്കാനും നശിപ്പിക്കാനും ശ്രമമുണ്ടാകുന്നതാണ്. യേശുവിന്റെ ദൈവത്വം വിശ്വസിപ്പിക്കുന്നതിനും കുരിശിലെ ശപ്തമരണത്തിൽ വിശ്വസിപ്പിക്കുന്നതിനും എല്ലാവിധത്തിലുള്ള തന്ത്രങ്ങളും ഉപായങ്ങളും നടപ്പിൽ കൊണ്ടുവരുന്നതായിരിക്കും. ചുരുക്കത്തിൽ ഈ രണ്ട് ആഭ്യന്തരവും ബാഹ്യവുമായ വൻഫിത്നകൾ ദൂരീകരിക്കുന്നതിന് ഒരാൾ നബി(സ)യുടെ ഉമ്മത്തിൽനിന്ന് നിയോഗിക്കപ്പെടുമെന്ന് ആ മഹാത്മാവിന് സുവിശേഷം കിട്ടി. അദ്ദേഹം ആഭ്യന്തര ഫിത്നയേയും കുരിശുമതത്തിന്റെ യാഥാർഥ്യത്തേയും തകർക്കുന്നയാളായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മസീഹുബ്നു മർയമായിരിക്കും. ആഭ്യന്തരമായ ഭിന്നിപ്പുകളേയു, വഴികേടുകളേയും അകറ്റി സന്മാർഗത്തിന്റെ സത്യമായ വഴിയിൽ നിറുത്തുന്ന കാരണത്താൽ മഹ്ദിയുമായിരിക്കും. ഇതേ സന്തോഷവാർത്തയാണ് വ ആഖരീനമിൻഹും എന്നതിൽ സൂചിപ്പിച്ചിട്ടുള്ളത്. (മൽഫൂദാത്ത്, വാല്യം 1, പേജ് 444–445, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹു മൗഊദ്(അ)നെ വിശ്വസിച്ച നമ്മുടെ അല്ലാഹുവുമായുള്ള ബന്ധത്തിന്റേയും തഖ്‌വയുടെയും നിലവാരം മറ്റു മുസ്‌ലിംകളെക്കാൾ ഉയർന്നതായിരിക്കേണ്ടതാണ്. നമ്മുടെ കർമപരമായ അവസ്ഥ മറ്റുള്ളവരെക്കാൾ മികച്ചതായിരിക്കേണ്ടതാണ്. അവിടന്ന് പൊതുവെ വരച്ചുകാണിച്ചിട്ടുള്ള ചിത്രം നമ്മുടെ ചിത്രം ആകാൻപാടില്ല. നമ്മുടെ കർമപരമായ അവസ്ഥ മറ്റുള്ളവരെക്കാൾ ഉത്തമമായിരിക്കേണ്ടതാണ്. നമ്മുടെ കർമം എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയ്ക്കനുസരിച്ചും നല്ലതുമായിരിക്കേണ്ടതാണ്. ഇക്കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"ബയ്അത്ത് ചെയ്തുകൊണ്ട് ഈ ജമാഅത്ത് സത്യമാണെന്ന് വിശ്വസിച്ചാൽ മാത്രം പോരാ" (സത്യം വിശ്വസിച്ചു. അത്രമതി) ഇത്രമാത്രം വിശ്വസിക്കുന്നതുകൊണ്ട് അവന് ബർക്കത്ത് ഉണ്ടാകുമോ? പറയുന്നു: സൽകർമങ്ങൾ ചെയ്യാത്തിടത്തോളം കേവലം വിശ്വാസംകൊണ്ട് അല്ലാഹു സന്തോഷിക്കുകയില്ല. ഈ ജമാഅത്തിൽ പ്രവേശിച്ച സ്ഥിതിക്ക് നല്ലവരാകാൻ ശ്രമിക്കുക. മുത്തഖിയാകുക. എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുക. ഈ സമയം ദുആകളിൽ കഴിക്കുക. രാവും പകലും താണുകേണ് അപേക്ഷിക്കുക. പരീക്ഷണത്തിന്റെ സമയം വരുമ്പോൾ; അല്ലാഹുവിന്റെ കോപവും ജ്വലിച്ചുയർന്നിട്ടുണ്ടാകും. അത്തരം നേരത്ത് ദുആ ചെയ്യുക, കേണപേക്ഷിക്കുക, ദാനധർമങ്ങൾ കൊടുക്കുക. നാവുകൾ മൃദുലമാക്കി വെക്കുക. ഇസ്തിഗ്ഫാർ മാമൂലാക്കി മാറ്റുക. നമസ്കാരങ്ങളിൽ ദുആകൾ ചെയ്യുക. നിയ്യത്തുകൾ ചെയ്തുകൊണ്ട് ആരും മരിക്കാറില്ല എന്ന ചൊല്ല് പ്രശസ്തമാണ്. കേവല വിശ്വാസം മനുഷ്യന് പ്രയോജനപ്പെടുകയില്ല. മനുഷ്യൻ വിശ്വസിച്ചുകൊണ്ട് പിന്നീടതിനെ പിമ്പുറം തള്ളിക്കളഞ്ഞാൽ അവന് അത് ഫലം ചെയ്യുകയില്ല. പിന്നീട് ബയ്ത്തുകൊണ്ട് പ്രയോജനമൊന്നുമുണ്ടായില്ല എന്നു പരാതിപ്പെടൽ നിരർഥമാണ്. അല്ലാഹു കേവലം പറച്ചിൽകൊണ്ട് തൃപ്തനാകുകയില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സൽകർമം എന്താണ്? വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമവും വെച്ചിരിക്കുന്നു. അണുവോളം കുഴപ്പമില്ലാത്തതിനാണ് സൽകർമമെന്നു പറയുന്നത്. ഓർത്തുകൊള്ളുക! മനുഷ്യന്റെ കർമത്തിൽ എപ്പോഴും കള്ളൻ കിടക്കുന്നുണ്ടാകും. ആ കള്ളനാരാണ്? (കർമങ്ങളിൽ എങ്ങനെയുള്ള കള്ളനാണുള്ളത്?). അതാണ് പ്രദർശനപരത, ഡംഭ്. ഡംഭ് എന്നു പറഞ്ഞാൽ കർമം ചെയ്ത് സ്വയം സന്തോഷിക്കുക. പലതരത്തിലുള്ള ദുഷ്കർമങ്ങളും പാപവും അവനിൽനിന്നുണ്ടാകുന്നതിനാൽ കർമങ്ങൾ നിഷ്ഫലമായിപ്പോകുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സൽകർമം എന്ന് പറയുന്നത് അതിൽ അക്രമം, ഡംഭ്, പ്രദർശനപരത, അഹങ്കാരം, അവകാശധ്വംസനം തുടങ്ങിയവയുടെ വിചാരംപോലും ഉണ്ടാകുകയില്ല. പരലോകത്ത് മനുഷ്യൻ സൽകർമംകൊണ്ട് രക്ഷപ്പെടുന്നതുപോലെ ഇഹലോകത്തും രക്ഷപ്പെടുന്നു. അതായത് പരലോകത്തിലും സൽകർമം കാരണത്താൽ രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകും. നല്ല കർമങ്ങളുണ്ടെങ്കിൽ അല്ലാഹു തൃപ്തിപ്പെടുന്നതായിരിക്കും. സമ്മാനങ്ങൾ നല്കി അനുഗ്രഹിക്കുന്നതായിരിക്കും. ഇപ്രകാരം ഇഹലോകത്തും നല്ല കർമങ്ങളുണ്ടെങ്കിൽ ഭൗതികമായ ധാരാളം പ്രയാസങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. വീടു മുഴുവൻ ഒരാളെങ്കിലും സൽകർമിയായിട്ടുണ്ടെങ്കിൽ മുഴുവൻ വീട്ടുകാരും രക്ഷപ്പെട്ടിരിക്കുന്നതാണ്. നിങ്ങളിൽ സൽക്കർമം ഉണ്ടാകാത്തിടത്തോളം ഫലം ചെയ്യുകയില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. ഒരു വൈദ്യൻ കുറിപ്പടി എഴുതിക്കൊടക്കുന്നു. അതിന്റെ ഉദ്ദേശ്യം എന്തൊന്ന് അതിലെഴുതിയിരിക്കുന്നുവോ അത് വാങ്ങി കഴിക്കുക എന്നാണ്.' (ഉപയോഗിക്കുക). അവൻ ആ മരുന്നുകൾ ഉപയോഗിക്കുന്നില്ലെങ്കിൽ കുറിപ്പടിവാങ്ങി സൂക്ഷിച്ചു വെക്കുകയാണെങ്കിൽ അവനെന്ത് ഫലമുണ്ടാകാനാണ്? ഈ നേരത്ത് നിങ്ങൾ തൗബ ചെയ്തിരിക്കുകയാണ്. ഈ തൗബ കൊണ്ട് നിങ്ങൾ നിങ്ങളെ എത്രമാത്രം ശുദ്ധീകരിച്ചുവെന്ന് ഭാവിയിൽ അല്ലാഹു കാണാനാഗ്രഹിക്കുന്നു. അല്ലാഹു തഖ്‌വ മുഖേന വ്യത്യാസമുണ്ടാക്കികാണിക്കാൻ ആഗ്രഹിക്കുന്ന കാലമാണിത്. അല്ലാഹുവിനെ കുറിച്ച് പരാതിപ്പെടുന്ന ധാരാളമാളുകളുണ്ട്. തങ്ങളുടെ ആത്മാവിനെ അവർ നോക്കുന്നില്ല. സ്വന്തം ആത്മാവിന്റെ അക്രമംതന്നെയാണ് മനുഷ്യനിലുണ്ടാകുന്നത്; അല്ലാഹു കാരുണ്യവാനും ഉദാരനുമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ചിലയാളുകളുണ്ട്. ചിലർക്കാണെങ്കിൽ പാപത്തെകുറിച്ച് അറിവും ഉണ്ടാകുകയില്ല. അവർക്ക് പാപത്തെ കുറിച്ച് അറിയാം. അതുകൊണ്ട് അല്ലാഹു എന്നെക്കുമായി പൊറുക്കലിനെ തേടിക്കൊണ്ടിരിക്കാനുള്ള ഏർപാടുണ്ടാക്കി.(എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്). മനുഷ്യൻ എല്ലാ ഓരോ പാപത്തിനും, അത് പുറമെനിന്നുള്ളതാണെങ്കിലും ഉള്ളിൽനിന്നുള്ളതാണെങ്കിലും അറിഞ്ഞുകൊണ്ടുള്ളതാണെങ്കിലും അറിയാതെ ചെയ്യുന്നതാണെങ്കിലും കൈയും കാലും നാവും മൂക്കും ചെവിയും കണ്ണും കൊണ്ടുള്ളതാണെങ്കിലും എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. (അതായത് പാപമുണ്ടാകുന്ന ഒന്നും ചെയ്യാൻ പാടില്ല.) ശരീരത്തിന്റെ എല്ലാ ഓരോഭാഗവും പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കാൻ ഇസ്തിഗ്ഫാർ ചെയ്യുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇക്കാലത്ത് ആദം (അ)ചെയ്ത ദുആ ചെയ്യേണ്ടതാണ്. അത് ഏതു ദുആയാണ്? *റബ്ബനാ ളലംനാ അൻഫുസനാ വഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ*(7:24) ഈ ദുആ ആദ്യമെതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അശ്രദ്ധരായി ജീവിക്കരുത്. അശ്രദ്ധനായി ജീവിക്കാത്ത മനുഷ്യൻ ശക്തിക്കതീതമായ വിപത്തിൽ അകപ്പെടുമെന്ന് ഒരിക്കലും കരുതാവതല്ല. കല്പന കൂടാതെ ഒരു വിപത്തും വരുന്നില്ല. എനിക്ക് ഈ ദുആ ഇൽഹാമുണ്ടായി. *റബ്ബി കുല്ലുശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർ നീ വർഹംനീ* എല്ലാം അവന്റെ കൈയിലാണുള്ളത്. ഇത് നമ്മുടെ വിശ്വാസമാണ്; കാര്യഹേതുക്കൾ കൊണ്ടുചെയ്താലും, കാര്യഹേതുക്കൾ കൂടാതെ ചെയ്താലും! (മൽഫൂദാത്ത് വാല്യം 4 പേജ് 274–276, 1985 ലണ്ടൻ പതിപ്പ്) അല്ലാഹു എന്തെങ്കിലും മാർഗമുണ്ടാക്കുകയോ ഉണ്ടാക്കാതിരിക്കുകയോ ചെയ്യുന്നു. അവന്റെ കൈയിലാണ് സകലതുമുള്ളത്. അതുകൊണ്ട് ദുആ ചെയ്യേണ്ടതാണ്. ഈ രണ്ടു ദുആയും ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുക.'

നമ്മളിലെ ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളവരാണെങ്കിൽ ആ വിശ്വാസത്തോടും ബയ്അത്തിനോടുമുള്ള കടമ നിറവേറ്റുന്നവരുമാണോ? എന്റെ പരിശോധനയിൽ നമ്മളിൽ ധാരാളമാളുകൾ നമസ്കാരങ്ങളും മുഴുവനും അനുഷ്ഠിക്കാത്തവരാണെന്ന കാര്യം മുന്നിൽ വന്നിട്ടുണ്ട്. നമസ്കാരത്തിലേക്ക് ശ്രദ്ധതന്നെയില്ല. ഇസ്തിഗ്ഫാറിലേക്ക് ചിലർക്ക് ഒട്ടുംതന്നെ ശ്രദ്ധയില്ല. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയില്ല. ഇതാണ് അവസ്ഥയെങ്കിൽ നമ്മൾ സൽകർമകാരികളാണെന്ന് നമുക്കെങ്ങനെയാണ് പറയാൻ കഴിയുക? മറ്റുള്ളവർ നിഷേധിച്ചുകൊണ്ട് പാപികളായിക്കൊണ്ടിരിക്കുന്നു. നമ്മൾ വിശ്വസിച്ചുകൊണ്ട് നമ്മളിൽ മാറ്റമുണ്ടാക്കാതെ, ചെയ്ത പ്രതിജ്ഞ നിറവേറ്റാത്ത കാരണത്താൽ പാപികളായിക്കൊണ്ടിരിക്കുന്നു. അതിനാൽ വളരെ ആശങ്കയോടെ നമ്മളിൽ ഓരോരുത്തരും ആത്മപരിശോധനനടത്തേണ്ട ആവശ്യമാണുള്ളത്. നമ്മൾ കേവലം ആചാരപരമായ നിലയിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടുന്നവർ ആകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പ്രത്യുത മസീഹുമൗഊദിനെ വിശ്വസിച്ചതിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. ഉള്ളിൽനിന്നും പുറമെനിന്നുമുള്ളതായ എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നമ്മെ അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. എല്ലാ വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുത്തുമാറാകട്ടെ.

ഇന്ന് ഒരു സന്തോഷവാർത്തയുമുണ്ട്. ഖാദിയാനിൽനിന്ന് മുമ്പേ ഇറങ്ങിക്കൊണ്ടിരുന്ന അൽഹക്കം പത്രം ഇന്ന് ഇവിടെനിന്ന് ഇംഗ്ലീഷുഭാഷയിൽ വീണ്ടും സമാരംഭം കുറിക്കുകയാണ്. പ്രിന്റായിട്ട് കുറച്ചുഭാഗം മാത്രമേ വരികയുള്ളു. പക്ഷേ, ഇന്റർനെറ്റിൽ പൂർണമായും ലഭ്യമായിരിക്കും. ഖുത്ബ കഴിഞ്ഞുടനെ ഇത് ലഭിക്കുന്നതാണ്; www.alhakam.org വെബ്സൈറ്റിൽ. ഇപ്രകാരംതന്നെ മൊബൈൽ ഫോണിലും ടാബ്ലെറ്റ്സ്(Tablets) തുടങ്ങിയവയിലും മഹവമസമാഎന്ന പേരിൽ ആപ്പും(App)ലഭിക്കുന്നതാണ്. ഇത് ഡൗൺലോഡ് ചെയ്ത് പത്രം സുഗമമായി വായിക്കാവുന്നതാണ്. ഈ App അറിയപ്പെടുന്ന മൊബൈൽ ഫോൺ സിസ്റ്റത്തിൽ ഉദാഹരണത്തിന് ആപ്പിൾ (Apple)ലും ആന്ഡ്രോയിഡ് (Android)ലും ഡൗൺ ലോഡ് ചെയ്യാൻ ജുമുഅയ്ക്കുശേഷം ഉടനെ ലഭ്യമായിരിക്കും. ഇപ്പോഴത്തെ ഈ ലക്കം മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പാണ്. വരുംദിനങ്ങളിൽ എല്ലാ വെള്ളിയാഴ്ചയും പുതിയ പതിപ്പുകൾ ലോഡു ചെയ്യുന്നതായിരിക്കും. പ്രിന്റ് ചെയ്യുന്നത് കുറവയിരിക്കും. എന്തായാലും ഇതിൽനിന്ന് ജനങ്ങൾക്ക് ഫലമെടുക്കാൻ കഴിയുന്നതാണ്. ഇതിന്റെ പുനഃസമാരംഭം എന്നെന്നും നിലനിറുത്തുമാറാകട്ടെ എന്ന് അല്ലാഹുവിനോടു ദുആ ചെയ്യുന്നു. ഇത് ഇംഗ്ലീഷുഭാഷയിലായിരിക്കും. അതുകൊണ്ട് ഇംഗ്ലീഷ് അറിയുന്ന വിഭാഗം ഇതിനെ കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin